# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 9 ലക്കം - 8 കർക്കിടകം - 1191 ആഗസ്റ്റ് 2016






എറണാകുളം കരയോഗം പോളിക്ലിനിക്കിൽ ആരംഭിച്ച പ്രതിമാസ സൗജന്യ പാർക്കിൻസൺസ് ക്ലിനിക്ക് ബഹു. പ്രൊഫ. കെ.വി.തോമസ് എം.പി. ഉദ്ഘാടനം നിർവ്വഹിക്കുന്നു. പി.രാമചന്ദ്രൻ (വേണു), കെ. ജനാർദ്ദനൻ, ഡോ.മാത്യു എബ്രഹാം, ആദിത്യ ദേവ്, സണ്ണി മാത്യു, എം. ബാലചന്ദ്രൻ, ഡോ. എ. പാർവ്വതി, ഡോ. സുരേഷ് കുമാർ, ഡോ. ശ്രീറാം പ്രസാദ് എന്നിവർ സമീപം.



എറണാകുളം കരയോഗം എൽഡർ സിറ്റിസൺ ഫോറത്തിന്റെ 18-ാം വാർഷികാഘോഷത്തിൽ നിന്ന്....



എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ രാമായണമാസാചരണത്തിന്റെ തുടക്കം





കേരള വിമൺസ് കമ്മീഷനും എറണാകുളം കരയോഗവും സംയുക്തമായി സംഘടിപ്പിച്ച അദാലത്ത് ജസ്റ്റിസ് ആർ.ഭാസ്ക്കരൻ ഉദ്ഘാടനം ചെയ്യുന്നു. പി.രാമചന്ദ്രൻ (വേണു), അഡ്വ.എ.ബാലഗോപാലൻ, മുരളീധരൻ ആലപ്പാട്ട്, കേരള വനിതാകമ്മീഷൻ മെമ്പർ ഡോ.ലിസ്സി ജോസ്, ഷെർലറ്റ് പി.മാണി, എന്നിവർ സമീപം.

എഡിറ്റോറിയൽ

# കേരളം എങ്ങോട്ട് ?

കേരളത്തിന്റെ 2016-17 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ധനമന്ത്രി തോമസ് ഐസക് സഭയിൽ അവതരിപ്പിച്ച് പാസ്സാക്കി കഴിഞ്ഞിരിക്കുകയാണല്ലോ? ഈ ബഡ്ജറ്റ് ഒന്ന് സൂക്ഷ്മ മായി വായിച്ചാൽ, വസ്തുനിഷ്ഠമായി അപഗ്രഥിച്ചാൽ ആരും ചോദിച്ചു പോകും കേരളം എങ്ങോട്ട് എന്ന്. കേരളത്തിന്റെ സാമ്പത്തികാവസ്ഥ അനുദിനമെന്നോണം തകർന്നുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തികാധപ തനം അറബി ക്കടലിനേക്കാളും ആഴത്തിലെത്തിയിട്ടും അതിനെക്കുറിച്ച് ചിന്തിക്കാനോ, അതിൽ നിന്നും കര കയറാനോ ഉള്ള യാതൊരു ശ്രമവും ഈ ബഡ്ജറ്റിലില്ല എന്നുള്ളത് ആരെയും അതിശയിപ്പിക്കുന്നതാണ്. കേരളം മാറി മാറി ഭരിക്കുന്ന രണ്ട് മുന്നണികളും കൂടി കേരളജന തയുടെ തലയിൽ കെട്ടി വച്ചിരിക്കുന്നത് ഒരു ലക്ഷത്തി അമ്പതിനായിരം കോടി രൂപയുടെ ബാദ്ധ്യതയാണ്. അതായത് കേരളത്തിലെ ഓരോ പൗരനും 45000 രൂപ വീതം കടബാദ്ധ്യത പേറുന്നവനാണ് എന്ന്. ഇതു പോരാഞ്ഞിട്ട് വീണ്ടും ജനങ്ങളിൽ നിന്നും കടം എടുക്കുവാൻ ഉദ്ദേശിക്കുന്നതായും, പദ്ധതി ചിലവുകൾ അങ്ങനെ ന ടപ്പാക്കാനാണ് ഉദ്ദേശമെന്നും ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നു. കടം വീട്ടാൻ വീണ്ടും കടം വാങ്ങേണ്ട അവസ്ഥയിലാണ് സർക്കാർ. എന്നിട്ടും കാര്യമായ വിധത്തിൽ ചിലവ് ചുരുക്കി സാമ്പത്തീകാവസ്ഥ മെച്ചപ്പെടുത്തുവാനുള്ള നടപടികളല്ല സർക്കാർ കൈക്കൊണ്ടിരി ക്കുന്നത്. ഋണബാദ്ധ്യത ഇത്ര ഏറെ ആയിട്ടും, ചിലരെ പ്രീണിപ്പിക്കുവാനും, മറ്റ് ചിലരെ സന്തോഷിപ്പിക്കുവാനും ഒക്കെയായി ധാരാളം തുക

# ഉള്ളടക്കം

വാല്യം 9 | ലക്കം 8 | ആഗസ്റ്റ് 2016


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം 2016 ആഗസ്റ്റ് മാസ പരിപാടികൾ | 6 |
| വാസ്തു | 7 |
| ബാലലോകം | 8 |
| രാഗപരിചയം (കീരവാണി) | 9 |
| നവരാത്രി സെലിബ്രേഷൻ | 10 |
| ഭാരതത്തിലെ ഋഷികവികൾ | 12 |
| ക്ഷേത്രങ്ങളും ക്ഷേത്രാചാരങ്ങളും | 14 |
| ഔദ്യോഗിക ഭാരവാഹികൾ | 16 |
| സ്മൃതിപഥങ്ങളിൽ | 17 |
| പേരുകൾ | 21 |
| ഒരു പ്രഭാതം (കവിത) | 23 |
| ഗോഡും ഗായത്രിയും | 24 |
| പനി (കവിത) | 29 |
| ചില യാത്രാവിശേഷങ്ങൾ | 30 |
| കണ്ണ് രോഗങ്ങൾ | 35 |
| ആഗസ്റ്റ് 15, 1947 | 36 |
| പാഞ്ചാലിമേട് | 40 |
| ആദ്ധ്യാത്മിക ജീവിതം ആവശ്യമോ ? | 43 |
| വിജയ് ദിവസ് ജൂലൈ 26, 1999 | 48 |
| മാസഫലം | 50 |
| വാർഷികഫലം | 51 |
| രാമജപം (കവിത) | 53 |
| എറണാകുളം കരയോഗം കുടുംബക്ഷേമകേന്ദ്രം | 54 |
| രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രം അഷ്ടമി രോഹിണി മഹോത്സവം | 55 |
| മാട്രിമോണിയൽ | 56-66 |


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്. വോട്ട്ബാങ്ക് ലക്ഷ്യമിട്ടുകൊണ്ട് ചില ജാതികളെയും, മതങ്ങളേയും മുന്നിൽ കണ്ട് അവർക്കു വേണ്ടിയും ബഡ്ജറ്റിൽ തുക മാറ്റിവെച്ചിരിക്കുന്നു. ഇങ്ങനെയുള്ള ചെപ്പടി വിദ്യകളല്ല ഡോ. തോമസ് ഐസിക്കിനെ പോലെയുള്ള ഒരു സാമ്പത്തിക വിദഗ്ദ്ധനിൽ നിന്നും പ്രതീക്ഷിച്ചിരുന്നത്. ആഹാരസാധനങ്ങൾക്കും വസ്ത്രങ്ങൾക്കും ഒക്കെ നികുതി കൂട്ടി, ജനങ്ങളുടെ തലയിൽ അധികഭാരം കെട്ടിവച്ച് സർക്കാർ വരുമാനം വർദ്ധിപ്പിക്കുന്ന അശാസ്ത്രീയമായ രീതിയല്ല ഒരു സാമ്പത്തിക വിദഗ്ദ്ധനിൽ നിന്നും പ്രതീക്ഷിക്കുന്നത്. അത് ആർക്കും ആകും. പ്രത്യേക വൈദഗ്ദ്ധ്യം ഒന്നും ആവശ്യമില്ല. മല എലിയെ പ്രസവിച്ചു എന്നതുപോലെയാണ് ബഡ്ജറ്റിൽ പ്രതീക്ഷ അർപ്പിച്ചിരുന്നവർക്കുണ്ടായ അനുഭവം.

ശ്രീനാരായണ ഗുരുദേവനെ ഉദ്ധരിച്ചു കൊണ്ടാണ് ബഹു:ധനമന്ത്രി തന്റെ പ്രഭാഷണം ആരംഭിച്ചത്. നല്ലത് ഇപ്പോഴെങ്കിലും ഗുരുദേവനെ ഓർത്തത് വളരെ നല്ലത്. എന്തേ ഇത്തരുണത്തിൽ ഇങ്ങനെ ഒരു ഭൂതോദയം ഉണ്ടായത്. 'നാം പ്രത്യേക ജാതിയിലോ, മതത്തിലോ ഉൾപ്പെടുന്നില്ല' എന്ന ഗുരുദേവ വിളംബരത്തെ ഉദ്ധരിച്ചു കൊണ്ട് ജാതിയുടെയും മതത്തിന്റെയും പേരിൽ ചിലരെയൊക്കെ തങ്ങളുടെ പക്ഷത്തെത്തിക്കുവാൻ വേണ്ടി, കടത്തിൽ മുങ്ങിത്താഴുന്ന സംസ്ഥാന ഖജനാവിലെ പണം ഉപയോഗിക്കുവാനുള്ള തിരുമാനവും തികച്ചും അനീതിയും വിരോധാഭാസവുമാണ്.

സമീപകാല കേരള ഭരണ വ്യവസ്ഥ ഒന്ന് പരിശോധിച്ചാൽ ഒന്നു ബോധ്യമാവും. ആനുകൂല്യങ്ങൾ ലഭിക്കുന്ന ഭാഗ്യവാൻമാരായ കുറെ ആളുകൾക്ക് അത് ലഭിച്ചു കൊണ്ടേയിരിക്കും. ഇടക്കിടക്ക് വർദ്ധിപ്പിക്കുകയും ചെയ്യും. അത് സംവരണത്തിന്റെ പേരിലാകാം. മറ്റെന്തെങ്കിലും നിയമത്തിന്റെ പേരിലാകാം. ഇത് അഭംഗുരം തുടർന്നു കൊണ്ടേയിരിക്കും. എന്നാൽ ഇതിലൊന്നിലും പെടാതെ ആറരപതിറ്റാണ്ടായി മാറ്റിനിർത്തപ്പെട്ടിരിക്കുന്ന കുറെ ഹതഭാഗ്യരും ഇവിടെ ജീവിച്ചിരിപ്പുണ്ട്. വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ നിന്നെല്ലാം പിന്തള്ളപ്പെട്ടവർ, കഴിവിന്റെ അടിസ്ഥാനത്തിലല്ല ജാതിയുടെ അടിസ്ഥാനത്തിൽ, മതത്തിന്റെ അടിസ്ഥാനത്തിൽ . ഇനി എത്രകാലം തുടരും ഈ അനീതി. എത്ര കാലം അനുഭവിക്കണം ഈ ദുസ്ഥിതി, എന്നെങ്കിലും ഇതിനൊരു പരിഹാരം ഉണ്ടാകുമോ? ഉണ്ടാകും, തങ്ങളെ അധഃപതനത്തിന്റെ ചെളിക്കുണ്ടിലേയ്ക്ക് തള്ളിയിടുന്ന കക്ഷിരാഷ്ട്രീയ അടിമത്വ ഭാണ്ഡം ഉപേക്ഷിച്ചാൽ, സ്വന്തം സ്വത്വം തിരിച്ചറിഞ്ഞാൽ വോട്ട് ചെയ്യാനും നികുതി അടയ്ക്കാനും മാത്രം വിധിക്കപ്പെട്ടവരല്ല തങ്ങളെന്ന് ഉത്ഘോഷിക്കാൻ തയ്യാറായാൽ സ്വന്തം സമുദായത്തോടും സമൂഹത്തോടുമുള്ള തന്റെ കടമ തിരിച്ചറിഞ്ഞ് അതിനുവേണ്ടി രംഗത്തിറങ്ങാൻ തയ്യാറായാൽ, മാറ്റങ്ങൾ ഉണ്ടാകും. ഇന്ന് പുറം തിരിഞ്ഞ് നില്ക്കുന്നവർ നമ്മുടെ അടുത്തേയ്ക്ക് വരും, നാം ഒന്നിച്ചാൽ, ഒന്നായി നിന്ന് അവകാശങ്ങൾക്കു വേണ്ടി പോരാടിയാൽ●

## എറണാകുളം കരയോഗം ഓണം ഫെയർ 2016
## ആഗസ്റ്റ് മാസം 27 മുതൽ സെപ്റ്റംബർ 13 വരെ



**എറണാകുളം കരയോഗം ജീവകാരുണ്യപ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം ഓണത്തോടനുബന്ധിച്ച് ടി. ഡി.എം. ഹാളിൽ 2016 ആഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 13 വരെ ഓണം ഫെയർ നടത്തുന്നതാണ്. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, അച്ചാറുകൾ, പാലട എന്നിവ മിതമായ നിരക്കിൽ ഓണം ഫെയർ കൗണ്ടറിൽ നിന്നും രാവിലെ 10 മുതൽ വൈകുന്നേരം 7 മണിവരെ ലഭിക്കുന്നതാണ്.**

**തിരുവോണ ദിവസത്തേക്കുള്ള ഓണസദ്യ, പാലട, പരിപ്പ് പായസം എന്നിവ ലിറ്ററിന് 190 രൂപയ്ക്കും ഓണകിറ്റ് 750 രൂപ നിരക്കിലും ലഭിക്കുന്നതാണ് ഇവയ്ക്കുള്ള ബുക്കിംഗ് സെപ്റ്റംബർ 9-ാം തീയതി മുതൽ 11-ാം തിയതി വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ .**

**എന്ന്**
**ജനറൽ സെക്രട്ടറി**

# ജനറൽ സെക്രട്ടറിയുടെ പംക്തി

ഓണാഘോഷത്തോടനുബന്ധിച്ച് മുൻവർഷങ്ങളിൽ നടത്തിവരാറുള്ള ഓണംഫെയർ ആഗസ്റ്റ് 27-ാം തീയതി മുതൽ സെപ്റ്റംബർ 13ാം തീയതി വരെ വിപുലമായ രീതിയിൽ ടിഡിഎംകൃഷ്ണ ഹാളിൽ വച്ച് നടത്തുന്നതായിരിക്കും. എറണാകുളം കരയോഗത്തിൻെറ ജീവകാരുണ്യ സ്ഥിരംഫണ്ടിൻെറ ധനശേഖരണാർത്ഥം നടത്തുന്ന ഓണവിപണനമേളയിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

2016ലെ നവരാത്രി ആഘോഷ പരിപാടികളുടെ ഭാഗമായി കലാസാഹിത്യ നൃത്ത സംഗീത പുരാണ വിഭാഗങ്ങളിലായി സബ്ജൂനിയർ,ജൂനിയർ,സീനിയർ വിഭാഗങ്ങളിലായി വിവിധ മത്സരങ്ങൾ ആഗസ്റ്റ് 14 ാം തീയതി രാവിലെ 10 മണിക്ക് ടിഡിഎം ഹാളിൽ ആരംഭിക്കും.

എട്ട് ദിവസങ്ങളിലായി 76 ഇനങ്ങളിലായി അനേകം കുട്ടികൾ പങ്കെടുക്കുന്ന ഈ മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനദാനം ഒക്ടോബർ 2 മുതൽ ആരംഭിക്കുന്ന നവരാത്രി ആഘോഷങ്ങളുടെ സമാപനദിവസമായ 11 ാം തീയതി 5 മണിക്ക് ടിഡിഎം ഹാളിൽ വച്ച് വിതരണം ചെയ്യും. എല്ലാവരും തങ്ങളുടെ കുട്ടികളെയും സുഹൃത്തുക്കളുടെ കുട്ടികളെയും ഇത്തരം അദ്ധ്യാത്മിക പുരാണ സാഹിത്യ മത്സരങ്ങളിൽ പങ്കെടുപ്പിക്കണമെന്നും അതുവഴി ഭാരതീയ സംസ്ക്കാരവും ഇതിഹാസ പുരാണങ്ങളിലുള്ള അറിവും വരും തലമുറയ്ക്ക് പകർന്നുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ വാർഷികപൊതുയോഗത്തിൻെറ തീരുമാനങ്ങൾക്ക് വിധേയമായി എറണാകുളം കരയോഗത്തിൻെറ പൊതുപരിപാടികളുടെ ഭാഗമായുള്ള വിവിധ പദ്ധതികളും സാമൂഹ്യജീവകാരുണ്യ പ്രവർത്തനങ്ങളുടെയും ഒപ്പം ദൈനംദിന പ്രവർത്തനങ്ങളുടെയും നടത്തിപ്പിനുമായി 24 ഉപസമിതികൾ ഭരണസമിതി രൂപീകരി ച്ചിട്ടുണ്ട്. ഇതിൻെറ പ്രവർത്തനം ലക്ഷ്യമിടുന്നത് എറണാകുളം കരയോഗത്തിൻെറ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമവും കൃത്യതയും സുതാര്യതയും നിലനിർത്തുവാനും അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതുമാണ്. ഉപസമിതികളുടെ പ്രാഥമിക യോഗങ്ങൾ പൂർത്തീകരിക്കുകയും അവരുടെയും കൂടി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിച്ച് ഭരണസമിതി കർമ്മപരിപാടികൾ ആസൂത്രണം ചെയ്തുവരികയാണ്. ഒരിക്കൽകൂടി കഴിഞ്ഞ വാർഷികപൊതുയോഗത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ എറണാകുളം കരയോഗത്തിൻെറ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും നമ്മുടെ സഹോദരങ്ങൾക്കും സമുദായാംഗങ്ങൾക്കും അതിലുപരി സമൂഹത്തിലെ അവശരും, അവഗണിക്ക പ്പെടുന്നവർക്കും കൂടി പ്രയോജനപ്പെടുന്ന പരിപാടികളും പദ്ധതികളും നടപ്പിലാക്കുന്നതിന് ഓരോ അംഗങ്ങളുടെയും സഹകരണവും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു. അത്തരം ക്രിയാത്മകമായ വിമർശനങ്ങളും നിർദ്ദേശങ്ങളും എറണാകുളം കരയോഗത്തെ നേരിട്ട് അറിയിക്കുവാനുള്ള ഓരോ അവസരവും ഉപയോഗപ്പെടുത്തണമെന്നും, നിങ്ങളുടെ എല്ലാം അഭിപ്രായത്തിൽ നിന്നും നിർദ്ദേശത്തിൽ നിന്നും കൂടുതൽ കാര്യക്ഷമമായി കരയോഗത്തിൻെറ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നു തന്നെയാണ് ഭരണസമിതി വിശ്വസിക്കുന്നത്. എല്ലാ അംഗങ്ങളേയും അതിലേക്ക് സ്വാഗതം ചെയ്യുന്നു.

കഴിഞ്ഞ പൊതുയോഗത്തിൻെറ തീരുമാനത്തിനനുസൃതമായി എറണാകുളം കരയോഗത്തിലെ അംഗങ്ങളുടെ കുടുംബാംഗങ്ങൾക്കുള്ള പ്രത്യേക അംഗത്വ വിതരണ പ്രവർത്തനം (മെമ്പർഷിപ്പ് ക്യാംപയിൻ) ആഗസ്റ്റ് 15ന് സമാപിക്കുകയാണ്. ആഗസ്റ്റ് 15 വരെ മാത്രമേ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ എന്ന് കരയോഗാംഗങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

എറണാകുളം കരയോഗവും കേരള വിമൻസ് കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച അദാലത്തിൽ 59 കേസുകൾ തീർപ്പുകൽപ്പിച്ചു. കരയോഗം നിയമോപദേശക സമിതി ചെയർമാൻ ജസ്റ്റിസ് ആർ.ഭാസ്ക്കരൻ ഉദ്ഘാടനം നിർവ്വഹിച്ചു. അടുത്ത അദാലത്ത് ആഗസ്റ്റ് 30 ന് രാവിലെ 10 മണിക്ക് ടിഡിഎം ഹാളിൽ നടക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളിക്ലബ്ബിൻെറ പ്രതിമാസപരിപാടിയിൽ ലവണാസുരവധം കഥകളി ആഗസ്റ്റ് 23ന് വൈകുന്നേരം 6.15ന് ടി.ഡി.എം.ഹാളിൽ അവതരിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗവും ബീമും

സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയായി ആഗസ്റ്റ് 26ന് വൈകുന്നേരം 6.30 ന് ടിഡിഎം ഹാൾ ഗംഗയിൽ ശ്രീമതി. ശ്രീരഞ്ജിനി സന്താന ഗോപാലൻെറ സംഗീതകച്ചേരി ഉണ്ടായിരിക്കും. 91-ാം വാർഷിക പൊതുയോഗത്തിൽ ചർച്ച ചെയ്ത് അംഗികരിച്ച നിയമാവലി ഭേദഗതി ഉൾപ്പെടുത്തിയ 'യോഗമെമ്മോറാണ്ടവും നിയമാവലിയും' അച്ചടിച്ച് തയ്യാറാക്കിയിട്ടുണ്ട്.

കരയോഗത്തിൻെറ പ്രവർത്തനങ്ങളിൽ തുടർന്നും എല്ലാ അംഗങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 2016 ആഗസ്റ്റ് മാസ പരിപാടികൾ

| | | | |
|---|---|---|---|
| 3.08.2016 | ബുധൻ | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |
| 4.08.2016 | വ്യാഴം | 3.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 6.08.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 7.08.2016 | ഞായർ | 6.30 a.m. | സമ്പൂർണ്ണ രാമായണപാരായണം |
| 10.08.2016 | ബുധൻ | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |
| 11.08.2016 | വ്യാഴം | 3.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 13.08.2016 | ശനി | 9.45 a.m. | എറണാകുളം കരയോഗം ജീവകാരുണ്യ സ്ഥിരംഫണ്ട് വിതരണോദ്ഘാടനം |
| 13.08.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 14.08.2016 | ഞായർ | 9.30 a.m. | എറണാകുളം കരയോഗം നവരാത്രി ആഘോഷ മത്സരങ്ങൾ ആരംഭം |
| 15.08.2016 | തിങ്കൾ | 8.00 a.m. | സ്വാതന്ത്ര്യദിനാഘോഷം |
| 15.08.2016 | തിങ്കൾ | 9.30 a.m. | നവരാത്രി ആഘോഷ മത്സരങ്ങൾ |
| 17.08.2016 | ബുധൻ | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |
| 18.08.2016 | വ്യാഴം | 3.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 20.08.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 21.08.2016 | ഞായർ | 9.30 a.m. | നവരാത്രി ആഘോഷ മത്സരങ്ങൾ |
| 23.08.2016 | ചൊവ്വ | 6.30 p.m. | കഥകളി |
| 24.08.2016 | ബുധൻ | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |
| 25.08.2016 | വ്യാഴം | 3.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 26.08.2016 | വെള്ളി | 6.30 p.m. | ബീം സംഘടിപ്പിക്കുന്ന സംഗീതകച്ചേരി ശ്രീരഞ്ജിനി സന്താനഗോപാലൻ |
| 27.08.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് |
| 27.08.2016 | ശനി | 4.00 p.m. | കരയോഗം ഓണം ഫെയർ ആരംഭം |
| 28.08.2016 | ഞായർ | 9.00 a.m. | നവരാത്രി ആഘോഷ മത്സരങ്ങൾ |
| 28.08.2016 | ഞായർ | 10.00 a.m. | കരയോഗം ഓണം ഫെയർ |
| 29.08.2016 | തിങ്കൾ | 10.00 a.m. | കരയോഗം ഓണം ഫെയർ |
| 30.08.2016 | ചൊവ്വ | 10.00 a.m. | കരയോഗം ഓണം ഫെയർ |
| 30.08.2016 | ചൊവ്വ | 10.00 a.m. | കേരള വിമൺസ് കമ്മീഷൻ- അദാലത്ത് |
| 31.08.2016 | ബുധൻ | 10.00 a.m. | കരയോഗം ഓണം ഫെയർ |
| 31.08.2016 | ബുധൻ | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |

**എറണാകുളം കരയോഗത്തിലെ നവരാത്രി മഹോത്സവത്തോടനുബന്ധിച്ച് നടത്തുന്ന വിവിധ കലാമത്സരങ്ങളിൽ വിജയികളാകുന്നവർക്ക് സമ്മാനങ്ങൾ സ്പോൺസർ ചെയ്യുവാൻ താല്പര്യമുള്ളവർ ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടുക.**

വാസ്തു

# അടുത്ത കാലത്ത് ഉള്ളതായ ചില സംശയങ്ങൾ



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദഗ്ദ്ധൻ

ഇന്നലെ എറണാകുളത്ത് ഒരു അപ്പാർട്ടുമെന്റ് പരിശോധിക്കേണ്ടതായി വന്നു. കഴിഞ്ഞ മൂന്നു മാസമായി നിരന്തരമായി വിളിച്ചിട്ടാണ് പോയത്. അവിടുത്തെ പ്രധാന പ്രശ്നം ആ അപ്പാർട്ടുമെന്റിന്റെ പ്രധാന വാതിൽ കിഴക്കു വടക്കെ മൂലയിലാണ്. അവരുടെ നേരെ എതിർവശത്തെ ഫ്ളാറ്റിന്റെ വാതിൽ ഇവരുടെ പ്രധാന വാതിലിന്റെ നേരെയാണ്. പ്രധാന വാതിലിനു നേരെ മറ്റൊരു വീടിന്റെ വാതിൽ വരുന്നത് വളരെ മോശമാണ് എന്ന് ആരോ പറഞ്ഞതനുസരിച്ച് ആ വിചാരം കാരണം ആ വീട്ടിലുണ്ടാകുന്ന ചെറിയ പ്രശ്നം പോലും ഇതു കാരണമാണെന്ന് അവർ വിശ്വസിക്കുന്നു.

1. എന്റെ വീട് പടിഞ്ഞാറു മുഖമായാണ് ഇരിക്കുന്നത്. ഇവിടെ വീടു പണിയുവാൻ പറ്റിയതല്ല എന്ന് ചിലർ പറയുന്നു. ഇതിൽ വാസ്തവം ഉണ്ടോ?

വീട് പടിഞ്ഞാറു മുഖമായതിനാൽ കുഴപ്പമില്ല. വാസ്തു തത്വങ്ങൾ അനുസരിച്ചു വീടു പണിയുക.

2. വീട്ടാവശ്യത്തിനുള്ള ഭൂഗർഭ വാട്ടർ ടാങ്ക് പണിയുന്ന ദിക്കനുസരിച്ച് രൂപത്തിൽ മാറ്റം വരുത്തണോ? കൂടാതെ ചതുരാകൃതിയാണോ, വൃത്താകൃതിയാണോ നല്ലത് ?

ഭൂഗർഭ വാട്ടർടാങ്ക് വടക്കു കിഴക്കു ഭാഗങ്ങളിൽ ഏതു രൂപത്തിലും പണിയാം. ഇതിന്റെ രൂപവുമായി ബന്ധപ്പെട്ടു വാസ്തുവിൽ പ്രത്യേക നിർദ്ദേശമില്ല.

3. എന്റെ സ്നേഹിതയുടെ വീട്ടിൽ ബെഡ്റൂമിന്റെ ടോയിലറ്റിന്റെ ചുമരും, പൂജാമുറിയുടെ ചുമരും ഒന്നാണ്. പൂജാമുറിയുടെ വാതിൽ കിഴക്കോട്ടും പ്രധാന വാതിലിന് നേരെയുമാണ്. ഇതിൽ എന്തെങ്കിലും അപാകതയുണ്ടോ?

പൂജാമുറിയുടെ അടുത്ത്, ടോയ്ലറ്റ് വന്നതുകൊണ്ട് ഒരു കുഴപ്പവുമില്ല. പൂജാമുറിയുടെ വാതിൽ കിഴക്കോട്ടും അതിനു നേരെ പ്രധാന വാതിൽ ഉള്ളതുകൊണ്ടും ദൈവങ്ങൾക്ക് ഉദയം കാണാൻ സാധിക്കും. അതിനാൽ വാസ്തുപരമായ കുഴപ്പങ്ങളില്ല.

4. എന്റെ വീടിന്റെ തെക്കു ഭാഗത്ത് നടുവിലാണ് ഗേറ്റ്. വീടിന്റെ മുഖം തെക്കോട്ടും. ഗേറ്റിന്റെ സ്ഥാനം ശരിയല്ലെന്ന് ചിലർ പറയുന്നു. എന്താണ് കുഴപ്പം?

തെക്കോട്ട് മുഖമുള്ള വീടിന്റെ ഗേറ്റ് വീടിന്റെ മദ്ധ്യത്തിൽ നിന്ന് കിഴക്കോട്ട് മാറ്റിയാൽ മതി●

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേർ രജിസ്റ്റർ ചെയ്തിരിക്കണം.

## നായർ സ്ത്രീസമാജം (2016 ആഗസ്റ്റ് മാസ പരിപാടികൾ)

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 16.8.2016 | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 p.m. |

ഓണഘോഷത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തപ്പെടുന്നു.
വിശദവിവരങ്ങൾക്ക് ആഗസ്റ്റ് 9-ാം തീയതിക്കുശേഷം സമാജവുമായി ബന്ധപ്പെടുക.



# ബാലലോകം

ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

എല്ലാവരും നന്നായി പഠിക്കുകയും ധാരാളം വായിക്കുകയും, കളിക്കുകയും ചെയ്യുന്നുണ്ടാവുമല്ലോ? മഴക്കാലവും ഏറെക്കുറെ ആസ്വദിച്ചില്ലേ ?

ഇനി നമുക്ക് ഓണക്കാലത്തിനായി കാത്തിരിക്കാം. ചിങ്ങമാസത്തിനു മുമ്പായി വരുന്ന കർക്കിടക മാസവും വിശേഷമാണ് കേട്ടോ. കള്ളകർക്കിടകം, പഞ്ഞമാസം, രാമായണമാസം എന്നൊക്കെ കർക്കിടകത്തെ നാം വിശേഷിപ്പിക്കാറുണ്ട്. കൂട്ടുകാർ പഞ്ഞമൊന്നും അറിയുന്നുണ്ടാവില്ല അല്ലെ? അച്ഛനമ്മമാർ ഇഷ്ടമുള്ളതെല്ലാം എല്ലാ കാലത്തും കൂട്ടുകാർക്ക് വാങ്ങിത്തരുന്നുണ്ടാവുമല്ലോ? അതുകൊണ്ട് കർക്കിടക മാസത്തെ നമുക്ക് രാമായണ മാസം എന്നു വിളിക്കാം.

കൂട്ടുകാരുടെ അച്ഛനമ്മമാർ ഇക്കാലത്ത് രാമായണം വായിക്കുകയും ക്ഷേത്രദർശനം നടത്തുകയും ചെയ്യാറുണ്ടാവുമല്ലോ? നല്ല ശ്രദ്ധയോടെ അല്പനേരം കേൾക്കുകയോ അവരോടൊപ്പം വായിക്കുകയോ ചെയ്യണേ. എഴുത്തച്ഛന്റെ ഈ കൃതി പദങ്ങളുടെ കലവറയാണ്. നേരത്തെ മുതൽ വായിച്ചു തുടങ്ങിയാൽ കുറെ കാര്യങ്ങൾ നിങ്ങൾക്കു സ്വായത്തമാക്കാം. ഭക്തി രസം തുളുമ്പി നില്ക്കുന്ന ഈ കാവ്യം കൂട്ടുകാർക്കേറെ ഇഷ്ടമാവും. ഇതു വായിച്ചു പഠിച്ചാൽ മാതൃഭാഷയുമായുള്ള കൂട്ടുകാരുടെ അടുപ്പം കൂടും. ഇംഗ്ലീഷ് ഭാഷ നന്നായി പഠിച്ചോളൂ. പക്ഷെ, നമ്മുടെ ഭാഷയ്ക്ക് ഇത്തരം കൃതികൾ നൽകിയ സംഭാവന മഹത്തരമാണെന്നോർക്കണം കേട്ടോ. ഇന്നു നാം കാണുന്ന പല ഭാഷാകവികളും ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ ചെറുപ്പം മുതൽ വായിച്ചു പഠിച്ചവരായിരിക്കും. നാളത്തെ നല്ല പൗരൻമാരായ കൂട്ടുകാർക്കും ഇതാവാമല്ലോ അല്ലെ?

അടുത്ത കാലത്ത് ജൻമശതാബ്ദി ആഘോഷിച്ച ശ്രീ. എൻ.വി. കൃഷ്ണവാരിയർ എന്ന ബഹുമുഖ പ്രതിഭയെ കൂട്ടുകാർക്കു പരിചയപ്പെടുത്താം. സംസ്കൃതത്തിൽ അഗാധമായ അറിവുനേടിയ ഇദ്ദേഹം കവിതകൾ, നാടകങ്ങൾ, ആട്ടക്കഥകൾ, പഠനങ്ങൾ, പ്രബന്ധങ്ങൾ, യാത്രാവിവരണങ്ങൾ എന്നിവയെല്ലാം മനോഹരമായ രീതിയിൽ എഴുതിയ കവിയാണ്. മാതൃ ഭാഷയുടെ ഉന്നമനത്തിനായി ഏറെ ശ്രമിച്ച ഇദ്ദേഹം ഭാഷാപണ്ഡിതൻ, സാഹിത്യ ചരിത്ര ഗവേഷകൻ, സാഹിത്യ നിരൂപകൻ പ്രശസ്തനായ പത്രാധിപർ എന്നീ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. കൂടാതെ മാതൃഭൂമി വാരികയുടെ പത്രാധിപരായും , സ്വാതന്ത്ര്യ സമരസേനാനിയായും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായും സേവന മനുഷ്ഠിച്ചിട്ടുണ്ട്. പരിസ്ഥിതിയുടെ സംരക്ഷണത്തിനും അദ്ദേഹം നല്ല പങ്കു വഹിച്ചിട്ടുണ്ട്.

താഴെക്കൊടുത്ത പുസ്തകങ്ങൾ എന്ന കവിത ഇദ്ദേഹത്തിന്റേതാണ്. വായിച്ചു സ്വായത്തമാക്കൂ.

പുസ്തകങ്ങളിൽ എന്തൊക്കെയുണ്ട്
പുസ്തകങ്ങളിൽ വിസ്മയമുണ്ട്
പുസ്തകങ്ങളിൽ ആനന്ദമുണ്ട്
പുസ്തകങ്ങളിൽ വിജ്ഞാനമുണ്ട്
പുസ്തകങ്ങളിൽ എന്തൊക്കെയുണ്ട്
പുസ്തകങ്ങളിൽ വിസ്മയമുണ്ട്
നമ്മളെപ്പോലൊരിത്തിരി മണ്ണിൽ
ബന്ധനം വിട്ടകന്നതാം കാര്യം
വെന്തെരിയുന്ന റോക്കറ്റിലേറി
ചന്ദ്രനിൽ ചെന്നിറങ്ങിയ കാര്യം
ചാടിയോടിക്കളിച്ചു കൂത്താടി
ചന്ദ്രപ്പാറ പെറുക്കിയ കാര്യം
വാഹനമേറി വീണ്ടുമിങ്ങെത്തി
വാരിധിയിലിറങ്ങിയ കാര്യം
ദൂരദർശനപ്പെട്ടിയിൽ നാട്ടാർ
ധീരതയിതു കണ്ടതാം കാര്യം
പുസ്തകങ്ങളിൽ ഇമ്മട്ടിലെത്ര
വിസ്മയങ്ങൾ നിറഞ്ഞിരിക്കുന്നു●

**വക്രത്വമാണ്ടും, സുഗുണം വെടിഞ്ഞും**
**തക്കത്തിൽ നാനാവിധവർണ്ണമാർന്നും**
**പാർക്കിൽ തുലോമികലികാലമർത്യ-**
**ൻമാർക്കൊത്തു കാണായ്**
**മഴവില്ലു വാനിൽ**
**(ഉമാകേരളം )**

രാഗപരിചയം

# കീരവാണി



ഡോ. ജയലക്ഷ്മി നന്ദകുമാർ

കർണ്ണാടക സംഗീതത്തിൽ നിന്നും ഹിന്ദുസ്ഥാനി സംഗീതത്തിലേക്കു സ്വീകരിക്കപ്പെട്ട ഒരു രാഗമാണ് കീരവാണി. 21 -ാമത്തെ മേളകർത്താ രാഗമായ കീരവാണിയുടെ ശാസ്ത്രീയ നാമം വേദ ഗോ എന്നാകുന്നു. 72 മേളകർത്താ പട്ടികയിൽ നാലാമത്തെ വേദ ചക്രത്തിൽ മൂന്നാമത്തെ രാഗമാണ് കീരവാണി. ഹിന്ദുസ്ഥാനി സംഗീതത്തിൽ ഈ രാഗം 'കീർവാണി' എന്നറിയപ്പെടുന്നു.

ആരോഹണം : സ രി ഗ മ പ ധ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു: ശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധ ധൈവതം, കാകളി നിഷാദം.

ഏതു സമയത്തും ആലപിക്കാവുന്ന സർവ്വകാലിക രാഗമാണിത്. അതിവിശിഷ്ടമായ രാഗമായതുകൊണ്ടും, അഗാധമായ ശാന്തി പ്രദാനം ചെയ്യുന്നതുകൊണ്ടും ധ്യാനിക്കുവാൻ യോജിച്ച രാഗമാണിത്. ഭക്തിഭാവമാണ് ഈ രാഗത്തിൽ നിന്നും ഉളവാകുന്നത്. ശുദ്ധമദ്ധ്യമത്തിന്റെ സ്ഥാനത്തു പ്രതിമദ്ധ്യമം ആലപിച്ചാൽ 57-ാമത്തെ മേളകർത്താ രാഗമായ സിംഹേന്ദ്രമദ്ധ്യമം ലഭിക്കുന്നതാണ്. അനേകം ജന്യരാഗങ്ങൾ കീരവാണി രാഗത്തിനുണ്ട്. അതിൽ ഏറേ പ്രശസ്തമായത് കല്ല്യാണവസന്തം എന്ന രാഗമാണ്. സാമപ്രിയ, വസന്ത മനോഹരി തുടങ്ങിയ അപൂർവ്വ രാഗങ്ങളും ഉണ്ട്. ഭാരതീയ ചലച്ചിത്ര സംഗീത സംവിധായകരിൽ കീരവാണി രാഗം ഏറ്റവുമധികം ഉപയോഗിച്ചത് ഇശൈജ്ഞാനി ഇളയരാജ ആണ്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | കലിഗിയുണ്ടേ | ആദി | ത്യാഗരാജസ്വാമി |
| 2. | നിജമുഗരാമാ | ആദി | പൂച്ചി ശ്രിനിവാസ അയ്യങ്കാർ |
| 3. | ഭാവയേ സാരസനാഭം | ആദി | സ്വാതി തിരുനാൾ |
| 4. | ദേവീ നീയെ തുണൈ | ആദി | പാപനാശം ശിവൻ |
| 5. | അംബ വാണി നന്നു | ആദി | മുത്തയ്യാ ഭാഗവതർ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | പൂവായ് വിരിഞ്ഞു | അഥർവ്വം |
| 2. | മറക്കുടയാൽ മുഖം മറയ്ക്കും | മനസ്സിനക്കരെ |
| 3. | നിന്റെ മിഴിയിൽ നീലോൽപലം | അരക്കള്ളൻ മുക്കാൽ കള്ളൻ |
| 4. | തൃപ്പങ്ങോട്ടപ്പാ | തുമ്പോലാർച്ച |
| 5. | ഓ പ്രിയേ പ്രിയേ | ഗീതാഞ്ജലി |
| 6. | എൻ പൂവേ | പപ്പയുടെ സ്വന്തം അപ്പൂസ് |
| 7. | താമരക്കുരുവിക്കു | അച്ചുവിന്റെ അമ്മ |
| 8. | കല്ല്യാണപ്പല്ലക്കിൽ | കളിയൂഞ്ഞാൽ |
| 9. | കാറ്റിൽ എന്തെൻ ഗീതം | ജോണി |
| 10. | പാടി പറന്ത കിളി | കിഴക്കുവാസൽ |
| 11. | ഉനൈ നിനൈച്ചേൻ പാട്ടു പഠിച്ചേൻ | അപൂർവ്വ സഹോദരങ്ങൾ |
| 12. | ചിന്ന ചിന്ന വർണ്ണക്കുയിൽ | മൗനരാഗം |
| 13. | മലൈയോരം വീശും കാറ്റ് | പാട് നിലാവേ |
| 14. | മേരാ ദിൽ യേ പുകാരേ | നാഗിൻ |
| 15. | ഗീത് ഗാതാ ഹും മേ | ലാൽ പത്ഥർ |
| 16. | ബീതിബാതേ | (ഗസൽ ഹരിഹരൻ) |
| 17. | ബേസബബ് ബാത് | (ഗസൽ ജഗ്ജിത് സിങ്ങ്) • |

# ERNAKULAM KARAYOGAM


D.H.ROAD,TDM HALL COMPLEX, COCHIN 682016
PH.2361160(30 Lines) Extn : 35/38

## NAVARATHRI CELEBRATIONS 2016
## COMPETITIONS


| DATE | TIME | ITEM | SECTION |
|---|---|---|---|
| 14/08/2016 (Sunday) | 9.30 a.m. | Lalitha sahasranamam | Sub Juniors |
| | | Vishnu Sahasranamam | '' |
| | | Bhagavath Geetha, Narayaneeyam | '' |
| | | Harinamakeerthanam | '' |
| | | Ramayanam, Jnanappana | '' |
| | | Pathinaluvritham, Krishnagatha | '' |
| | 1P.m. | Lalitha Sahasranamam | Juniors |
| | | Vishnu Sahasranamam | '' |
| | | Bhagavath Geetha, Narayaneeyam | '' |
| | | Njanappana, Ramayanam | '' |
| | | Harinama Keerthanam, Pathinalu vritham, Krishnagatha | '' |
| 15/08/2016 (Monday) | 9.30am | Lalitha Sahasranamam | Seniors |
| | | Vishnu Sahasranamam | '' |
| | | Devimahatmyam, Bhagavath Geetha | '' |
| | | Narayaneeyam, Bharatham | '' |
| | | Ramayanam,Pathinaluvritham | |
| | | Harinama Keerthanam, Krishnagatha | '' |
| | 3.00 P.m. | Veena, Violin, Mridangam | Combined |
| | | Ottamthullal, Kathakali, Cholliyattom | Combined |
| | | Kathakalipadam | '' |
| | | Sopanasangeetham (Ashtapathi) | '' |
| 21/08/2016 (Sunday) | 9.30 a.m. | Bhajana (Single) | Sub Juniors |
| | | Bhajana (Single & Group) | Juniors |
| | | Bhajana (Single & Group) | Seniors |
| | | Patriotic Song | Combined |
| | 2.00 p.m. | Extempore Speech (English & Malayalam) | Juniors& Seniors |
| | 3.00 p.m. | Light Music | Sub Juniors & Juniors |
| | | Light Music | Seniors |
| 28/08/2016 (Sunday) | 9.00 a.m. | Carnatic Music | Sub Juniors, Juniors |
| | 11.00 a.m. | Painting | Sub Juniors, Juniors & Seniors |
| | 12.00 Noon | Floral arrangement | Combined |
| | 2.00 p.m. | Carnatic Music | Seniors |
| | 5.00 p.m. | Purana-Quiz | Sub Juniors |
| | | Purana Quiz (writteen test) | Juniors & Seniors |

| | | | |
|---|---|---|---|
| 21/9/2016 | 9.30 a.m. | Thiruvathirakali | Combined |
| (Wednesday) | | Folk dance (Single) | Sub-Juniors, Juniors & Seniors |
| | | Folk dance (Group) | Sub-Juniors, Juniors & Seniors |
| | 2.00 p.m. | Handwriting (English, Malayalam & Hindi) | Sub-Juniors, Juniors & Seniors |
| 25/09/2016 (Sunday) | 8.30 a.m. | Bharathanatyam | Seniors |
| | | Kuchippudi, Mohiniyattom, | Seniors |
| 01/10/2016 (Saturday) | 8.30 a.m. | Bharathanatyam | Juniors |
| | | Kuchippudi, Mohiniyattom | |
| 02/10/2016 (Sunday) | 9.30 a.m. | Recitation in Malayalam | Sub-Juniors, Juniors & Seniors |
| | 10.30 a.m. | Aksharaslokam | Juniors & Seniors |
| | 2.00p.m. | Essay (English, Malayalam, Hindi) | Juniors & Seniors |
| | 3.00 p.m. | Recitation | Seniors |
| | 5.00 p.m. | Karayogam Smaranikageetham | Sub Juniors, Juniors & Seniors |

# ആദരാഞ്ജലികൾ




**എൻ.ദാമോദരൻ നായർ**
**എൽ /2137**
ഫ്ളാറ്റ് നമ്പർ 208
ഗാർഡൻ ഗേറ്റ് അപ്പാർട്ടമെന്റ്
ഗാന്ധി നഗർ 682020



**കെ. ആർ. ഗോപിനാഥപിള്ള**
**എൽ /3611**
പ്ലോട്ട് നമ്പർ 90, ജവഹർ നഗർ
കടവന്ത്ര, കൊച്ചി 682020



**ലീലാമണി രാധാകൃഷ്ണൻ**
**എൽ /3626**
1 എ, സെൻട്രൽ സോൺ അപ്പാർട്ട്മെന്റ്
അമ്മൻകോവിൽ റോഡ്
പാലാരിവട്ടം, കൊച്ചി 682025



**(അഡ്വ.) പി.വി. മാധവൻ നമ്പ്യാർ**
എൽ /1334
സായി മാനസ, 35/ 1755 ബി
സൗത്ത് ജനതാ റോഡ്
പാലാരിവട്ടം, കൊച്ചി 682025



**കുറുപ്പത്ത് ലില .ബി. മേനോൻ**
**എൽ /1152**
പ്രബല, ആലത്തൂർ റോഡ്
പഴയന്നൂർ, തൃശൂർ 680587



**പി. രവി**
**എൽ. /2649**
രഞ്ജിനി
ഇളങ്കുളം റോഡ്, കൊച്ചി 682017

സാഹിത്യരംഗം

# ഭാരതത്തിലെ ഋഷികവികൾ



ശ്രീകുമാരി രാമചന്ദ്രൻ

## മഹാവീരനും ജൈനമതവും

സ്വന്തമായ പ്രപഞ്ചദർശനവും ജീവിതവ്യാഖ്യാനവും മുക്തിമാർഗ്ഗവും ഉപദേശിക്കുന്ന ഒരു മതമത്രേ ജൈനമതം. മനുഷ്യരുടെ ധാർമ്മിക നിലവാരം ഉയർത്തുക എന്നതാണ് ഈ ഉപദേശങ്ങളുടെ ലക്ഷ്യം. ജൈനമതസ്ഥാപകൻ എന്ന നിലയ്ക്കാണ് ഇന്നു ലോകം മഹാവീരനെ കാണുന്നത്. എന്നാൽ മുൻപ് പ്രചാരത്തിലുണ്ടായിരുന്ന ജൈനമതത്തെ ശുദ്ധികലശത്തിലൂടെ, തന്റേതായ ദർശനങ്ങളിലൂടെ പരിഷ്കരിക്കുകയാണ് മഹാവീരൻ ചെയ്തത്.

ബി.സി 599 ൽ ലിച്ഛാവികളുടെ തലസ്ഥാനമായ വൈശാലി നഗരത്തിനു സമീപം കുണ്ഡ എന്ന ഗ്രാമത്തിൽ മഹാവീരൻ ജനിച്ചു. പിതാവായ സിദ്ധാർത്ഥൻ ജ്ഞായകുലം / ജ്ഞാത്രികുലം എന്നറിയപ്പെട്ടിരുന്ന സമുദായത്തിന്റെ തലവനായിരുന്നു. വൈശാലി മന്നനായ ചേതകന്റെ സഹോദരിയായ ത്രിശിലയായിരുന്നു മാതാവ്. മഹാവീരന്റെ ജനനത്തെപ്പറ്റി നിരവധി ഐതിഹ്യങ്ങൾ പ്രചാരത്തിലുണ്ട്. ബ്രാഹ്മണസ്ത്രീയായ ദേവാനന്ദയുടെ ഗർഭം ത്രിശിലയുടെ ഉദരത്തിലേക്കു പരകായപ്രവേശം ചെയ്തിട്ടാണ് വർദ്ധമാനമഹാവീരൻ ജനിച്ചത് എന്ന ഐതിഹ്യമാണ് ഏറെ മുഖ്യം. ബ്രാഹ്മണത്വമുണ്ടായാൽ മാത്രമേ മഹാപുരുഷൻമാരുടെ ഗണത്തിൽ സ്ഥാനം ലഭിക്കു എന്ന വിശ്വാസമാവാം ഈ ഐതിഹ്യത്തിന്റെ അടിസ്ഥാനം.

വർദ്ധമാനൻ ബാല്യം മുതൽക്കു തന്നെ ആത്മീയവിഷയങ്ങളിൽ താൽപര്യം പ്രകടിപ്പിച്ചു. പ്രായപൂർത്തിയായപ്പോൾ സമുദായാചാരപ്രകാരം യശോദ എന്ന പെൺകുട്ടിയെ വിവാഹം ചെയ്തു. പത്തു വർഷത്തെ ദാമ്പത്യ ജീവിതത്തിനുശേഷമാണ് ഇവർക്ക് പുത്രീ ഭാഗ്യമുണ്ടായത്. സന്തുഷ്ടരായ മാതാപിതാക്കൾ അവളെ പ്രിയദർശന എന്നു നാമകരണം ചെയ്തു. അവൾക്കു രണ്ടു വയസ്സു തികഞ്ഞു. അതിനിടെ വർദ്ധമാനന്റെ ചിന്തകൾ മറ്റൊരു തലം തേടി. ആത്മാന്വേഷണത്തിനുള്ള ത്വര നിയന്ത്രണാതീതമായപ്പോൾ അദ്ദേഹം ലൗകിക ജീവിതം വെടിയാനാഗ്രഹിച്ചു. മുപ്പതാമത്തെ വയസ്സിൽ, അദ്ദേഹം ജ്യേഷ്ഠനായ നന്ദിവർദ്ധനന്റെ അനുവാദത്തോടെ സന്യാസം വരിച്ചു. അന്നവും വസ്ത്രവുമുപേക്ഷിച്ച് അവധൂതനെപ്പോലെ അലഞ്ഞുനടന്നു. അംഗ, മഗധ, വജ്ജി, കാശി, കോസലം തുടങ്ങിയ ജനപഥങ്ങളിലെല്ലാം ആ സത്യാന്വേഷി പദയാത്ര ചെയ്തു. കഠിനമായിരുന്നു അദ്ദേഹത്തിന്റെ തപോനിഷ്ഠ. താപസനെങ്കിലും നഗ്നനായി നടന്നിരുന്ന വർദ്ധമാനനെ ജനങ്ങൾ പരിഹസിച്ചു. ചിലർ അദ്ദേഹത്തെ പീഡിപ്പിക്കുകയും ചെയ്തു. പന്ത്രണ്ടു വർഷങ്ങൾ കടന്നു പോയി. അതിനിടെ ജൈനമതമടക്കം ഇന്ത്യയിൽ പ്രചാരത്തിലുണ്ടായിരുന്ന തത്വചിന്താപദ്ധതികളെ അദ്ദേഹം പരിചയപ്പെട്ടു. കൂട്ടത്തിൽ ജൈനമതത്തിന്റെ പ്രാകൃതരൂപം അദ്ദേഹത്തിന്റെ ചിന്തകളെ സ്വാധീനിച്ചു.

വർദ്ധമാനന്റെ നാൽപത്തിരണ്ടാം ജന്മദിനം കഴിഞ്ഞു. ഋജുപാലികാനദിയുടെ തീരത്തെ അംബികാഗ്രാമത്തിലെത്തിയ അദ്ദേഹം ഒരു സാലവൃക്ഷച്ചുവട്ടിൽ ഇരുന്നു തപം തുടങ്ങി. ഏതാനും മാസങ്ങൾ കഴിഞ്ഞു. ഒരുനാൾ ധ്യാനത്തിനിടെ അദ്ദേഹത്തിന് ജ്ഞാനോദയമുണ്ടായി. അതോടെ ആ മുമുക്ഷുവിന്റെ ഹൃദയം പ്രകാശപൂർണ്ണമായി. തന്നെ ഏറെ സ്വാധീനിച്ച ജൈനമത തത്വങ്ങളെ ഒന്നുകൂടി പരിഷ്കരിച്ചുകൊണ്ട് ശുദ്ധമായ കൈവല്യമാർഗ്ഗത്തിലെത്തിച്ചേരാമെന്ന് അദ്ദേഹത്തിനു ബോധ്യമായി. മഹാവീരൻ എന്ന പേർ സ്വീകരിച്ചതിനുശേഷം അദ്ദേഹം ജൈനമത പരിഷ്കർത്താവായി ജനമദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടു.

മഹാവീരനു മുമ്പുതന്നെ ജൈനമതപ്രണേതാക്കളായ ഇരുപത്തിമൂന്നു തീർത്ഥങ്കരന്മാർ ഉണ്ടായിരുന്നതായി ജൈനമതാനുയായികൾ വിശ്വസിക്കുന്നു. ഋഷഭൻ (ആദിനാഥൻ), അജിതനാഥൻ, സംഭവ

നാഥൻ, അഭിനന്ദനാഥൻ, സുമതിനാഥൻ, പത്മപ്രഭ, സുപാർശ്വനാഥൻ, ചന്ദ്രപ്രഭ , സുവിധിനാഥൻ, ശീതളനാഥൻ, ശ്രേയാംസനാഥൻ, വാസുപൂജ്യൻ, വിമലനാഥൻ, അനന്തനാഥൻ, ധർമ്മനാഥൻ, ശാന്തി നാഥൻ, കുന്തുനാഥൻ, അരനാഥൻ, മല്ലിനാഥൻ, മുനിസുവ്രതൻ, നിമിനാഥൻ, നേമിനാഥൻ, പാർശ്വ നാഥൻ എന്നിവരാണ് ഈ ഇരുപത്തിമൂന്നു പേർ. നിലവിലുള്ള ജൈനമത തത്വങ്ങളെ ക്രോഡീകരിച്ച് ചിട്ടപ്പെടുത്തിയതും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി ആധുനികരീതിയിലുള്ള ജൈനമതം സ്ഥാപിച്ചതും മഹാവീരനായിരുന്നു.

ജൈനമതത്തിന് നൂറ്റാണ്ടുകളോളം ഇന്ത്യയിലെ ജനങ്ങളിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞു. രാജാക്കന്മാരും സാധാരണ ജനങ്ങളും ജൈനസിദ്ധാന്തങ്ങളെ സ്വാഗതം ചെയ്തു.


ജൈനമതത്തിൽ ദിഗംബരന്മാർ (പരിപൂർണ്ണ നഗ്നൻ) എന്നും ശ്വേതംബരന്മാർ (വെളുത്ത വസ്ത്രം ധരിക്കുന്നവർ) എന്നും രണ്ടു വിഭാഗങ്ങളുണ്ട്. വേദാധികാരത്തെയും ബ്രാഹ്മണമേധാവിത്വത്തെയും അംഗീകരിച്ചിരുന്നില്ലെങ്കിലും മഹാവീരൻ ബുദ്ധനെപ്പോലെ ഈ വ്യവസ്ഥകളെ ശക്തിയായി എതിർത്തിരുന്നില്ല. കാലക്രമത്തിൽ ജൈനമതം ജാതിവ്യവസ്ഥയെ അംഗീകരിക്കുകയും ചെയ്തു. നിരന്തരമായ ദേശാടനത്തിലൂടെയാണ് മഹാവീരൻ ജൈനമതം പ്രചരിപ്പിച്ചത്. ചമ്പ, വൈശാലി, രാജഗൃഹം, മിഥില, ശ്രാവസ്തി തുടങ്ങിയ നഗരങ്ങളിലെല്ലാം രാജാക്കന്മാരും പ്രഭുക്കന്മാരും അദ്ദേഹത്തെ വരവേറ്റു. മുപ്പതു വർഷങ്ങൾ കടന്നു പോയി. മഹാവീരന്റെ നേതൃത്വത്തിൽ ജൈനമതം ശക്തിയാർജ്ജിച്ചു. അദ്ദേഹത്തിന് എഴുപത്തിരണ്ടു വയസ്സു തികഞ്ഞു. മജ്ജിമപാവ (പാറ്റ്നയിലെ പാവപുരി) യിൽ വെച്ച് ബി.സി. 671 ൽ വർദ്ധമാന മഹാവീരൻ നിർവ്വാണം പ്രാപിച്ചു.സുധർമ്മൻ, ഗൗതമൻ, ജംബുസ്വാമി എന്നിവരായിരുന്നു മഹാവീരന്റെ പ്രധാനശിഷ്യന്മാർ. ഗുരുവിന്റെ നിർവ്വാണത്തിനുശേഷം ഇവരുടെ കീഴിൽ ജൈനമതം പടർന്നു പന്തലിച്ചു. ഇന്ത്യയുടെ തെക്കുകിഴക്കു ഭാഗത്തേക്കും പടിഞ്ഞാറൻ ഭാഗങ്ങളിലേക്കും ദക്ഷിണദേശങ്ങളിലേക്കും ജൈനരുടെ കൂട്ടത്തോടെയുള്ള കുടിയേറ്റങ്ങൾ നടന്നു. എ.ഡി. പന്ത്രണ്ടാം നൂറ്റാണ്ടുവരെ ജൈനമതം ഇന്ത്യയുടെ പല ഭാഗങ്ങളിലും പ്രചാരത്തിലിരുന്നു. എന്നാൽ ആഭ്യന്തരമായ ജീർണ്ണതയും ജാതിവ്യവസ്ഥയുമായുള്ള ബന്ധവും ജൈനമതത്തിന്റെ ക്ഷയത്തിനു കാരണമായി. പരോക്ഷമായാണെങ്കിലും ഈ ക്ഷയം ഭാരതീയ നവോത്ഥാന ചിന്തകൾക്കു വഴിവെച്ചു●

## എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺ ഫോറം
# 18-ാമത് വാർഷികം

എറണാകുളം കരയോഗം എൽഡർ സിറ്റിസൺ ഫോറത്തിന്റെ
18-ാമത് വാർഷികം 31.7.2016 ന് ടി.ഡി.എം (യമുന) ഹാളിൽ
വിവിധ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി.
കരയോഗം പ്രസിഡന്റ് **ശ്രീ.കെ.പി.കെ മേനോൻ** വാർഷികസമ്മേളനം
ഉദ്ഘാടനം ചെയ്യുകയും ജനറൽ സെക്രട്ടറി **ശ്രീ. പി. രാമചന്ദ്രൻ (വേണു)**
മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.
കൺവീനർ എസ്. ശ്രീകുമാർ സ്വാഗതം ആശംസിച്ചു.
80 വയസ്സു പിന്നിട്ട ഇ.സി.എഫ് അംഗമായ ഡോ. സി. മാധവന്
കരയോഗം പ്രസിഡന്റ് ഉപഹാരം സമർപ്പിച്ച് ആദരിക്കുകയും ചെയ്തു.
കരയോഗ സൗഹൃദം എഡിറ്ററും ഇ.സി.എഫ് അംഗവുമായ ശ്രീവല്ലഭൻ നായർ
ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് അംഗങ്ങളുടേയും കുടുംബാംഗങ്ങളുടേയും
വിവിധ കലാപരിപാടികൾ അരങ്ങേറുകയും
വിജയികൾക്ക് ഇ.സി.എഫ് ലെ മുതിർന്ന അംഗമായ
ശ്രീ. ജി.പി. പിള്ള സമ്മാന ദാനം നിർവ്വഹിക്കുകയും ചെയ്തു.

വഴിപാടുകൾ (തുടർച്ച)

# ക്ഷേത്രങ്ങളും ക്ഷേത്രാചാരങ്ങളും



ഡോ.എൻ. ഗോപിനാഥൻ നായർ

വഴിപാടുകൾ കഴിക്കുന്നത് ക്ഷേത്രാരാധനയുടെ ഭാഗമാണ്. ത്യാഗപൂർണമായ അർപ്പണബോധത്തോടെ ദേവനായി നടത്തുന്ന വഴിപാട് ഒരുവനെ മോക്ഷപ്രാപ്തിക്ക് അർഹനാക്കുന്നു. ഉദ്ദിഷ്ട കാര്യസാധ്യത്തിനാണെങ്കിൽ പോലും യജ്ഞസങ്കൽപ്പത്തിനനുസൃതമായ, ത്യാഗപൂർണമായ ഒരു അനുഷ്ഠാനമായി വഴിപാടിനെ കാണേണ്ടതാണ്. ചുരുക്കത്തിൽ വഴിപാട് എന്ന ചടങ്ങ് സ്വാർത്ഥതാൽപ്പര്യമായും സങ്കുചിത മനസ്ഥിതിയോടുകൂടിയതും ആയിരിക്കരുത്.

ക്ഷേത്രത്തിലെ ദൈനംദിന അനുഷ്ഠാന കർമ്മങ്ങൾക്കും അവിടെ സേവനം നടത്തുന്നവർക്കുമുള്ള പ്രതിഫലനത്തിനും ആവശ്യമായ ധനസമാഹരണം ഭക്തൻമാരുടെ സമർപ്പണമായ വഴിപാടിലൂടെ സാധിക്കുന്നു.

ക്ഷേത്രത്തിൽ ഒത്തുചേരുന്ന ഭക്തജനങ്ങൾക്ക് സമാജബോധം, ആദർശനിഷ്ഠ, വിശാലഹൃദയത്വം, സർവോപരി ധർമാചരണം എന്നീ കാര്യങ്ങളിൽ സാമാന്യജ്ഞാനം ലഭിക്കാനുള്ള സാഹചര്യം കൂടി ഉണ്ടായിരിക്കണം. അപ്പോഴെ ഹിന്ദുസമൂഹത്തിന് കാലാനുസൃതമായ ശക്തിയും, പുരോഗതിയും നേടാനാവുകയുള്ളു.

ക്ഷേത്രത്തിന് സംഭാവന (ഉദാ. ഉത്സവങ്ങൾ) കൊടുക്കുന്നത് വഴിപാടായി കണക്കാക്കാൻ പാടില്ല. എന്നാൽ കാണിക്ക വഞ്ചിയിൽ നാണയം നിക്ഷേപിക്കുന്നത് വഴിപാടാണ്. സാധാരണ നടത്തുന്ന വഴിപാടുകൾക്ക് പുറമേ പ്രസിദ്ധിപെറ്റ പല ക്ഷേത്രങ്ങളിലും പ്രത്യേക വഴിപാടുകൾ നിലവിലുണ്ട്.

## പ്രസാദം

ക്ഷേത്ര ദർശനം നടത്തുമ്പോഴും വഴിപാടുകൾ കഴിക്കുമ്പോഴും ഭക്തന് ലഭിക്കുന്ന ദ്രവ്യമാണ് പ്രസാദം. അഭിഷേകത്തിനുപയോഗിച്ച തീർത്ഥവും അതിൽ ഉൾപ്പെടുന്നു. പൂജാപുഷ്പങ്ങൾ തുളസിക്കതിർ, ചന്ദനം, ഭസ്മം തുടങ്ങിയവയാണ് സാധാരണയായി ലഭിക്കുന്നത്. ക്ഷേത്രത്തിലെ മൂർത്തികൾക്ക് സമർപ്പിച്ച ഭോജ്യ വസ്തുക്കളും പ്രസാദമായി ഭക്തർക്ക് നൽകുന്നു. പ്രസാദം സ്വീകരിക്കുന്നതും അവ വിധികളനുസരിച്ച് ഉപയോഗ പ്പെടുത്തുന്നതും ഈശ്വരാനുഗ്രഹത്തിനെന്ന് സങ്കൽപ്പിക്കപ്പെടുന്നു.

## കുറിതൊടൽ (തിലകം ചാർത്തൽ)

അതിപ്രാചീനമായ ഈ ആചാരത്തിന്റെ ആത്മീയവശം അറിഞ്ഞിരിക്കേണ്ടതാണ്.

ശരീരത്തിന്റെ 12 ഭാഗങ്ങളായ നെറ്റിത്തടം, കഴുത്ത്, രണ്ട് തോളുകൾ, രണ്ട് കൈമുട്ടുകൾ, നെഞ്ച്, വയർ, പുറകിലുള്ള വശങ്ങൾ, രണ്ട് കണങ്കാലുകൾ എന്നീ ഭാഗങ്ങളിലാണ് ഭസ്മം തൊടേണ്ടത്. നെറ്റിയിലെ കുറി 'ലലാട തിലകമാണ്'. നെറ്റിയാണ് പ്രധാനം. ശിരസ്സ് പരമാത്മാവിനേയും നെറ്റി ആകാശത്തേയും പുരികം വായുവിനേയും കണ്ണ് അഗ്നിയേയും നാക്ക് ജലത്തേയും മൂക്ക് ഭൂമിയേയും പ്രതിനിധീകരിക്കുന്നു. തിലകം ജ്ഞാനത്തിന്റെ പ്രതീകമാണ്. സ്നാനത്തിന് ശേഷമാണ് തിലകം അണിയേണ്ടത്. ശുദ്ധമായ ശരീരവും ശുദ്ധമായ മനസ്സും ബന്ധിപ്പിക്കുന്നതിന് തിലകം അണിയന്നതിലൂടെ സാധിക്കുന്നത്.

ഭസ്മം, ചന്ദനം, കുങ്കുമം എന്നീ മൂന്ന് വസ്തുക്കളാണ് സാധാരണയായി കുറി തൊടാൻ ഉപയോഗിക്കുന്നത്. ഇവ മൂന്നും ജ്ഞാനദർശനങ്ങളെ സൂചിപ്പിക്കുന്നു. മൂന്ന് ആത്മീയ ശക്തികളാണ് നമ്മുടെ തത്വസങ്കൽപ്പത്തിലുള്ളത്. ശിവൻ, വിഷ്ണു, ശക്തി. ഭസ്മം ശൈവവും ചന്ദനം വൈഷ്ണവവും, കുങ്കുമം ശാക്തേയവുമാണ്. അതായത് കുങ്കുമം ദേവീസ്വരൂപമാകുന്നു. കുറി തൊടുന്നത് ശീലമാക്കിയാൽ നാഡീകോശങ്ങളുടെ ഉത്തേജനത്തിനും, രോഗനിവാരണ ത്തിനും പുറമേ ഭക്തി വർദ്ധിപ്പിക്കുവാനും ജ്ഞാനശക്തിയുടെ കേന്ദ്രമായ ആജ്ഞാചക്രം ഉണർത്തുവാനും സഹായിക്കുന്നു.

## നിലവിളക്കിന്റെ മഹത്വവും തിരി കൊളുത്തേണ്ട വിധവും

നിലവിളക്കുകളില്ലാത്ത ഒരു ഹൈന്ദവ ഭവനം കാണുകയില്ല. അത്രയേറെ മംഗളപ്രദവും ഐശ്വര്യ

സൂചകവുമാണ് അത്. സർവ പൂജാദികളിലും പ്രാർത്ഥനാവേളകളിലും നിലവിളക്ക് ഒഴിച്ചു കൂടാനാകാത്ത ഒരു ഘടകമാണ്. രണ്ടു തട്ടുള്ളതും ഓടിൽ നിർമ്മിച്ചതുമായ സാധാരണ വിളക്കാണ് ഏറ്റവും ഉത്തമം. അധികം ഉയരമില്ലാത്ത പീഠത്തിലോ തളികയിലോ വച്ച് ഭവനങ്ങളിൽ നിലവിളക്ക് കൊളുത്താം.

ഒരു തിരിയായി വിളക്ക് കൊളുത്തരുത്. തൊഴുതുപിടിക്കുന്നതുപോലെ രണ്ടു തിരികൾ കൂട്ടി യോജിപ്പിച്ച് ഒരു ദിക്കിലേക്ക് ദീപം തെളിയിക്കാം. പ്രഭാതത്തിൽ ഒരു ദീപം കിഴക്കോട്ട്, സന്ധ്യയ്ക്ക് രണ്ട് ദീപങ്ങൾ, ഒന്ന് കിഴക്കോട്ടും മറ്റൊന്ന് പടിഞ്ഞാറോട്ടും ആയിരിക്കണം. മൂന്ന്,അഞ്ച് എന്ന എണ്ണത്തിലും ഗ്രഹത്തിൽ ദീപം കൊളുത്താം. മൂന്നാണെങ്കിൽ തെക്ക് ദിശ ഒഴിവാക്കണം. അഞ്ചാണെങ്കിൽ നാല് ദിക്കിലേയ്ക്കും അഞ്ചാമത് വടക്കു കിഴക്ക് ദിശയിലേക്കുമായിരിക്കണം. കൂടുതൽ തിരികൾ ഉപയോഗിക്കുമ്പോൾ തിരികൾ കൊളുത്തുന്നത് വടക്ക് നിന്നാരംഭിച്ച് അവസാന തിരി കത്തിച്ച് പ്രദക്ഷിണം പൂർത്തിയാക്കി തിരിച്ചു വരണം. കത്തിക്കാൻ ഉപയോഗിച്ച വിളക്ക് ആവശ്യം കഴിയുമ്പോൾ കെടുത്തി വെയ്ക്കണം. നെയ് വിളക്കിനാണ് ഏറ്റവും മഹത്വമുള്ളത്.

## അങ്കോർവത് (ഹൈന്ദവക്ഷേത്രം)

കംബോഡിയയിലെ 'അങ്കോർതോം' നഗരിക്കടുത്ത് സ്ഥിതി ചെയ്യുന്ന ഹൈന്ദവ ക്ഷേത്രം. ക്ഷേത്രം പണികഴിപ്പിച്ചത് സൂര്യ വർമൻ രണ്ടാമൻ (11131150) ചിത്രശിലാ പൂർണമാണ് ഈ ക്ഷേത്രം. ദക്ഷിണപൂർവേഷ്യയിലെ ഏറ്റവും മനോഹരമായ ദേവാലയമത്രേ ഇത്. പിരമിഡിന്റെ ആകൃതിയാണിതിന്. ക്ഷേത്രത്തിനു ചുറ്റും കിടങ്ങുകളും മിനുസമുള്ള ചെങ്കല്ലു പാകിയ നടപ്പാതയുമുണ്ട്. 1800 അടി നിളമാണ് ഇതിന്. ദക്ഷിണേന്ത്യൻ ശില്പകലയുടെ സ്വാധീനം ഈ ക്ഷേത്രത്തിൽ പ്രകടമാണ്. ക്ഷേത്രമധ്യത്തിലുള്ള വിഷ്ണുപ്രതിഷ്ഠയിലേക്കുള്ള സോപാനത്തിൽ 2 അടി വീതം ഉയരമുള്ള 38 പടികൾ നിർമ്മിച്ചിരിക്കുന്നു. ചുറ്റമ്പലത്തിന്റെ നാലുമൂലകളിലും ചെറിയ ഗോപുരങ്ങൾ ഓരോന്ന് വീതമുണ്ട്. മധ്യഭാഗത്തുള്ള ഗോപുരത്തിന് 200 അടി ഉയരമാണുള്ളത്. ഈ ക്ഷേത്രത്തിലെ മണ്ഡപങ്ങളുടെയും ശിലകളുടെയും ചുവരുകളിൽ നൃത്തം വയ്ക്കുന്ന അപ്സരസ്സുകളുടെ ശില്പങ്ങൾ നിറഞ്ഞു നില്ക്കുന്നു. രാമരാവണയുദ്ധവും പാലാഴി മഥനവും മറ്റുമാണ് പ്രതിമാശില്പ പരമ്പരയിലൂടെ ആവിഷ്കൃതമായിരി ക്കുന്നത്. ചോളകലാവിദ്യ ഈ ക്ഷേത്രനിർ മ്മാണത്തിൽ ദൃശ്യമാണ്.

വനത്തിൽ മറഞ്ഞുകിടന്ന ഈ ക്ഷേത്രത്തെ ലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത് ഫ്രഞ്ച് പ്രകൃതി ശാസ്ത്രജ്ഞ നായ എ.എച്ച് മൗഹൊയാണ് (1858–1860)●


# എറണാകുളം കരയോഗം
# ജീവകാരുണ്യ സാമൂഹിക സേവന
# ധനസഹായ വിതരണോത്ഘാടനം

2016 ആഗസ്റ്റ് 13–ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ടി.ഡി.എം. ഹാളിൽ വെച്ച് കരയോഗത്തിന്റെ ജീവകാരുണ്യ ധനസഹായ വിതരണം നടത്തപ്പെടുന്നു. എറണാകുളം കരയോഗം പ്രസിഡന്റ് ശ്രീ. കെ.പി. കെ. മേനോൻ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ കൊച്ചിൻ ഷിപ്പ്‌യാർഡിലെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ **മധു. എസ്. നായർ 'ചാരിറ്റി ഡെ'** ഉദ്ഘാടനം ചെയ്യുന്നു. ചടങ്ങിൽ കുഫോസ് (കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്) വൈസ് ചാൻസലർ **ഡോ. എ. രാമചന്ദ്രൻ** വിഭ്യാഭ്യാസ സഹായധനം വിതരണം ചെയ്യുന്നു. **പി.ടി. തോമസ് എം. എൽ. എ** മുഖ്യപ്രഭാഷണവും **കെ എം ഐ മേത്തർ** ആശംസയും നേരുന്നു.

**പ്രസ്തുത ചടങ്ങിലേയ്ക്ക് ഏവരേയും ക്ഷണിച്ചു കൊള്ളുന്നു.**

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

**എറണാകുളം കരയോഗം ഭരണസമിതി 2016 17 ലെ വിവിധ ഉപസമിതികളുടെ കൺവീനർമാരായി താഴെ പറഞ്ഞവരെ തിരഞ്ഞെടുത്തിരിക്കുന്നു.ഇവരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തുവാൻ എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.**

## ഔദ്യോഗിക ഭാരവാഹികൾ

| | | |
|---|---|---|
| കെ.പി.കെ.മേനോൻ | പ്രസിഡൻറ് | 9446352343 |
| പി.രാമചന്ദ്രൻ (വേണു) | ജനറൽ സെക്രട്ടറി<br>സ്റ്റാഫ് വെൽഫെയർ കമ്മിറ്റി | 9447053940 |
| കെ.ടി.മോഹനൻ | ട്രഷറർ<br>സാമ്പത്തിക ഉപദേശക സമിതി | 9947134381 |
| മുരളീധരൻ ആലപ്പാട്ട് | ചാരിറ്റി, ഫ്യൂണറൽ, ടൂർ | 9447060693 |
| അഡ്വ.ടി.ശിവദാസൻ നായർ | സൗഹൃദം, സ്റ്റാഫ്<br>വെൽഫെയർ, ഐ.ടി. | 9496513424 |
| പ്രസന്നകുമാർ കെ. | റിപ്പയർ, മെയിൻറനൻസ്, പർച്ചേസ്,<br>വിദ്യാഭ്യാസ ധനസഹായം,<br>അദ്ധ്യാത്മിക വാർഷിക പരിപാടികൾ | 9447753855 |
| ജനാർദ്ദനൻ കെ | ഓണം, വിഷു ഫെയർ, കരയോഗത്തിൻെറ<br>വിവിധ സ്ഥാപനങ്ങൾ,ഹാളുകൾ മേൽനോട്ടം | 9745007187 |
| വേണുഗോപാൽ സി ഗോവിന്ദ് | ഗുരുവായൂർ പ്രോജക്റ്റ് അഡ്വൈസറി കമ്മിറ്റി | 9846159203 |
| ജസ്റ്റിസ് ആർ.ഭാസ്ക്കരൻ | നിയമ ഉപദേശക സമിതി<br>(ചെയർമാൻ), ഗുരുവായൂർ പ്രോജക്റ്റ്<br>അഡ്വൈസറി കമ്മിറ്റി | 9567864073 |

## ഉപസമിതികൾ

| | | |
|---|---|---|
| 1. ജസ്റ്റിസ് എം.രാമചന്ദ്രൻ | അപ്പീൽ കമ്മിറ്റി | 8089636053 |
| 2. അഡ്വ. മുരളി പുരുഷോത്തമൻ | പരാതി പരിഹാര സെൽ | 9846153064 |
| 3. അഡ്വ.എ.ബാലഗോപാലൻ | നിയമ ഉപദേശക സമിതി | 9847039205 |
| 4. ഡോ.പി.വിജയലക്ഷ്മി മേനോൻ | ചൈത്രം | 9846034643 |
| 5. ശ്രീമതി.സുധ കൃഷ്ണകുമാർ | പ്രശാന്തിമന്ദിരം (പാലാരിവട്ടം) | 9544629588 |
| 6. ശ്രീ. സതീഷ് കെ | പ്രോജക്റ്റ് കമ്മിറ്റി | 9447022006 |
| 7. ശ്രീ.രാജഗോപാൽ കെ | സാമൂഹ്യസേവനം | 9447665607 |
| 8. ശ്രീ.ശ്രീവല്ലഭൻ നായർ എം | കരയോഗസൗഹൃദം | 9947736071 |
| 9. ശ്രീ.ശ്രീകുമാർ. എസ് | എൽഡർ സിറ്റിസൺസ് ഫോറം | 9446517644 |
| 11.ശ്രീമതി. മാലിനി ആർ മേനോൻ | സ്റ്റാഫ് ഗ്രീവൻസ് കമ്മിറ്റി,<br>കുടുംബക്ഷേമം | 9447015649 |
| 12. ശ്രീ. വേണുഗോപാൽ കെ ആർ | നവരാത്രി ആഘോഷം | 9447022363 |
| 13. ശ്രീ. പ്രഭാകരൻ നായർ പി ആർ | അംഗത്വ പരിശോധന സമിതി | 9400604625 |
| 14. ശ്രീ. രാമചന്ദ്രൻ കെ വി | പരിസ്ഥിതി അവാർഡ് സമിതി | 9446066309 |
| 15. ശ്രീമതി.ലക്ഷ്മി മോഹൻ | വിമൺസ് ഫോറം | 9447068757 |
| 16. ശ്രീ.കെ.സുകുമാരൻ | കഥകളി ക്ലബ്ബ് | 9895438272 |
| 17. ഡോ. എ.പാർവ്വതി | ഹെൽത്ത് കമ്മിറ്റി | 9447579402 |
| 18. ശ്രീ. രവീന്ദ്രനാഥ് കെ.എസ്. | സാംസ്ക്കാരികം | 9895637118 |
| 19. ശ്രീ. കെ.ആർ.നമ്പ്യാർ | അദ്ധ്യാത്മികം | 0484 2378410 |
| 20. ശ്രീ.ഗിരിജാവല്ലഭൻ പി. | തൃക്കടക്കാപ്പിള്ളി ടെമ്പിൾ | 9447818431 |
| 21. ശ്രീ.എൻ.വേണുഗോപാലൻ | എഞ്ചിനീയേഴ്സ് ഫോറം | 9895238801 |

(തുടർച്ച)

# സ്മൃതിപഥങ്ങളിൽ....



പത്മജമേനോൻ

അവൾ എല്ലാവരോടും യാത്ര പറഞ്ഞ് ഇറങ്ങി. അമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. നീ എന്റെ മോളെ പോലെയായിരുന്നു. ഇനിയും വരണമെന്നു പറഞ്ഞു. വസുന്ധരയോട് യാത്ര പറഞ്ഞ് ആ കൈയ്യിൽ പിടിച്ചു കൊണ്ടു താൻ പറഞ്ഞു. ഞാനൊരിക്കലും ഒരു ശല്യമാവില്ല എന്നെ സ്നേഹിക്കണ്ട, പക്ഷേ എന്നെ വെറുക്കരുത്. അവൾ കരയാതിരിക്കുവാൻ പാടുപെടുന്നുണ്ടായിരുന്നു. താൻ മോളെയും എടുത്ത് കൊണ്ട് കാറിൽ കയറി. സുന്ദർജി ഒന്നും മിണ്ടുന്നില്ല. റെയിൽവേ സ്റ്റേഷൻ എത്തുന്നത് വരെ താൻ മോളെ ഉമ്മവെച്ചു കൊണ്ടിരുന്നു. ദൈവമേ! ഈ വിധി നീ ആർക്കും നല്കരുതേ. തേങ്ങലുകൾ പുറത്ത് കേൾക്കാതിരിക്കുവാൻ അവൾ സാരികൊണ്ട് വായ പൊത്തിയിരുന്നു. റെയിൽവേ സ്റ്റേഷനിൽ കാർ പാർക്ക് ചെയ്തശേഷം സുന്ദർജി തനിക്ക് നേരെ ഒരു ഒപ്പിട്ട ചെക്ക് നീട്ടി. നിർമ്മലയുടെ വിലയായി ഇതിനെ കണക്കാക്കരുത്. പണത്തിന് ആവശ്യമുള്ളപ്പോൾ ചോദിച്ചാൽ മതി എത്രവേണമെങ്കിലും ഞാൻ തന്നുകൊള്ളാം. വാങ്ങിക്കണം. അവൾ അതിലേയ്ക്ക് നോക്കിയപ്പോൾ ഒരു കോടിയുടെ ചെക്ക് ആണ്. അവൾ പറഞ്ഞു ഇത്രയും പണമൊന്നും എനിക്ക് വേണ്ട. ഒരു പത്തുലക്ഷം രൂപയ്ക്ക് വേണ്ടി ഇറങ്ങി പുറപ്പെട്ടതാണ് ഞാൻ. സാരമില്ല എന്നു പറഞ്ഞ് തന്റെ ബാഗിൽ ചെക്ക് വെച്ചു. നിന്നെ ഉപേക്ഷിക്കുവാൻ എനിക്ക് കഴിയുന്നില്ല, വല്ലാത്ത കുറ്റബോധമുണ്ടെ നിക്ക്. പക്ഷേ തളർന്നു കിടക്കുന്ന വസുന്ധരയെ ഞാൻ എന്ത് ചെയ്യും എന്നു ചോദിച്ച് സുന്ദർജിയുടെ കണ്ണുകൾ കലങ്ങി. കരയരുത് തിരിച്ചുപോകുവാൻ വേണ്ടി വന്നവളാണല്ലോ ഞാൻ. ഒരു അപേക്ഷയുണ്ട് മോളുടെ വിവരങ്ങൾ എന്നെ അറിയിക്കണം എന്നു പറഞ്ഞ് കാറിൽ നിന്ന് ഇറങ്ങി. ട്രെയിനിൽ കയറുന്നതിനുമുമ്പ് അവൾ കുഞ്ഞിനെ സുന്ദർജിക്ക് കൈമാറി. ശിവാനി നല്ല ഉറക്കത്തിലാണ്. അവൾ കുഞ്ഞിനെ തെരുതെരെ ഉമ്മ വച്ചു. അപ്പോൾ നിർമ്മലയും, സുന്ദർജിയും ഹൃദയംപ്പൊട്ടി കരയുകയായിരുന്നു. അമ്മയുടെയും, അച്ഛന്റെയും വേർപാട് അറിയാതെ ശിവാനി ഉറങ്ങിക്കൊണ്ടിരുന്നു. ട്രെയിനിൽ കയറി ഇരുന്ന് അവൾ ജനാലയിലൂടെ പുറത്ത് നില്ക്കുന്ന സുന്ദർജിയെ നോക്കി ഇരുന്നു. സ്വന്തമാകില്ല എന്നറിഞ്ഞിട്ടും. പിൻതിരിഞ്ഞ് നിൽക്കുമ്പോൾ ഒരു പിൻവിളിക്കുവേണ്ടി കാതോർക്കുകയാണ് തന്റെ ഹൃദയം. ട്രെയിൻ പുറപ്പെടുവാൻ തുടങ്ങി. അവൾ മെല്ലെ സുന്ദർജിയുടെ കൈയ്യിൽ പിടിച്ച് പറഞ്ഞു "Forget me not" അപ്പോൾ സുന്ദർജി തന്റെ കൈയ്യിൽ പിടിച്ച് അമർത്തി. ട്രെയിൻ ഒരു ചൂളം വിളിയോടെ ഓടി തുടങ്ങി. ട്രെയിൻ ഒരു പൊട്ടുപോലെ കണ്ണിൽ നിന്ന് മറയുന്നതുവരെ സുന്ദർജി ശിവാനിയെയും എടുത്ത് നോക്കി നിന്നു.

നാട്ടിൽവന്നിറങ്ങിയപ്പോൾസ്റ്റേഷനിൽരേണുക ചേച്ചിയും, ഭർത്താവും വന്നിരുന്നു. തന്നെ വീട്ടിൽ കൊണ്ടുപോയി വിട്ടു. വീട് ആകെ പൊടിപിടിച്ച് കിടക്കുകയാണ്. അയൽക്കാർ കുറ്റപ്പെടുത്തലു കളുമായി വന്നെത്തി. എന്തായാലും ചേച്ചിയെ കാണുവാൻ ഒന്നു വന്നില്ലല്ലോ. ഏത് രാജ്യത്തായാലും അവർക്കുമില്ലേ അമ്മയും, അച്ഛനും കൂടപ്പിറപ്പുകളു മെല്ലാം. അവൾ ഒന്നിനും മറുപടി പറഞ്ഞില്ല. മനസ്സ് വല്ലാതെ ആധിപിടിച്ചു കൊണ്ടിരുന്നു. കുറച്ചു സമയത്തിനുള്ളിൽ തന്നെ സുന്ദർജിയുടെ ഫോൺകോൾ വന്നു, എത്തിയോ എന്നറിയുവാൻ. മോള് തന്നെ കാണാതെ വല്ലാതെ കരയുന്നുണ്ട് എന്നു പറഞ്ഞപ്പോൾ താൻ ആകെ തളർന്നുപോയി. മറ്റുള്ളവർക്കുവേണ്ടി ജീവിതത്തിൽ വിഡ്ഢി വേഷം കെട്ടി . എന്നിട്ട് എങ്ങും എത്തിയില്ല. താൻ ഒറ്റപ്പെട്ടു പോയി എന്നു മാത്രം. ആഴ്ചയിൽ ഒരു ദിവസമെങ്കിലും സുന്ദർജി വിളിച്ച് വിശേഷങ്ങൾ പറയും. ഒരിക്കൽ വിളിച്ചപ്പോൾ പറഞ്ഞു മോള് മിടുക്കിയായിരിക്കുന്നു. വസുന്ധര വലിയ സന്തോഷ ത്തിലാണ് എന്നൊക്കെ. അങ്ങനെ മാസങ്ങളോളം ഫോൺ വിളികൾ വന്നു കൊണ്ടിരുന്നു. ഒരു ദിവസം വിളിച്ചിട്ട് പറഞ്ഞു ഒരു കാര്യം കേൾപ്പിക്കാം അങ്ങേ തലയ്ക്കൽ നിന്ന് ശിവാനി മ്മ, മ്മ എന്നു പറയുന്നു. താൻ കോരിത്തരിച്ചു പോയി. താൻ ഫോണിലൂടെ അവൾക്ക് ഉമ്മ കൊടുത്തു കൊണ്ടിരുന്നു. സുന്ദർജി ചോദിച്ചു സന്തോഷമായോ, വസുന്ധരയെ മമ്മി

എന്നാണ് അവൾ വിളിപ്പിക്കുന്നത്.

പിന്നീട് കുറെ ദിവസങ്ങളായിട്ടും ഫോൺ കോളുകൾ വന്നില്ല. അവൾക്ക് ആകെ വിമ്മിഷ്ട മായി. ഒന്നു വിളിക്കാമെന്നു വിചാരിച്ചാൽ വസുന്ധര അറിഞ്ഞാൽ ആകെ പ്രശ്നമാകും. രേണുകചേച്ചി യോട് സങ്കടങ്ങൾ പറഞ്ഞു. ചേച്ചി എപ്പോഴും എന്നെ നിരുത്സാഹപ്പെടുത്തുകയാണ് പതിവ്. നീ എല്ലാം മറക്കണം. ആ അദ്ധ്യായം എല്ലാം അടഞ്ഞുപോയി എന്നു പറയും. തന്റെ വേദന മറ്റാർക്കും മനസ്സിലാ വില്ലല്ലോ. മാസങ്ങൾ കഴിഞ്ഞിട്ടും ഒരു വിവരവുമില്ല. അവരുടെ സുഖകരമായ ജീവിതത്തിൽ സുന്ദർജി തന്നെ മറന്നുകാണുമായിരിക്കും. അതിനിടയിലാണ് ഒരു ആക്സിഡന്റിൽ രേണുകചേച്ചിയും, ഭർത്താ വും മരിച്ചത്. ജീവിതത്തിൽ തന്നെ സ്നേഹിക്കുന്ന വരെല്ലാം അകന്നു പോകുകയാണ്. ദുഃഖത്തിന്റെ കരിനിഴൽ പതിച്ചുകൊണ്ടിരുന്നു. ഒരു മാറ്റം വേണ മെന്ന് തോന്നിയപ്പോൾ അവൾ കുറച്ച് അകലെയുള്ള ടൗണിൽ ഒരു വൺ ബെഡ്റൂം ഫ്ളാറ്റ് വാങ്ങി ഇങ്ങോട്ടേക്ക് മാറിയത്.

അമ്പലത്തിലെ വെടിയുടെ ശബ്ദം കേട്ടപ്പോ ളാണ് അവൾ ഗതകാലസ്മരണയിൽ നിന്ന് ഉണർന്നത്. നേരം പുലർന്നിരിക്കുന്നു. അവൾ വെറു തെ കുറച്ചുനേരം കിടന്നു. ഒന്നും വേണ്ടായിരുന്നു. ഒരുപാട് സ്നേഹിച്ച ഒരാളെ സ്നേഹിക്കണ്ടായിരുന്നു എന്നു തോന്നുന്നത് അയാളെ വെറുക്കുമ്പോഴോ, മറക്കുമ്പോഴോ അല്ല. അയാളെ നഷ്ടപ്പെടുന്നു എന്നു തോന്നുമ്പോളാണ്. അവൾ രണ്ടും കല്പിച്ച് സുന്ദർജിയെ ഫോൺ ചെയ്തു. പക്ഷേ ഈ നമ്പർ നിലവിലില്ലായെന്നായിരുന്നു മറുപടി. ഒടുവിൽ പിടിച്ചു നില്ക്കുവാൻ പറ്റാതെയായപ്പോൾ തന്റെ സഹപാഠി മല്ലിക ഇവിടുത്തെ ആശുപത്രിയിലെ നേഴ്സ് ആണ്. അവളോട് കാര്യങ്ങൾ എല്ലാം പറഞ്ഞ് അവർ രണ്ടുപേരും കൂടി മൈസൂരിലേക്ക് പോയി. എന്നാൽ അവർ അവിടെയുണ്ടായിരുന്നില്ല. വീട് എല്ലാം വിറ്റ് പോയി എന്നറിഞ്ഞു. നിരാശയോടെ തിരിച്ചു വന്നു. വിധിയുടെ കണക്കു പുസ്തകത്തിൽ നിറയെ കന്മ ഷങ്ങളായിരുന്നു. പെയ്തു തീരാത്ത മഴപോലെ അത് ഇപ്പോഴും പെയ്തു കൊണ്ടിരിക്കുകയാണ്. എന്നിട്ടും താൻ മോഹിക്കുകയാണ്. മുരടിച്ച മനസ്സിനെക്കാൾ എത്രയോ വലുതല്ലേ സ്വപ്നങ്ങളും പ്രതീക്ഷകളുമുള്ള മനസ്സ് . വരും ഇന്ന് അല്ല, നാളെയല്ല ഒരു ദിനം അത് സംഭവിക്കും. താൻ കാത്തിരിക്കുകയാണ്.

അന്ന് വൈകുന്നേരം അവൾ വീണ്ടും കടപ്പുറത്തെത്തി. അന്ന് കടൽ പതിവിലും പ്രക്ഷുബ്ധമായിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ മഴ പെയ്യുവാൻ തുടങ്ങി. എല്ലാവരും അവിടെ നിർത്തിയിട്ടിരുന്ന കാറിലേക്കും, ബസ്സിലേക്കും ഓടിക്കയറി. കടലിൽ മഴപെയ്യുന്നത് കാണാൻ എന്ത് രസമാണ്. അവളും എഴുന്നേറ്റു. അപ്പോളാണ് ഒരു കുട്ടി മുങ്ങി താഴുന്നത് കണ്ടത്. അവൾ വേഗം ചാടി കുട്ടിയെ പിടിച്ചു. അപ്പോഴേയ്ക്കും ആളുകൾ കൂടി. കുട്ടിയെയും കൊണ്ട് ആശുപത്രിയിലേക്ക് ഓടി. സ്കൂളിൽ നിന്ന് പിക്നിക്കിന് വന്ന കുട്ടിയായിരുന്നു. ടീച്ചർമാരെല്ലാം പിന്നാലെ ഓടി. അതിനിടയിൽ തിരമാലകൾക്കിടയിൽപെട്ട് നിർമ്മലയെ കാണാ തായി. ആളുകൾ തിരഞ്ഞു കൊണ്ടിരുന്നു. ഒടുവിൽ കിട്ടിയപ്പോൾ ജീവനുണ്ടോ എന്ന സംശയം ബാക്കിയായി. എങ്കിലും നിർമ്മലയെയും അവർ ആശുപത്രിയിൽ എത്തിച്ചു. ടീച്ർമാർ കുട്ടിയുടെ വീട്ടിൽ ഫോൺ ചെയ്ത് അറിയിച്ചു. നേരം പുലരുമ്പേഴേക്കും കുട്ടിക്ക് ബോധം വന്നു. എന്നാൽ നിർമ്മലയുടെ അവസ്ഥ മോശമായിക്കൊണ്ടിരുന്നു. തീവ്രപരിചരണ വിഭാഗത്തിൽ അവർ ശ്രദ്ധിച്ചു കൊണ്ടിരുന്നു. താമസിയാതെ തന്നെ കുട്ടിയുടെ അച്ഛൻ എത്തി. മോൾക്ക് ഒന്നും പറ്റിയില്ലാ എന്നറിഞ്ഞപ്പോൾ ആശ്വാസമായി. ടീച്ർമാർ പ റഞ്ഞു. കുട്ടിയെ രക്ഷിച്ച സ്ത്രീ വളരെ മോശമായ സ്ഥിതിയിൽ കിടക്കുകയാണെന്ന്. അയാൾ വേഗം ആ സ്ത്രീയെ കാണുവാനായി ചെന്നു. കണ്ണാടി ഗ്ലാസ്സിലൂടെ നോക്കിയ നിമിഷത്തിൽ സ്തംഭിച്ചു . അയാൾ നിന്നു. മെല്ലെ ചുണ്ടുകൾ മന്ത്രിച്ചു 'നിർമ്മല' എന്ന്. ഇത് കണ്ട ഡോക്ടർ ചോദിച്ചു ഈ സ്ത്രീയെ നിങ്ങൾക്ക് അറിയുമോ ? അയാൾ പറഞ്ഞു എന്റെ കുഞ്ഞിന്റെ അമ്മയാണ്. അപ്പോൾ ഇത് നിങ്ങളുടെ ഭാര്യയാണോ? അല്ല പക്ഷേ കുഞ്ഞിന്റെ അമ്മയാണ്.ഡോക്ടർക്ക് ജിജ്ഞാസയായി. ശിവ സുന്ദർ തന്റെ ജീവിതചരിത്രം ഡോക്ടറോട് പറഞ്ഞു.

ഒരു ദിവസം ഞാൻ ഫോൺ എടുക്കുവാൻ മറന്നുകൊണ്ടാണ് പുറത്തേക്കു പോയത്. ഫോൺ വസുന്ധരയുടെ അടുത്ത് ഇരിപ്പുണ്ടായിരുന്നു. ഞാൻ പുറത്ത് നിന്നുവന്നപ്പോൾ ഒരു ഭൂകമ്പമായിരുന്നു. അവൾ തന്റെ ഫോൺ പരിശോധിച്ച് താൻ നിർമ്മലയെ വിളിക്കുന്നത് എല്ലാം കണ്ടു പിടിച്ചിരിക്കുന്നു. നിങ്ങൾ എന്നെ ചതിക്കുകയായിരുന്നു. ദുഷ്ടനാണ് ഇപ്പോഴും അവളുമായി ബന്ധമുണ്ട്. അവൾ നിങ്ങൾക്ക് ആരാണ് ? എനിക്ക് ഇല്ലാത്ത എന്ത് യോഗ്യതയാണ് അവൾക്ക് ഉള്ളത്? പണത്തിനുവേണ്ടി എന്തു ചെയ്യുവാനും മടിയില്ലാത്തവൾ. നിങ്ങളെ പറഞ്ഞാൽ മതിയല്ലോ. മനുഷ്യമൃഗമാണ് നിങ്ങൾ. ഞാനറിയാതെ

അവളുമായി സുഖിച്ച് ജീവിക്കുകയാണ്. നിങ്ങളുടെ മരണം പോലും എന്നെ വേദനിപ്പിക്കില്ല എന്ന് പറഞ്ഞ് അടുത്ത് ഇരുന്ന പേപ്പർ വെയ്റ്റ് എടുത്ത് തന്റെ നേരെ എറിഞ്ഞു. ആരോപണ ശരങ്ങളാൽ സഹിക്കുന്നതിന്റെ നെല്ലിപടി കടന്നപ്പോൾ താനും പൊട്ടിത്തെറിച്ചു. വിവാഹം ചെയ്ത അന്നുമുതൽ നീ എന്ന രോഗിയെ സംരക്ഷിക്കുന്ന ചുമതലയാണ് എനിക്ക്. നിനക്ക് ഭാര്യഎന്ന പദവി ഉണ്ടെന്നല്ലാതെ ഒരു ഭാര്യയുടെ എന്തെങ്കിലും ഒരു കടമ നീ എനിക്ക് വേണ്ടി ചെയ്തിട്ടുണ്ടോ? നിന്നെ ഉപേക്ഷിക്കുവാൻ പല കാരണങ്ങൾ എനിക്കുണ്ടായിരുന്നു. പക്ഷേ ഞാൻ അത് ചെയ്തില്ല. നിന്റെ തീരുമാനങ്ങളും നിന്റെ സന്തോഷവുമാണ് നിനക്ക് വലുത്. നിനക്ക് ചെയ്യാൻ പറ്റാവുന്ന സന്തേഷമെല്ലാം നീ ചെയ്തിരുന്നു. കിടന്നുകൊണ്ട് തന്നെ സിനിമ കാണലും. പാട്ടു

**ഒരുപാട് സ്നേഹിച്ച ഒരാളെ സ്നേഹിക്കണ്ടായിരുന്നു എന്നു തോന്നുന്നത് അയാളെ വെറുക്കുമ്പോഴോ, മറക്കുമ്പോഴോ അല്ല. അയാളെ നഷ്ടപ്പെടുന്നു എന്നു തോന്നുമ്പോളാണ്.**

കേൾക്കലും, നല്ല വസ്ത്രങ്ങൾ അണിയലും, നല്ല ഭക്ഷണങ്ങൾ കഴിയ്ക്കലും, വാട്ട്സ് ആപ്പിൽ കളിക്കലും എല്ലാം. എന്ത് കാര്യവും നീ എന്നോട് ആവശ്യപ്പെടുകയല്ല, ആജ്ഞാപിക്കുകയാണ് ചെയ്തു കൊണ്ടിരുന്നത്. ഈ കുഞ്ഞ് പോലും നിന്റെ തീരുമാനമായിരുന്നു. ഒരിക്കൽ പോലും നീ എന്നെ മനസ്സിലാക്കുവാൻ ശ്രമിച്ചില്ല. എല്ലാ അർത്ഥത്തിലും എന്നെ മനസ്സിലാക്കിയത് നിർമ്മലയാണെന്ന് പെട്ടെന്നുള്ള ആവേശത്തിൽ ഞാൻ പറഞ്ഞുപോയി. അതുകേട്ട അവൾ നിശബ്ദയായി പിന്നെ അവൾ മിണ്ടിയിട്ടില്ല. കുറച്ചു മാസങ്ങൾക്കുശേഷം ഒരു ദിവസം അവൾ തന്റെ ജീവിതത്തിൽ നിന്ന് അടർന്നു പോയി. എല്ലാവരെയും ഞാൻ സ്നേഹിച്ചിട്ടെയുള്ളു. എന്നിട്ടും നിഴൽ കൂത്തിലെ പാവയെ പോലെ സ്വയം അറിയാതെ ആടിക്കൊണ്ടിരിക്കുവാനായിരുന്നു എന്റെ നിയോഗം.

ഇതിനിടയിൽ വസുന്ധര ഫോണിനെ നശിപ്പിച്ചു കളയുവാൻ ജോലിക്കാരിയെ ചട്ടം കെട്ടിയിരുന്നു. അവൾ അതിനെ പൊട്ടിച്ച് തരിപ്പണമാക്കിയിരിക്കുന്നു. അങ്ങനെ നിർമ്മലയെ വിളിക്കുവാൻ പറ്റാതെ ആയി. ഫോൺ നമ്പർ തനിക്ക് കാണാതെ അറിയില്ലായിരുന്നു. ഈ ബഹളത്തിനിടയിൽ മാസങ്ങൾ കടന്നുപോയി. അവിടുത്തെ ജീവിതം മടുപ്പുളവാക്കി. ഒടുവിൽ അമ്മ പറഞ്ഞു ഇതെല്ലാം വിറ്റ് നമ്മൾക്ക് കേരളമണ്ണിലേക്ക് പോവാം എന്ന്. അങ്ങനെ എല്ലാം വിറ്റ് വയനാട്ടിൽ തങ്ങളുടെ തറവാട്ടിൽ താമസമാരംഭിച്ചു. ഒരു ദിവസം നിർമ്മലയെ അന്വേഷിച്ച് അവളുടെ നാടായ പറവൂരിലേക്ക് വന്നു. അവൾ അവിടെ ഇല്ലായിരുന്നു. അവൾ അവിടം വിട്ട് പോയി എന്നറിഞ്ഞു. പേപ്പറിൽ ഒരു പരസ്യം കൊടുക്കണം എന്നു വിചാരിച്ചതാണ് എന്നാൽ അവൾ വിവാഹം ചെയ്തു പോയിരിക്കുകയാണെങ്കിൽ അവളുടെ കുടുംബ ജീവിതത്തിന് പ്രശ്നമാകുമോ എന്നു ഭയന്ന് അത് വേണ്ടായെന്ന് വെച്ചു. അമ്മയും, ഞാനും കൂടി മോളെ വളർത്തി വലുതാക്കുകയായിരുന്നു. അപ്പോഴാണ് മല്ലിക നേഴ്സ് വന്നത്. നിർമ്മല നിങ്ങളെയും, മോളെയുമാണ് ഇത്ര കാലവും കാത്തിരുന്നത്. അവസാനം നിങ്ങൾ എത്തിയപ്പോൾ അവൾക്ക് ഒന്നും അറിയാൻ പറ്റുന്നില്ലല്ലോ എന്നു പറഞ്ഞപ്പോൾ ശിവസുന്ദർ കണ്ണുകൾ തുടയ്ക്കുകയായിരുന്നു. കുട്ടിയുടെ അമ്മ തന്നെയാണ് കുട്ടിയെ മരണത്തിൽ നിന്നു രക്ഷിച്ചത് എന്ന വാർത്ത അവിടെ കൂടിയ എല്ലാവർക്കും അത്ഭുതമായി തോന്നി. അവർ എല്ലാവരും നിർമ്മലക്ക് വേണ്ടി പ്രാർത്ഥിച്ച് മറ്റു കുട്ടികളുമായി ടീച്ചർമാർ മടങ്ങി. ഡോക്ടർ പറഞ്ഞു ചില മനുഷ്യജീവിതങ്ങളോട് വിധി വളരെ ക്രൂരമായി പെരുമാറും. സന്തോഷം കൈയ്യെത്തും ദൂരത്ത് എത്തിയിട്ടും അതിനെ ഒന്ന് എത്തിപ്പിടിക്കുവാൻ പറ്റാതെ ചില ജീവിതങ്ങൾ പൊലിഞ്ഞ് പോകും. നമ്മൾ എല്ലാവരും വിശ്വസിക്കുന്ന ഒരു അദൃശ്യ ശക്തിക്ക് അസംഭവ്യത്തെ സംഭവ്യ മാക്കുവാൻ കഴിയും. അതുകൊണ്ട് നന്നായി പ്രാർ ത്ഥിക്കൂ. പിന്നെ മോളെകൊണ്ട് ഉറക്കെ അമ്മേ എന്ന് വിളിപ്പിക്കണം. ചിലപ്പോൾ ഉപബോധമനസ്സ് ഉണരും. അങ്ങനെയുള്ള സംഭവങ്ങളുടെ ചരിത്രവും ഉണ്ട് എന്ന് പറഞ്ഞ് ഡോക്ടർ പുറത്ത് തട്ടി കടന്നുപോയി.

ശിവസുന്ദർ മോളെ കൊണ്ടു വന്നിട്ട് പറഞ്ഞു ഇതാണ് നിന്റെ അമ്മ, നീ എപ്പോഴും അന്വേഷിക്കാറുള്ള നിന്റെ പൊന്നമ്മ. മോളെ രക്ഷിച്ചത് അമ്മയാണ്, ഇനി മോളു വേണം അമ്മയെ രക്ഷിക്കുവാൻ, നീ അമ്മയുടെ ചെവിയിൽ ഉറക്കെ അമ്മേ........ എന്നു വിളിക്കണം. അവൾ സന്തോഷത്തോടെ ശരി എന്നു പറഞ്ഞ് നിർമ്മലയുടെ ചെവിയിൽ ഉറക്കെ അമ്മേ അമ്മേ

എന്നു വിളിച്ചു. പല തവണ അത് ആവർത്തിച്ചിട്ടും ഒരു അനക്ക വുമില്ലായിരുന്നു. ഒടുവിൽ മോള് ക്ഷീണി ക്കുവാൻ തുടങ്ങി. ശിവസുന്ദറിന് സങ്കടം കൊണ്ട് ശ്വാസം മുട്ടുകയായിരുന്നു. മോള് അവശതയോടെ അച്ഛനെ നോക്കി. ഒരിക്കൽ കൂടി ഉറക്കെ വിളിക്കൂ മോളെ എന്നു പറഞ്ഞ പ്പോൾ അഷ്ടദിക്കുകളും പൊട്ടുമാറുച്ച ത്തിൽ അവൾ അമ്മേ.... എന്നു നീട്ടി വിളിച്ചു. അപ്പോൾ ആ മിഴികളിൽ ഒരു തിരയിളകി മോൾക്ക് സന്തോഷമായി. അവൾ വീണ്ടും വീണ്ടും വിളിച്ചു കൊണ്ടിരുന്നു. ഒടുവിൽ പതിയെ കൂമ്പിയ ആ കണ്ണുകൾ പതുക്കെ പതുക്കെ തുറന്നു. തന്നെ കെട്ടിപിടിച്ചിരിക്കുന്ന ഓമനത്വമുള്ള മുഖത്ത് കണ്ണുകൾ ഉടക്കി. നിർമ്മലേ ഇതാണ് നമ്മളുടെ മകൾ ശിവാനി എന്ന് സുന്ദർജി പറഞ്ഞു. അന്നേരം മൂവരുടെയും മനസ്സ് ആഹ്ലാദത്താൽ സുന്ദര താണ്ഡവമാടുകയായിരുന്നു.

പക്ഷേ ആ കണ്ണുകൾ വീണ്ടും കൂമ്പിയടഞ്ഞു. സംഘർഷഭരിതമായ നിമിഷങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. ദൈവഹിതം എന്താണെന്ന റിയുവാൻ എല്ലാവരും ശ്വാസം അടക്കി നിന്നു. അമ്മയുടെ ലാളന ഏൽക്കുവാൻ കൊതിക്കുന്ന ആ കുഞ്ഞുപൈതലിന്റെ പ്രാർത്ഥന ദൈവം കേൾക്കുമോ? വർഷങ്ങൾക്കും, കാതങ്ങൾക്കും അപ്പുറമിരുന്ന് ഹൃദയതന്ത്രികളിൽ തംബുരുമീട്ടിയ നിർമ്മലയും, ശിവസുന്ദറും സംഗമിക്കുമോ? പുറത്ത് മഴ ആർത്തലച്ചു പെയ്യുകയാണ്. പ്രകൃതി പോലും ഈ അസന്തുലിതാവസ്ഥയിൽ ക്ഷോഭിച്ചിരിക്കുക യാണെന്ന് തോന്നുന്നു. ഉദ്ദ്വേഗജനകമായ നിമിഷങ്ങൾ മനസ്സിനെ മുൾമുനയിൽ നിറുത്തികൊണ്ട് പ്രയാണം ചെയ്തുകൊണ്ടിരുന്നു. ഇത്രയും നാൾ അവൾ ആർക്കുവേണ്ടി കാത്തിരുന്നുവോ, അവർ തന്നെ ഇപ്പോൾ അവൾക്കുവേണ്ടി കാത്തി രിക്കുകയാണ്. ആടിയുലയുന്ന ജീവിതത്തിലും മനസ്സിൽ പോസിറ്റീവ് എനർജി സൂക്ഷിച്ചിരുന്ന നിർമ്മലയുടെ ഹൃദയവികാരം അജ്ഞാത ശക്തി കാണാതിരിക്കില്ല. പ്രത്യാ ശയോടെ കാത്തിരിക്കാം●

# വിശേഷ ദിവസങ്ങൾ

## 2016 ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 15 വരെ

| | | |
|---|---|---|
| ആഗസ്റ്റ് | 17 | ആണ്ടു പിറപ്പ് |
| | 18 | ആവണി അവിട്ടം, രക്ഷാബന്ധൻ |
| | 24 | ശ്രീകൃഷ്ണ ജയന്തി, രവിപുരം ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിൽ അഷ്ടമിരോഹിണി മഹോത്സവം, ചട്ടമ്പിസ്വാമി ജന്മദിനം |
| | 27 | കരയോഗം ഓണംഫെയർ ആരംഭം |
| സെപ്റ്റംബർ | 3 | കല്ക്കി അവതാരം |
| | 4 | അത്തച്ചമയം, തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിൽ ഉത്സവം, കൊടിയേറ്റ് |
| | 5 | വിനായക ചതുർത്ഥി |
| | 6 | വിശ്വകർമ്മ ജയന്തി |
| | 7 | തൃപ്പൂണിത്തുറ മൂശാരി ഉത്സവം ആരംഭം |
| | 8 | ലോക സാക്ഷരതാദിനം |
| | 13 | ഒന്നാം ഓണം, കരയോഗം ഓണം ഫെയർ സമാപനം |
| | 14 | തിരുവോണം, തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിൽ ആറാട്ട് |

# പേരുകൾ

രാധാ ദാമോദരൻ

പേരുകൾ ഇല്ലെങ്കിൽ നാം എന്താണ് ചെയ്യുക? വിളിച്ച് സംസാരിക്കാനോ മറ്റൊരാളോട് ഒരാളെക്കുറിച്ചു മനസ്സിലാക്കി കൊടുക്കുവാനോ എന്ത് ചെയ്യും? കിഴക്കേതിലെ കറുത്ത തടിയൻ വടക്കേതിലെ വെളുത്ത കൂനൻ അമ്പലത്തിന്റെ മുമ്പിലുള്ള വീട്ടിലെ ഞൊണ്ടി, എന്നൊക്കെ പറയേണ്ടി വന്നാലത്തെ ഗതികേട് ആലോചിക്കാൻ പോലും വയ്യ. എന്നാൽ ലോകാരംഭം മുതൽ തന്നെ മനുഷ്യർക്ക്, പേരുണ്ടായിരുന്നു. ഭാരതത്തിലെന്നല്ല കേരളത്തിൽ തന്നെ നമ്മുടെ അറിവിൽ ലക്ഷക്കണക്കിന് പേരുകളുണ്ട്.

ആദ്യകാലങ്ങളിലൊക്കെ പേരിടൽ ലളിതമായ ഒരു കാര്യമായിരുന്നു. പിന്നീട് അതിലും വന്നു മാറ്റങ്ങൾ. ഇന്ന് ഒരു കുഞ്ഞ് പിറന്നാൽ , അവന്റെ അല്ലെങ്കിൽ അവളുടെ ആരോഗ്യസ്ഥിതിയോ അമ്മയുടെ ശുശ്രൂഷയോ അല്ല ബുദ്ധിമുട്ട് നേരിടുന്ന പ്രശ്നം. കുട്ടിക്കെന്താണ് പേരിടുക? ലോകത്തിൽ ആരും കേൾക്കാത്ത പേര് വേണം. അയൽപക്കത്തൊന്നും ഇത്തരമൊരു പേര് പാടില്ല. കേൾക്കുന്നവർക്ക് വിസ്മയം തോന്നണം. അപ്പോൾ പിന്നെ തല പുകയ്ക്കാതിരിക്കാൻ കഴിയില്ലല്ലോ. അനേകം പുത്തൻ പേരുകൾ പ്രചാരത്തിലുണ്ട്. ചിലവ ശ്രവണ മധുരങ്ങളാണ്. അർത്ഥമില്ലാത്തവയുമുണ്ട്. കുഴപ്പമില്ല. അർത്ഥം ശുദ്ധ അസംബന്ധമാകുമ്പോഴാണ് തകരാറ്. വിദ്യാസമ്പന്നരുടെ ഇടയിൽപോലും ഇത്തരം അബന്ധങ്ങൾ വന്നുപെടാറുണ്ട്. അപ്പോൾ നിരക്ഷരരുടെ കാര്യം പറയാനില്ലല്ലോ.

പെട്ടെന്ന് സമ്പന്നരായിത്തീർന്ന ചില നിരക്ഷരരുടെ കാര്യത്തിൽ ഇതിന് പല ഉദാഹരണങ്ങളും ഉണ്ടായിട്ടുണ്ട്. നല്ല പ്രചാരമുണ്ടായിരുന്ന ഒരു മലയാള വാരികയിൽ, വർഷങ്ങൾക്കു മുമ്പ്, വായിക്കാനിടവന്ന കാര്യമാണ്. ഈ വാരിക പ്രസിദ്ധീകരണം നിർത്തിയിട്ട് കുറച്ചു കാലമായി. കാരണമെന്തെന്നറിയില്ല. അതിൽ ഒരു വനിതാപംക്തി ഉണ്ടായിരുന്നു. അന്ന് ഇന്നത്തെപോലെ ഗൾഫിലേക്ക് പ്രവാഹ മുണ്ടായിരുന്നില്ല. ഇറാൻ, കുവൈറ്റ് ഇവ മാത്രമായിരുന്നു തൊഴിൽ ദാതാക്കൾ പേർഷ്യക്ക് പോവുക എന്നാണ് അന്ന് പറഞ്ഞിരുന്നത്. ഭാഗ്യംകൊണ്ട് അവിടെ ചെന്ന് പറ്റാനിടയായ ഒരു മനുഷ്യന്റെ ഭാര്യ. ഏറ്റവും പരിഷ്കൃതമായ രിതിയിൽ വസ്ത്രധാരണം ചെയ്യാനും High Circle ൽ പെരുമാറാനും ശ്രമിച്ചു. ആ വനിതാ പംക്തിയിൽ വന്ന ഒരു സംഭവമാണെഴുതുന്നത്. മേൽപ്പറഞ്ഞ സ്ത്രീ ഒരു ക്ലിനിക്കിലേക്ക് സുഖമില്ലാതിരുന്ന കുട്ടിയേയും കൊണ്ടു ചെന്നു. ഡോക്ടർ കുട്ടിയുടെ പേര് ചോദിച്ചു. സ്ത്രീ പേര് പറഞ്ഞപ്പോൾ ഡോക്ടറും എഴുതാനിരുന്ന നഴ്സും അമ്പരന്നു. ഡോക്ടർ വീണ്ടും പേര് ചോദിച്ചു. അവർ ഞെളിഞ്ഞു നിന്ന് പേര് ആവർത്തിച്ചു. ഡോക്ടർക്ക് ചിരിവന്നു. വേഷം കേമം. പുള്ളിയുടെ സംസ്കാരത്തെക്കുറിച്ച് മനസ്സിലായത്, മഹതി വാ തുറന്നപ്പോഴല്ലേ? ഡോക്ടർ ചിരിയടക്കി കൊണ്ട് പറഞ്ഞു. ഏതായാലും ഈ പേര് മാറ്റിക്കൊള്ളു. സ്കൂളിൽ ചേർക്കേണ്ടതല്ലേ? നിരക്ഷരയ്ക്ക് കാര്യം മനസ്സിലായില്ല. ഡോക്ടർ തുടർന്നു ഈ പദത്തിന്റെ അർത്ഥം മലം എന്നാണ്. ആ കുട്ടിയുടെ ഭാഗ്യം കൊണ്ടാണ് അന്ന് ആ ക്ലിനിക്കിൽ പോയതെന്ന് ഞാൻ കരുതുന്നു. പേര് മാറ്റിയിട്ടുണ്ടാകും. അല്ലെങ്കിൽ സ്കൂളിലും മറ്റും ആളുകൾ കൂവിയാർത്ത് പരിഹസിച്ചേനെ. മേലെഴുതിയത് എന്റെ സ്വന്തം വാക്കുകളിലാണ് ഓർമ്മയിൽ നിന്നെടുത്ത് എഴുതിയതാണ്. വാക്യങ്ങൾ വ്യത്യസ്തമാണെങ്കിലും ആ വാരികയിൽ വന്ന വിവരം തന്നെയാണ്. സത്യസന്ധമായിട്ടെഴുതിയത്.

പുതുപുത്തനല്ലെങ്കിലും ഒരിക്കലും പഴഞ്ചനായിത്തീരാത്ത പേരുകളുണ്ട്. രാമൻ, കൃഷ്ണൻ, ശങ്കരൻ, ലക്ഷ്മി, ഗൗരി, ഭവാനി ഇങ്ങനെ പലതും. ഇതൊക്കെ ഇന്നും ആളുകൾ ഇഷ്ടപ്പെടുന്നു. ഒരു ക്ലാസ്സിൽ തന്നെ ഒന്നിലധികം രാമചന്ദ്രനും, കൃഷ്ണൻകുട്ടിയും, ഭവാനിയും ഒക്കെ ഉണ്ടാകാറുണ്ട്. അതുകൊണ്ട് യാതൊരു കുഴപ്പവും വന്ന് കണ്ടിട്ടില്ല. അപ്പു, ചിമ്മുക്കുട്ടി, കുമ്മിണി, കുഞ്ചു എന്നിങ്ങനെ അർത്ഥമില്ലാത്ത പേരിട്ടാലും കുഴപ്പമില്ല. അസംബന്ധങ്ങൾ ആകാതിരുന്നാൽ മതി.

സാംസ്കാരിക തലസ്ഥാനമെന്നറിയപ്പെടുന്ന തൃശൂരിൽ നിന്നും പഴയകാലത്ത് ചില മാസികകൾ പ്രസിദ്ധീകരിച്ചിരുന്നു. ലക്ഷ്മിഭായി, കൈരളി, മംഗളോദയം തുടങ്ങിയവയുടെ ആസ്ഥാനം തൃശൂരായിരുന്നു. ആയിരം പൂർണ്ണചന്ദ്രൻമാരെ കണ്ടവരുടെ കൗമാരകാലം എന്നു പറയുമ്പോൾ എത്രയോ വർഷങ്ങൾക്കുമുമ്പേയാണെന്ന് ഊഹിക്കാമല്ലോ. ഇവയിൽ കൈരളിയിലാണ് പുരോഗമനപരമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ വന്നിരുന്നത്. മജുംദാർ കണ്ട മലബാർ എന്നൊരു ലേഖനം കൈരളിയിൽ വന്നിരുന്നു. അദ്ദേഹം ചെയ്ത ഒരു പ്രസംഗമായിരുന്നു വിഷയം. അദ്ദേഹം ഏതു ഭാഷയിലാണ് പ്രസംഗിച്ചത് എന്നോ ഈ ലേഖനം തർജ്ജമയായിരുന്നോ എന്നൊന്നും നിശ്ചയം പോരാ. മലയാളികൾക്ക് അന്യസംസ്ഥാനക്കാരുടെ പേരുകളോടുള്ള ഭ്രമത്തെ കണക്കിന് കളിയാക്കിക്കൊണ്ടുള്ള തായിരുന്നു പ്രസംഗം. രവീന്ദ്രനാഥൻ തുടങ്ങി (എല്ലാ പേരുകളും ഓർമ്മ വരുന്നില്ല) പല പേരുകളും മലയാളി സ്വീകരിക്കുന്നു. മലയാളിയുടെ പണ്ടത്തെ പേരുകളായ ഇട്ടിച്ചിരിയും ഇട്ടിക്കോരനും മറ്റും എവിടേക്കാണ് പോയത്? ബംഗാളിലേക്ക് വന്നിട്ടില്ല എന്നദ്ദേഹം പറഞ്ഞപ്പോൾ കൂട്ടച്ചിരി ഉണ്ടായി എന്നും ആ ലേഖനത്തിൽ എഴുതിയിരുന്നു. അത് വായിച്ചു കഴിഞ്ഞപ്പോൾ എനിക്കദ്ദേഹത്തോടു വെറുപ്പും ദേഷ്യവും തോന്നി. മനോഹരമായ പേരുകൾ സ്വീകരിക്കുന്നതിലെന്താണ് തെറ്റ്? പക്ഷെ കാതലായഭാഗം വന്നപ്പോൾ വിവരക്കേട് കാണിക്കുന്ന, ശുംഭൻമാരായ മലയാളികളോടാണ് പുച്ഛം തോന്നിയത്, രവിന്ദ്രനാഥ ടാഗോർ എന്നാണ് പലരും പേരിട്ടതത്രെ. ഇതുപോലെ പല പേരുകളും അന്യനാട്ടുകാരുടെ വംശപ്പേരോടും കുടംബപ്പേരോടും ചേർത്താണ് ഇട്ടത്. ലേശമെങ്കിലും ആത്മാഭിമാനമോ വിവരമോ ഉണ്ടെങ്കിൽ കണ്ടവരുടെ (അവരെത്ര കേമൻമാരാണെങ്കിലും ) ജാതിപ്പേരും കുടുംബപ്പേരും അവനവന്റെ മക്കളുടെ പേരിനൊപ്പം ആരെങ്കിലും ചേർക്കുമോ? മോഹൻദാസ് നല്ല പേരാണ്. എന്നുവെച്ച് മോഹൻദാസ് ഗാന്ധി എന്ന് കുട്ടിക്ക് പേരിടാൻ പുറപ്പെട്ടാലോ? വിവേകാനന്ദ സ്വാമിക്ക് അച്ഛനമ്മമാർ കൊടുത്ത പേരാണ് നരേന്ദ്രൻ. നരേന്ദ്രമോഡി എന്നോ മമത എന്ന് പേരുള്ള പെൺകുട്ടിക്ക് മമതാ ബാനർജി എന്നോ ഒക്കെ നാമകരണം ചെയ്താൽ ആ കുട്ടികൾ മുതിർന്ന് കഴിഞ്ഞാൽ കാരണവന്മാരെ പ്രാകും എന്നതിന് യാതൊരു സംശയവും ഇല്ല. കാരണം അവർ പരിഹാസപാത്രങ്ങളായിത്തീരും എന്നതാണ്.

പുരാണേതിഹാസങ്ങളിലെ പേരുകൾ പരിശോധിച്ചാൽ രസിക്കാൻ പലതുമുണ്ടെന്ന് കാണാം. വംശം, പിതാവ്, മാതാവ് ഇവരോടൊക്കെ ബന്ധപ്പെട്ടുള്ളതാണ് പേരുകൾ. ചിലർക്കു കിട്ടുന്ന പേരുകൾ തുല്യസ്ഥാനീയരായ മറ്റുള്ളവർക്ക് കിട്ടുന്നില്ല എന്നു കാണാം. മഹത്തായ വംശമാണ് രഘുവംശം. ദശരഥ മഹാരാജാവും മുൻഗാമികളും പിൻഗാമികളുമൊക്കെ രഘുവംശത്തിൽ പിറന്നവരാണ്. പക്ഷെ രാഘവൻ എന്ന് പറയുന്നത് ശ്രീരാമചന്ദ്രനെയാണ്. ദശരഥന് നാലുമക്കളുണ്ടെങ്കിലും ദാശരഥിയെന്ന് പറയുമ്പോൾ ഓർമ്മ വരുന്നത് ഭഗവാൻ ശ്രീരാമചന്ദ്രനെത്തന്നെയാണ്. ശ്രീകൃഷ്ണഭഗവാനെക്കുറിച്ച് പറയുമ്പോൾ രസകരമായ ഒരു കാര്യം ഓർമ്മവരുന്നു. വസുദേവർക്ക് രോഹിണിയിൽ ജനിച്ച പുത്രനാണ് ബലരാമൻ. ദേവകിയിലുണ്ടായ പുത്രനാണ് ശ്രീകൃഷ്ണൻ. വാസുദേവൻ എന്ന് പറയുന്നത് ശ്രീകൃഷ്ണഭഗവാനെ മാത്രമാണ്. ബലരാമനും വാസുദേവനല്ലെ? ആരും അങ്ങനെ ആലോചിക്കുന്നുപോലും ഉണ്ടാവില്ല. വാസുദേവകൃഷ്ണൻ എന്നല്ലാതെ വാസുദേവബലരാമൻ എന്ന് കേട്ടിട്ടേയില്ല.

പാണ്ഡവൻമാരിൽ മൂത്തവർ മൂന്നുപേരാണ് കുന്തിയുടെ മക്കൾ. കുന്തിക്ക് പൃഥ എന്നൊരു പേരു കൂടിയുണ്ട്. യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ എന്നിവരിൽ പാർത്ഥനെന്നറിയപ്പെടുന്നത് അർജ്ജുനൻ മാത്രമാണ്. പാഞ്ചാലമഹാരാജാവായ ദ്രുപദന്റെ പുത്രി ദ്രൗപദിയെന്നും പാഞ്ചാലിയെന്നും അറിയപ്പെടുന്നു. അവരുടെ സഹോദരനായ ധൃഷ്ടദ്യുമനെ ഈ വിശേഷണങ്ങളൊന്നും ബാധിച്ചു കാണുന്നില്ല.

അമ്മമാരുടെ മേൽവിലാസത്തിൽ അറിയപ്പെടുന്നവരുണ്ട്. രാമായണം മുതൽ പരിശോധിച്ചാൽ കാണാം. സൗമിത്രി എന്നു പറഞ്ഞാൽ ലക്ഷ്മണനാണ്. ശത്രുഘ്നനും സുമിത്രയുടെ പുത്രനാണ്. എന്നാൽ ലക്ഷ്മണനെയാണ് സൗമിത്രിയെന്നു പറഞ്ഞാൽ ഓർമ്മ വരിക. ബാലിയുടെയും താരയുടെയും പുത്രനാണ് അംഗദൻ. അദ്ദേഹത്തിന് താരേയൻ എന്നൊരു പേര് കൂടിയുണ്ട്. കർണ്ണന്റെ വളർത്തമ്മയുടെ പേര് രാധ എന്നായിരുന്നു. അതിനാൽ കർണ്ണന് രാധേയൻ എന്നു പറയാറുണ്ട്. പുരാണേതിഹാസങ്ങൾ വിസ്തരിച്ച് പരിശോധിച്ചാൽ ഇനിയും രസകരമായ പല പേരുകളും കണ്ടെന്നു വരാം●

കവിത

# ഒരു പ്രഭാതം



ടി. എൻ. രാജലക്ഷ്മി

കാലത്തെഴുന്നേറ്റു മുറ്റത്തിറങ്ങി ഞാൻ
ആരാമഭംഗിയൊന്നാസ്വദിക്കേ
ചെമ്പകപ്പൂമണമേന്തിയ തെന്നലെൻ
ചാരത്തു വന്നോതി സുപ്രഭാതം.

അങ്ങു കിഴക്കൊരു പൊന്നിൽകിരണമാ
കാർമേഘക്കീറിൽ നിന്നെത്തി നോക്കേ
ആലസ്യം വിട്ടങ്ങിറങ്ങി ഞാനേകയായ്
സാമോദമീപ്പുലർ വേളയിങ്കൽ

എന്നും പ്രഭാതസവാരി നടത്തുവോർ
ഏറെയുണ്ടീ വഴിത്താരയിങ്കൽ
കയ്യുകൾ വീശിക്കവാത്തു ചെയ്യുന്നവർ
തോളോടു തോൾ ചേർന്നു താളത്തിലും ചിലർ

ആഞ്ഞു നടക്കുന്ന സ്നേഹിതനോടൊപ്പം
എത്തുവാനാകാതെ കഷ്ടത്തിലും ചിലർ
കാതിലെ സംഗീതധാരയിൽ മഗ്നരായ്
എല്ലാം മറന്നു നടക്കുന്നിതാ ചിലർ

കച്ചപുതച്ചു ജപമാലയേന്തിയോർ
കാണാമിടക്കിടെ ഈ വഴിയിൽ
ഈറൻ മുടിയിൽ തുളസിക്കതിർ ചൂടി
നീങ്ങുന്നിതാ ചിലർ മന്ദമായി

പാതവക്കത്തെ കടയുടെ മുറ്റത്തെ
ബഞ്ചിലും ചുറ്റുമായുണ്ടനേകർ
ചായകുടിച്ചു രസിച്ചവരോതുന്നു
നാട്ടുവിശേഷങ്ങളേറെയേറെ

പിന്നെയും പോയി ഞാൻ തെല്ലകലത്തോളം
പെട്ടെന്നെൻ കാലുകൾ നിശ്ചലമായ്
മാലിന്യമാകെ നിറഞ്ഞൊരു പാതയിൽ
കാലൊന്നു വെക്കാൻ മടിച്ചു ഞാനും

ദുഃഖിതയായി മടങ്ങവേ ഓർത്തു ഞാൻ
എന്തേ നാമിങ്ങനെയായിടുന്നു
സ്വന്ത മതിൽക്കെട്ടിനുള്ളിലൊതുങ്ങിയോ
നമ്മുടെയെല്ലാം ശുചിത്വബോധം.

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2016 ജൂലൈ മാസത്തിൽ സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. രവി മേനോൻ ( രവീന്ദ്രൻ മേനോൻ), ഐ. എ, സെൻട്രൽ സോൺ അപ്പാർട്ട്മെന്റ്,അമ്മൻകോവിൽ റോഡ്, എറണാകുളം 682035 ലീലാമണി രാധാകൃഷ്ണന്റെ ഓർമ്മയ്ക്കായ് | 10,000 |
| 2. | ശ്രീമതി.ശ്രീദേവി മോഹൻ, 101, ശ്രീലകം, ശാന്തി പാവന, യുവജനം സമാജ് റോഡ്, കടവന്ത്ര, കൊച്ചി 682020 (ചന്ദ്രശേഖരൻ പിള്ളയുടെ ഓർമ്മയ്ക്കായ് | 5,001 |
| 3. | ശ്രീ.രാംദാസ് .ഇ, എക്സ് /1515 ആതിര, കുന്നുംപുറം, കാക്കനാട് | 5,000 |
| 4. | ശ്രീ. രാധാകൃഷ്ണൻ നായർ, ലേഖാ നിവാസ്, അമ്മൻച്ചേരിൽ ലെയ്ൻ, മാമംഗലം, പാലാരിവട്ടം, കൊച്ചി 682025 | 5,000 |
| 5. | എറണാകുളം വുമൺസ് ഫോറം, എറണാകുളം (ആദ്ധ്യാത്മീകപ്രവർത്തനങ്ങൾക്കു വേണ്ടി) | 5,000 |
| 6. | ശ്രീ. രവീന്ദ്രനാഥൻ.കെ, ബേബി ഹൗസ്, മൊണാസ്ട്രി റോഡ് ,കൊച്ചി 682011 | 5,000 |
| 7. | ശ്രീമതി. ശ്രീകുമാരി ദാസ്, ഫ്ളാറ്റ് നമ്പർ 508, ഗാർഡൻ ഗെയ്റ്റ്, മാവേലി റോഡ് കടവന്ത്ര, കൊച്ചി 682020 (കെ. ഗണേഷ്ദാസിന്റെയും, സത്യഭാമയുടെയും ഓർമ്മയ്ക്കായ്) | 5,000 |

# ഗോഡും ഗായത്രിയും



യു. എസ്. രവീന്ദ്രൻ

ഈ പ്രപഞ്ചം എങ്ങിനെ ഉണ്ടായി? എപ്പോൾ ഉണ്ടായി? നമ്മൾ എന്തുകൊണ്ടാണ് ഇവിടെ? എന്തുകൊണ്ടാണ് പ്രപഞ്ചത്തിൽ ഒന്നും ഇല്ലാത്ത അവസ്ഥയല്ലാതെഎന്തെങ്കിലുമൊക്കെയുള്ളഅവസ്ഥ യുള്ളത്? പ്രപഞ്ചത്തിലെ വാസ്തവങ്ങളുടെ സ്വഭാവ മെന്താണ്? സത്യമെന്താണ്? പ്രകൃതി നിയമങ്ങൾ ഇത്ര കൃത്യമായി ഉണ്ടാക്കി നമ്മളേപ്പോലെയുള്ള ജീവികളുടെ നിലനിൽപ്പിനുതകുന്ന വിധത്തിൽ വിഭാവനം ചെയ്തതാരാണ്? ഈ പ്രപഞ്ചത്തിനു അതിവിശിഷ്ടമായ രൂപകല്പന നടത്തി ചലനാത്മ കമാക്കിയ ശക്തിവിശേഷം തന്നെയാണോ ദൈവം എന്ന സൃഷ്ടികർത്താവുണ്ടെന്നു ള്ളതിനുള്ള തെളിവ്? ശാസ്ത്രത്തിനു വേറെ എന്തെങ്കിലും വിശദീകരണമുണ്ടോ? പ്രപഞ്ചോൽപ്പത്തിയെ പ റ്റിയും ജീവോൽപ്പത്തിയെ പറ്റിയുമുള്ള പ്രാഥമിക ചോദ്യങ്ങൾ തന്നെ ഒരു കാലത്ത് തത്വ ചിന്തകർക്ക് ഒരു വിഷയമായിരുന്നു. ഇപ്പോൾ തത്വചിന്തകർക്കും, ശാസ്ത്രജ്ഞൻമാർക്കും, ദൈവവിശ്വാസികൾക്കും പരസ്പരം യോജിക്കാൻ കഴിയാത്ത ആശയങ്ങളുള്ള മേഖലയും ഇതുതന്നെ.

സെൻട്രൽ ആഫ്രിക്കയിലെ 'ബോഷോംഗോ' വർഗ്ഗത്തിൽപ്പെട്ടവർ ഇങ്ങനെ വിശ്വസിക്കുന്നു. ആദിയിൽ ഇരുട്ടും വെള്ളവും ബൂംബ എന്ന ദൈവവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ദിവസം ബുംബക്ക് വയറുവേദന വന്നു ഛർദ്ദിച്ചപ്പോൾ സൂര്യനുണ്ടായി. കുറച്ചുകാലം കഴിഞ്ഞപ്പോൾ സൂര്യന്റെ ചൂടുകൊണ്ട് വെള്ളം വറ്റി കരയുണ്ടായി .ബൂംബേക്ക് പിന്നേയും വയറുവേദനയുണ്ടായി ചന്ദ്രൻ, നക്ഷത്രങ്ങൾ, ചെറിയ മൃഗങ്ങൾ, പുലി, മുതല, ആമ എന്നിവയേയും അവസാനം മനുഷ്യനേയും ഛർദ്ദിച്ചു. സെൻട്രൽ അമേരിക്കയായ മെക്സിക്കോയിലെ മായൻ എന്ന വർഗ്ഗത്തിൽപ്പെട്ടവരും സമാനമായ വിശ്വാസം വെച്ച് പുലർത്തിയിരുന്നു. അവരുടെ വിശ്വാസത്തിൽ ആദിയും, ആകാശവും, കടലും സൃഷ്ടികർത്താവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ സൃഷ്ടികർത്താവ് തുടക്കത്തിൽ അസംതൃപ്തനായിരുന്നു, എന്തു കൊണ്ടെന്നാൽ താൻ സൃഷ്ടിച്ച ഭൂമി, പർവ്വതങ്ങൾ, മരങ്ങൾ, ഇവയ്ക്കൊന്നും തന്നെ വാഴ്ത്താൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് സൃഷ്ടികർത്താവ് മനുഷ്യനെ സൃഷ്ടിച്ചു. ആദ്യത്തെ മനുഷ്യസൃഷ്ടി കളെല്ലാം മണ്ണ്, ചെളി എന്നിവകൊണ്ടായിരുന്നു. എന്നാൽ അവരെല്ലാം വിഡ്ഢിത്തങ്ങൾ സംസാ രിക്കാൻ തുടങ്ങി. തന്റെ പരാജയത്തിൽ നിരാശപൂണ്ട സൃഷ്ടികർത്താവ് അവരെ നശിപ്പിക്കാൻ തുടങ്ങി. പക്ഷേ അവരിൽ ചിലരെല്ലാം ഓടിപ്പോയി കാട്ടിൽ ഒളിച്ചു. കുരങ്ങനായി രൂപാന്തരപ്പെട്ടത് അവരാണത്രേ. അതിനു ശേഷം സൃഷ്ടിക്ക് ഉപയോഗിച്ച ചേരുവകൾ മാറ്റി. മഞ്ഞ ചോളം വെള്ള ചോളം എന്നിവ ഉപ യോഗിച്ച് മനുഷ്യനെ സൃഷ്ടിച്ചു. ചോളം വാറ്റി മദ്യം ഉണ്ടാക്കി കുടിക്കുന്നവരാണെങ്കിലും മനുഷ്യനെ ക്കാൾ കേമനായ ഒരു സൃഷ്ടി നടത്താൻ സൃഷ്ടികർ ത്താവിനു ഇതുവരെ കഴിഞ്ഞിട്ടില്ല.

4.7 ബില്ല്യൻ വർഷങ്ങൾക്ക് മുൻമ്പ് സംഭവിച്ച ഒരു പൊട്ടിത്തെറിയിലൂടെയാണ് (Big Bang theory) ഈ പ്രപഞ്ചം ഉരുത്തിരിഞ്ഞു വന്നതെന്നും, ഇപ്പോഴും പ്രപഞ്ചം വലുതായികൊണ്ടി രിക്കുകയാണെന്നും, നാം വസിക്കുന്ന ഭൂമി ക്ഷീരപഥം(Milky Way) നക്ഷത്ര കൂട്ടത്തിലെ (Galaxy) ഒരു ഗ്രഹമാണെന്നും, ഇതുപോലെയുള്ള ലക്ഷക്കണക്കിനു ഗാലക്സികൾ ഉണ്ടെന്നും, ആകെയുള്ളതിന്റെ 4% പ്രപഞ്ചത്തേപ്പറ്റിമാത്രമാണ് മനുഷ്യ രാശിക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളൂവെന്നും ആധുനിക ശാസ്ത്രജ്ഞൻമാർ വിശ്വസിക്കുന്നു.

ശ്രീ മഹാഭാഗവതത്തിൽ ദ്വിതീയ സ്കന്ദത്തിൽ ബ്രഹ്മാണ്ഡം പൊട്ടിവിരിഞ്ഞ് പുറത്തു വന്ന വിരാട് പുരുഷനായി പ്രപഞ്ചത്തെ വർണ്ണിക്കുന്നു. ഈ പ്രപഞ്ചത്തിന്റെ ഓരോ അംശവും വിരാട് പുരുഷന്റെ ഓരോ അവയവമായി വിവരിക്കുന്നു.

ഈ പ്രപഞ്ചം ആരുസൃഷ്ടിച്ചു. ദൈവം എന്നാണ് ഉത്തരമെങ്കിൽ ദൈവത്തെ ആരു സൃഷ്ടിച്ചു. ദൈവം

എന്ന വാക്കിന് ഇംഗ്ലീഷിൽ GOD എന്നാണ് പറയുക. ഈ ഊർജ്ജത്തെ മുസ്ലീങ്ങൾ അല്ലാഹു എന്നും, കൃസ്ത്യാനികൾ കർത്താവെന്നും, ഹിന്ദുക്കൾ ഭഗവാൻ എന്നും വിളിക്കുന്നു. Generation (സൃഷ്ടി), Operation (സ്ഥിതി), Dissolution (സംഹാരം) എന്നീ മൂന്നു പ്രക്രിയകൾ സമന്വയിച്ചതാണ് GOD. ഹിന്ദു വിശ്വാസം അനുസരിച്ച് ഈ മൂന്ന് കർമ്മങ്ങൾ ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ മൂന്നു തത്വങ്ങൾ ചേർന്നാണ് നിർവ്വഹിക്കപ്പെടുന്നത്. ഏതൊരു വിശേഷ ഊർജ്ജമാണോ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് നിലനിർത്തികൊണ്ടു പോകുന്നത് ആ തേജസ് ഞങ്ങളുടെ ബുദ്ധിയേയും നയിക്കേണമേ എന്നതാണ് ഗായത്രി മന്ത്രത്തിന്റെ പൊരുൾ.

ഓം ഭൂർഭൂവസ്വഃ
തത് സവിതുർവരേണ്യം
ഭർഗ്ഗോ ദേവസ്യ ധീമഹി
ധീയോയോനപ്രചോദ യാത്.

ജാതിമതഭേദമന്യേ എല്ലാവർക്കും മനസ്സിൽ കൊണ്ടുനടക്കാവുന്ന ഒരു പ്രാർത്ഥനയാണ് ഗായത്രി മന്ത്രം. സൃഷ്ടി തത്വമായ ബ്രഹ്മാവിന്റെ മാനസ പുത്രിയാണ് ഗായത്രി. മറ്റെല്ലാ സങ്കല്പങ്ങൾക്കും ഒരു മുഖമുള്ള രൂപം നൽകി പ്രതിനിധീകരിക്കുമ്പോൾ സൃഷ്ടികർത്താവായ ബ്രഹ്മാവിന് നാലുമുഖങ്ങളാണ് നൽകിയിട്ടുള്ളത്. ഒരു വസ്തുവിനെ നിർവചിക്കുമ്പോൾ അതിന്റെ മാനങ്ങൾ (Dimension) വെളിപ്പെടുത്തുവാൻ 3 അളവുകൾ നീളം വീതി ഘനം (Space) ആവശ്യമാണ്. അത് നിലനിൽക്കുന്ന സമയം (Time) എന്ന മാനം കൂടിയാകുമ്പോഴേ ആ വസ്തുവിന്റെ നിർവ്വചനം പൂർണ്ണമാകുന്നുള്ളൂ. (Space Time) അങ്ങിനെ ബ്രഹ്മാവിന് നാലു മുഖങ്ങൾ വന്നു. നാലു മാനങ്ങളുള്ള സൃഷ്ടി നടക്കുന്നതിനു തൊട്ടു മുൻപ് അത് എങ്ങിനെ വേണമെന്ന ആശയം (Intelligence) അതിനെ ധീ എന്നോ ഭർഗ്ഗതേജസ്സെന്നൊക്കെയോ വിളിക്കാം സൃഷ്ടികർത്താവിന്റെ മനസ്സിൽ ഉണ്ടാകണമല്ലോ. അങ്ങിനെ ബ്രഹ്മാവിന്റെ മാനസപുത്രിയായ ഗായത്രിക്ക് അഞ്ച് മുഖങ്ങൾ വന്നു. അത് സ്ഥലകാലാതിർത്തികൾക്ക് (time space border) അപ്പുറമാണ്. ഗായത്രീദേവിയെ ചിത്രീകരിക്കുന്നത് അഞ്ചു മുഖങ്ങളുള്ള ദേവതയായിട്ടാണ്. പഞ്ചഭൂതങ്ങളും പഞ്ചപ്രാണനകളുമാകുന്ന അഞ്ചുമുഖങ്ങളാണ് ഗായത്രീമാതാവിനുള്ളത് എന്നും വ്യാഖ്യാനിക്കാറുണ്ട്. വിശ്വാമിത്ര മഹർഷിയാണ് ബ്രഹ്മാവിന്റെ മാനസപുത്രിയായ ഗായത്രിദേവിയെ ആദ്യമായി അവതരിപ്പിച്ചത്.

''ഗായത്രീ പ്രോച്യതേ തസ്മാദ് ഗായതാം ത്രായതേയത്''; ഈ മന്ത്രം ഗാനം ചെയ്യുന്ന വരെ രക്ഷിക്കുന്നതുകൊണ്ട് ഗായത്രി എന്ന പേരുണ്ടായി എന്നു യാജ്ഞവൽക്യ മഹർഷി അഭിപ്രായപ്പെടുന്നു. സവിതാവിനോടുള്ള ബന്ധം കൊണ്ട് (സവിതുർവരേണ്യം) സാവിത്രി എന്ന പേരും ഉണ്ട്. ഋഗ്വേദമടക്കമുള്ള മൂന്നു വേദങ്ങളിലും കാണുന്ന ഈ മന്ത്രത്തിന്റെ ഋഷി വിശ്വാമിത്രനാണെന്ന് പറഞ്ഞുവല്ലോ. ദേവത സവിതാവുമാണ്. ഗായത്രി ഛന്ദസ്സിൽ ആണ് ഈ മന്ത്രം രചിച്ചിട്ടുള്ളത്. ഗായത്രി ഛന്ദ സമ്മാഹം

ഛന്ദസ്സുകളിൽ ഞാൻ ഗായത്രിയാണ് എന്ന് ഭഗവത്ഗീതയിലെ വിഭൂതിയോഗത്തിൽ ഭഗവാൻ ഈ ഛന്ദസ്സിന്റെ വിശേഷ്യതയെ കുറിച്ചു പറഞ്ഞിട്ടുണ്ട്. സർവ്വശ്രേയസ്സുകൾക്കും നിദാനമായ ബുദ്ധിയുടെ ചോദനമാണ് മന്ത്രത്തിലെ പ്രാർത്ഥനാ വിഷയം. ഗായത്രീമന്ത്രത്തെ യാജ്ഞവൽക്യമഹർഷി വ്യാഖ്യാനം ചെയ്തിട്ടുള്ളതിങ്ങനെയാണ്. 'സവിതാവായിരിക്കുന്ന ദേവന്റെ ഏതൊരു വരേണ്യമായിരിക്കുന്ന ഭർഗ്ഗ തേജസ്സ് നമ്മുടെ ധീവൃത്തിയെ പ്രചോദനം ചെയ്യുന്നുവോ അതിനെ ഞങ്ങൾ ധ്യാനിക്കുന്നു'. ഭരദ്വാജ മഹർഷിയുടെ വ്യാഖ്യാനം ഇങ്ങനെയാണ് 'സവിതാവായിരിക്കുന്ന ദേവന്റെ യാതൊരു വരേണ്യമായിട്ടുള്ള ഭർഗ്ഗ തേജസ്സിനെ നമ്മൾ ധ്യാനിക്കുന്നുവോ അതു ഞങ്ങളുടെ ബുദ്ധിവ്യത്തികളെ പ്രചോദനം ചെയ്യട്ടെ'. ഇതേ മന്ത്രത്തെ അഗസ്ത്യ മഹർഷി വ്യാഖ്യാനിച്ചിരിക്കുന്നത് ഈ വിധത്തിലാണ്. 'യാതൊരുത്തൻ ഞങ്ങളുടെ ബുദ്ധിവൃത്തികളെ പ്രചോദനം ചെയ്യുന്നവോ ആ സവിതാവായിരിക്കുന്ന ദേവന്റെ വരേണ്യമായിട്ടുള്ള ഭർഗ്ഗതേജസ്സിനെ ഞങ്ങൾ ധ്യാനിക്കുന്നു'. ഭൂർ, ഭൂവ, സ്വ എന്നീ വ്യാഹൃതികളും ഓം എന്ന പ്രണവവും തത് പദത്തിന്റെ വിശേഷണങ്ങൾ ആണ്. ഇതു പോലെ ശ്രീ ശങ്കരാചാര്യർ മഹീധരാചാര്യർ, സയണാചാര്യർ, വിദ്യാരണ്യസ്വാമി, ഭട്ടോദീക്ഷിതർ തുടങ്ങിയവരും ഗായത്രീ മന്ത്രത്തിന് ഭാഷ്യമോ, പദാർത്ഥവിചാരമോ നടത്തിയിട്ടുണ്ട്.

ഓം പ്രപഞ്ചത്തിൽ ഏറ്റവും ആദ്യം ഉണ്ടായ ശബ്ദമാണ് ഓം എന്ന് വിശ്വസിക്കപ്പെടുന്നു. ആദിയിൽ വചനമുണ്ടായി ആ വചനം രൂപമായി മാറി എന്ന് അത്ര ഈശ്വരവിശ്വാസിയല്ലാത്തവനായിട്ടു കൂടി വയലാർ പാടിയിട്ടുണ്ട്. 'അ'കാരവും 'ഉ'കാരവും 'മ'കാരവും ചേർന്നിട്ടാണ് ഓങ്കാരമായിട്ടുള്ളത്. ഓങ്കാരം ഉച്ചരിക്കുമ്പോൾ 'അ'കാരം തൊണ്ടയുടെ അടിയിൽ നിന്നും തുടങ്ങി 'ഉ'കാരം ചുണ്ടുകളിൽ കൂടിവന്ന് 'മ'കാരം മനസ്സിൽ ലയിക്കുന്നത് അറിയാൻ സാധിക്കും. സൃഷ്ടി,സ്ഥിതി,ലയം എന്നീ മൂന്ന്

അവസ്ഥാവിശേഷത്തേയും (Generation, Operation, Disolution) ഓങ്കാരം പ്രതിനിധാനം ചെയ്യുന്നു. ഈ മൂന്നു അവസ്ഥാവിശേഷങ്ങളേയും പ്രതിനിധാനം ചെയ്യുന്ന ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ മൂർത്തി ത്രയ സങ്കല്പങ്ങളോട് ബന്ധപ്പെട്ടു കിടക്കുന്നതിനാൽ ഓങ്കാരത്തെ മൂർത്തിത്രയാത്മകമെന്നും പറയപ്പെടുന്നു. ഓം എന്ന ബീജമന്ത്രത്തെ പ്രണവം എന്നും പറയുന്നു. പ്രകർഷേണ നൂയതേ, സ്തുയതേ അനേന ഇതി നദസ്തി, സ്തൌദി ഇതിവ പ്രണവം. പ്രകർഷേണസ്തുതിക്കുന്നതു കൊണ്ട് പ്രണവം, ഭഗവത് ഗീതയിൽ ഓങ്കാരത്തെ ഏകാക്ഷര ബ്രഹ്മമെന്ന് വിശേഷിപ്പിക്കുന്നു. മാണ്ഡൂകോപനിഷത്തിൽ ഭൂതം,വർത്തമാനം,ഭാവി എന്നീ സ്ഥിതികാലങ്ങൾ ഓങ്കാരമാണെന്ന് പറഞ്ഞിരിക്കുന്നു. ത്രികാലങ്ങൾക്ക് അതീതമാണ് ഓംകാരമെന്നു പറഞ്ഞിട്ടുണ്ട്. അക്ഷരപരമായും മാത്രാപരവുമായി നോക്കിയാൽ ആത്മാവ് അഉമ്രൂപമാണ്. വൈദികശാസ്ത്രത്തിലെപ്പോലെ ധർമ്മശാസ്ത്രങ്ങൾ, പുരാണങ്ങൾ, ആഗമസാഹിത്യം എന്നിവയിലും ഓങ്കാരത്തിന്റെ മാഹാത്മ്യം വിവരിക്കുന്നുണ്ട്. ബൗദ്ധ, ജൈന മാർഗ്ഗങ്ങളും ഓങ്കാരത്തോട് ഭക്തി പ്രകടിപ്പിക്കുന്നു. എഴുത്തച്ഛന്റെ ഹരിനാമകീർത്തനം തുടങ്ങുന്നതുതന്നെ ഓങ്കാരത്തിന്റെ പൊരുളിനെ പറ്റിചൊല്ലികൊണ്ടാണല്ലൊ. പ്രണവ ധ്യാനം മോക്ഷത്തെ ഉളവാക്കുമെന്ന് ഗൗഡപാദാചാര്യൻ ഉപദേശിച്ചിട്ടുണ്ട്. കൃസ്തുമതത്തിലും ഇസ്ലാമതത്തിലും പ്രാർത്ഥനാവാചകത്തിന് ശേഷം എല്ലാവരും ചേർന്ന് ആമേൻ എന്ന് പറയാറുണ്ട്, ഓങ്കാരത്തിന്റെ വേറൊരു രൂപംതന്നെയല്ലേ ആമേൻ

ഭൂർ;=ഭവതീതി=ഭവിച്ചത്= That happened=That is created ചരങ്ങളും അചരങ്ങളുമായ എല്ലാഭൂതങ്ങളും ഇതിൽ ഉള്ളതുകൊണ്ട് ഭൂർ എന്ന പേര് സിദ്ധിച്ചിരിക്കുന്നു. ഇതു സമസ്ത ലോകങ്ങളുടെയും അതിലുള്ള പദാർത്ഥങ്ങളുടെയും സൃഷ്ടിസ്ഥിതിലയകാരണമാകുന്നു. ഈ പദത്തിന് സത്ത്(ഉള്ളത്) എന്ന ഈശ്വരാർത്ഥവുമുണ്ട്. ഭവതി=അസ്തി അതായത് സത് (ഉള്ളത്) എന്ന വ്യുല്പത്തി കൊണ്ട് ഭൂ എന്നതിന് സൻമാത്രാ എന്ന അർത്ഥം ആചാര്യപാദങ്ങൾ പറഞ്ഞിരിക്കുന്നു. എല്ലാ പ്രാണികളെയും ജീവിപ്പിക്കുന്നുതു കൊണ്ട് ഇതിനെ 'ഭൂരീതി വൈപ്രാണ': എന്ന ശ്രുതിപ്രാണനെന്നും, 'സ ഉപ്രാണസ്യാപ്രാണ' എന്ന ശ്രുതി പ്രാണനെന്നും അതു ഈശ്വരനാണെന്നും പറഞ്ഞുകാണുന്നുണ്ട് 'ഭൂരിതിവാ അഗ്നി' എന്ന ശ്രുതി ഇതിനെ അഗ്നിയായി പറഞ്ഞിട്ടുള്ളത് ഈശ്വരൻ എന്ന അർത്ഥം വച്ചാണ്.

ഭൂവ ഭാവയതീതിഭൂവ (operation) വിശ്വത്തെ ഭാവനം ചെയ്യുന്നതുകൊണ്ട് ഭൂവ എന്നു പറയുന്നു. എല്ലാ ലോകങ്ങളേയും നിലനിർത്തുന്നു(operation). ഭാവനം ചെയ്യുക= പ്രകാശിപ്പിക്കുക എന്ന വ്യൂല്പത്തിയുള്ളതുകൊണ്ട് ഭൂവ എന്ന പദത്തിന് എല്ലാത്തിനെയും പ്രകാശിപ്പിക്കുന്ന ചിദ്രൂപം എന്ന് ശങ്കരാചാര്യർ പറയുന്നു. സകലചരാചര ജഗദ്ധാരകനായ വായുവെന്നും ഇതിനർത്ഥമുണ്ട്. 'ഭൂവ ഇത്യപാന' എന്ന ശ്രുതി ഇതിന് അപാനൻ എന്ന അർത്ഥം പറയുന്നു. എല്ലാ ദുഃഖങ്ങളേയും ദൂരീകരിക്കുന്നതുകൊണ്ട് അപാനൻ എന്നു പറയുന്നു.

സ്വഃ = സുഷ്ഠം അവതി= നല്ല പോലെ പരിപൂർണ്ണതയെ പ്രാപിക്കുന്നത് (Complete by it self) അതായത് സുകൃതികളുടെ വാസസ്ഥലമായ സ്വർഗ്ഗം എന്നർത്ഥം. യാതൊന്നിൽ നിന്ന് ശീതം, ഉഷ്ണം വൃഷ്ടി, തേജസ്സ് , എന്നിവ ഉണ്ടാകുന്നുവോ അതിനെ സ്വർഗ്ഗ ലോകമെന്ന് ശ്രീ യാജ്ഞവൽക്യൻ പറയുന്നു. എല്ലാവരാലും നല്ലപോലെ വരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സുഖ രൂപത്തെ സ്വഃ എന്നു ആചാര്യപാദങ്ങൾ പറഞ്ഞിരിക്കുന്നു. സ്മര്യതേ, സ്തുതയേ, ഇതിസ്വഃ ആനന്ദം എന്നും ഇതിനർത്ഥം നൽകിയിട്ടുണ്ട്.

ഭൂർഭൂവസ്വഃ = സത്ത് ചിത്ത് ആനന്ദം=സച്ചിദാനന്ദം

തത്= നേരത്തേപരാമർശിച്ചത് (That mentioned earlier)

ഭൂർഭൂവസ്വഃ എന്ന സച്ചിദാനന്ദരൂപമായ ബ്രഹ്മത്തെയാണ് തത് എന്ന് വിവക്ഷിക്കുന്നത്. ഓം എന്ന പ്രണവവും, മൂന്നു വ്യാഹൃതികളും തത്പദത്തിന്റെ വിശേഷണങ്ങളാകുന്നു. സൂര്യമണ്ഡല മദ്ധ്യസ്ഥനായ പരബ്രഹ്മത്തെയാണ് തത് പദം കുറിക്കുന്നതെന്ന് ആചാര്യപാദങ്ങൾ പറയുന്നു. ഓം തൽ സദിതി നിർദ്ദേശോ ബ്രഹ്മണസ്ത്രിവിധഃ സ്മൃതി എന്ന ഗീതാ വചനം കൊണ്ട് തത് എന്നത് ബ്രഹ്മ പര്യായമെന്ന് പറയപ്പെടുന്നു.

സവിതുഃ= സവിതാവിന്റെ (Of the creator)

അവരവരുടെ വ്യാപാരങ്ങളിൽ പ്രേരിപ്പിക്കുന്ന അന്തര്യാമിയും വിജ്ഞാനസ്വരൂപനും ഹിരണ്യഗർഭനെന്ന ഉപാധിയോടുകൂടിയവനും ആയിരിക്കുന്ന വ്യാപകചൈതന്യമാണ് സവിതാവ്. എല്ലാത്തിനും ജൻമഹേതുകമായ ആ സവിതാവനെയാണ് ഇവിടെ വിവക്ഷിച്ചിട്ടുള്ളത്. ഷൂ = പ്രസവൈശ്വര്യയോ എന്ന ധാതുവിൽ നിന്നും നിഷ്പന്നമായ സവിതുപദത്തിനു സമസ്ത ജഗത്തിനും സമസ്ത ഐശ്വര്യത്തിനും ഉല്പത്തിസ്ഥാനം എന്നർത്ഥം. സവനം ചെയ്യുക =

രക്ഷിക്കുക എന്നതുകൊണ്ട് സവിതാവ് ത്രൈലോക്യ രക്ഷകനാകുന്നു എന്ന് ശ്രീയാജ്ഞവൽക്യൻ പറയുന്നു. സകലസൃഷ്ടിക്കും ഈശ്വരൻ സവിതാവാകുന്നു. എന്ന് കൃഷ്ണയജ്ജുർവേദം പറയുന്നു. (അറബിയിൽ സവി എന്ന പദത്തിന് ഉണ്ടാക്കുക, ചെയ്യുക എന്നർത്ഥമുണ്ട്).

വരേണ്യം = സ്വീകരിക്കാൻ യോഗ്യമായത് (Acceptable model, Dependable)

പ്രാർത്ഥിക്കുവാൻ യോഗ്യമായത് അതിശ്രേഷ്ഠമായത് ഏണ്യ എന്ന പ്രത്യയം ചേർന്ന് വൃജ്ജ് എന്ന ധാതുവിൽ നിന്നുണ്ടായതാണ് വരേണ്യം. ജൻമമൃത്യു മുതലായ ദുഃഖങ്ങളുടെ നാശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ യോഗ്യം. ചതുർവിധ പുരുഷാർത്ഥങ്ങളെ ആഗ്രഹിക്കുന്നവർക്കു പ്രാർത്ഥനീയ യോഗ്യമെന്നും, ഉപാരൂപേണയും ജ്ഞേയരൂപേണയും എല്ലാവർക്കും ഭജിക്കത്തക്കതെന്നും അഭോജ്ഞാനം കൊണ്ട് പ്രാർത്ഥനീയമെന്നും എല്ലാവർക്കും പ്രാർത്ഥനീയമായ നിരതിശയാനന്ദ രൂപമെന്നും, ആശ്രയീകരമെന്നും, സേവ്യമെന്നും വരേണ്യ പദത്തിന് അർത്ഥം പൂർവ്വാചാര്യൻമാർ സ്വീകരിച്ചിട്ടുണ്ട്.

ഭർഗ്ഗഃ (Destroys inhibitions, Destroys darkness, Destroys laziness and ignorance)

ആമർദ്ദനാർത്ഥത്തിലുള്ള ഭഞ്ജ്ധാതുവിൽ നിന്നും, ഭഞ്ജനാർത്ഥത്തിലുള്ള ഭുജ് ധാതുവിൽ നിന്നും ഭർഗ്ഗമെന്ന പദം സിദ്ധമാകുന്നു. ഭജിക്കുന്നവരുടെ പാപത്തെ നശിപ്പിക്കുന്നു എന്ന് അർത്ഥം പറയുന്നു. ദീപ്ത്യർത്ഥത്തിലുള്ള ഭ്രജ്ധാതുവിൽ നിന്നും ഭർഗ്ഗപദം നിഷ്പാദിപ്പിക്കാം. ഭാസുക്കളെക്കൊണ്ട് ഗമിക്കുന്നവൻ പാപങ്ങളെ നശിപ്പിക്കുന്ന തേജോമണ്ഡലം അവിദ്യാദി ദോഷങ്ങളെ ഭജ്ഞനം ചെയ്യുന്ന ജ്ഞാനസ്വരൂപം ആദിത്യന്തർഗതമായ ഈശ്വര തേജസ് എന്നെല്ലാം ഭർഗ്ഗതേജസിന് അർത്ഥം പറയാം.

'തജ്ജ്യോതിഃ പരമംബ്രഹ്മ, ഭർഗസ്തേജോയത സ്മൃതം, ഭേതിഭാസയതേലോകാൻ, രേതി രജ്ഞയതേ പ്രജാ, ഗഇത്യാഗച്ഛതേ ജസ്രം, ഭർഗാത് ഭർഗ ഉച്യതേ.'

'ഭ'കാരവും, 'രേഫ'വും, 'ഗ'കാരവും ചേർന്നാണ് ഭർഗ്ഗപദം ഉണ്ടായിട്ടുള്ളത് 'ഭ' കാരത്തിന് എല്ലാലോകങ്ങളെയും പ്രകാശിപ്പിക്കുന്നതെന്നും 'രേഫ' ത്തിന് പ്രജകളെ രഞ്ജിപ്പിക്കുന്നതെന്നും 'ഗ' കാരത്തിന് തന്നിൽ നിന്ന് സർവദാ ഭൂതങ്ങൾ വരികയും പോവുകയും ചെയ്യുന്നതെന്നും അർത്ഥമാക്കുന്നു.

(ഭാരതം എന്ന പേര് ഒരു പക്ഷെ ഇതിൽ നിന്നും ഉണ്ടായതാകണം എല്ലാ ലോകങ്ങളെയും ജ്ഞാനം കൊണ്ട് വേദങ്ങൾ ഉപനിഷത്തുക്കൾ, പ്രകാശിപ്പിക്കുന്ന 'ഭാ', എല്ലാ പ്രജകളേയും രഞ്ജിപ്പിക്കുന്ന ജനാധിപത്യം (Democracy) ര, തത്= ഭാരതം). ഇത്തരത്തിലുള്ള ആപ്തവചനങ്ങളിൽ നിന്നെല്ലാം ഭർഗ്ഗപദം സകലജഗദാധിഷ്ഠാനമായ പരബ്രഹ്മം തന്നെയെന്ന് സ്പഷ്ടമാകുന്നു.

ദേവസ്യഃ= ദേവനോട് ബന്ധപ്പെട്ടത് (Related to god = Divine)

ഷഷ്ഠി വിഭക്തിയായതുകൊണ്ട് ദേവന്റെ എന്നർത്ഥം ദിവ്ധാതുവിൽ നിന്നും അച് പ്രത്യയം ചേർന്നുണ്ടാകുന്ന ദേവപദത്തിനു പ്രകാശരൂപമെന്നും സർവ്വചരാചങ്ങളേയും പ്രകാശിപ്പിക്കുന്ന പരമാത്മാവുമെന്നർത്ഥം. ഒരേ ദേവൻ തന്നെയാണ് സർവ്വഭൂതങ്ങളിലും ഗൂഢനായും സർവ്വവ്യാപിയായും സർവ്വഭൂതങ്ങളുടെയും അന്നദാതാവായും കർമ്മങ്ങളുടെ അദ്ധ്യക്ഷനായും സർവ്വഭൂതങ്ങൾക്കും നിവസ്ഥനായും സാക്ഷിയായും കേവലനായും നിർഗുണനുമായിരിക്കുന്നത്.

ധീമഹി= ഞങ്ങൾ ധ്യാനിക്കുന്നു. (We Meditate)

ചിന്താർത്ഥത്തിലുള്ള ധ്യൈ എന്ന ധാതുവിന്റെ രൂപമാണ് ധീ. ഞങ്ങൾ ധ്യാനിക്കുന്നു. ഞാൻ ബ്രഹ്മമെന്ന ഭാവനയാണ് ധ്യാനം. കർമ്മയജ്ഞം, തപോയജ്ഞം, ജപയജ്ഞം ഇവയേക്കാൾ ശ്രേഷ്ഠമാണ് ധ്യാനയജ്ഞം. ധ്യാനം കൊണ്ട് മോഹങ്ങൾ ക്ഷയിച്ച അവസ്ഥ (മോക്ഷം)യും മോക്ഷം കൊണ്ട് സുഖവും സുഖം കൊണ്ട് ആനന്ദാഭിവൃദ്ധികളും ഉണ്ടാകുന്നു. ഈ ആനന്ദം തന്നെയാണ് ബ്രഹ്മം എന്ന് രുദ്രയാമളത്തിൽ പറഞ്ഞിട്ടുണ്ട്. 'ധ്യാനേന ലഭതേ മോക്ഷം, മോക്ഷേണ ലഭതേ സുഖം, സുഖേന ആനന്ദാഭിവൃദ്ധി, സ്യാനജോ ബ്രഹ്മവിഗ്രഹഃ'

ധിയഃ = നിശ്ചയാത്മകമായ ബുദ്ധി (unconditioned wisdom) ഭേദബുദ്ധിയില്ലാത്ത അവസ്ഥ.

സത്വ, രജോ, തമോ ഗുണങ്ങൾക്കതീതമായ ബുദ്ധി ധർമ്മാദികളെ വിഷയികരിക്കുന്ന ധീ എന്ന പേര് എന്നും ധീ എന്നത് ബുദ്ധിയേയും കർമ്മത്തേയും വാക്കിനേയും പറയുന്നു എന്ന സയനാചാര്യവാക്യം(സമാധി = ധിസമമായിട്ടുള്ള അവസ്ഥ)

യഃ = ഭർഗ്ഗ പദത്തിന്റെ വിശേഷണം സത്യജ്ഞാനാദി ലക്ഷണമായ വസ്തു ഏതൊന്നോ എന്നും യാതൊരു പ്രത്യാഗാത്മാവെന്നും യാതൊരു സവിധാവായ ദേവനെന്നും അർത്ഥം പറയാം.

നഃ നമ്മളുടെ = Related to ourselves

നമ്മളുടെ, ഞങ്ങളുടെ നമ്മെ സംബന്ധിക്കുന്നതെന്നും അർത്ഥം പറയാം.

പ്രചോദയാത് = പ്രചോദിപ്പിക്കട്ടെ = get motivated

പ്രേരണാത്മകമായ ചുദ് ധാതുവിന്റെ രൂപമാണ് ഇതു, പ്രകർഷേണ പ്രേരിപ്പിക്കപ്പെട്ട എന്നർ ത്ഥം ചേതനവും അചേതനവുമായ പദാർത്ഥങ്ങൾക്ക് ചൈതന്യപ്രദമായ ഭഗവാൻ പ്രേരണ നൽകുന്നു എന്നർത്ഥം. സത് കർമ്മങ്ങളിൽ അഭിരുചിയും ദുഷ്കൃത്യങ്ങളിൽ വൈമുഖ്യവും ഉളവാക്കി അന്തകരണ വൃത്തികളെ പ്രകാശിപ്പിക്കട്ടെ എന്നു ഭാവം.

ഓം ഭൂർഭുവഃസ്വ തത് സവിതുർവരേണ്യം ഭർഗ്ഗോ ദേവസ്യ ധീമഹി ധീയോ യോന പ്രചോദയാത്

മഹാഭാരതത്തിലെ അനുശാസനപർവ്വത്തിൽ ശരശയ്യയിൽ കിടക്കുന്ന ഭീഷ്മരോട് യുധിഷ്ഠിരൻ ഉപദേശങ്ങൾ ചോദിക്കുന്ന ഒരു ഭാഗമുണ്ട്. 'കർമ്മ പൂർത്തിക്കായി നിത്യവും ജപിക്കാവുന്ന മന്ത്രമേതാണെന്ന് പിതാമഹൻ പറഞ്ഞു തരണം'. ഭീഷ്മരുടെ ഉത്തരം ഇങ്ങനെ തുടങ്ങുന്നു.

രാജാവേ കേൾക്കു വിശ്വാമിത്രമഹർഷി ഉപദേശിച്ചു കൊടുത്ത് വേദവ്യാസ മഹർഷി എനിക്ക് ഉപദേശിച്ചു തന്ന, ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചുകൊണ്ട് മനശാന്തിയോടെ ഈ മന്ത്രം ചൊല്ലുന്നവർ ശ്രേഷ്ഠമായ സമ്പത്ത് നേടുന്നു. 'ഓം ഭൂർ ഭുവസ്വഃ തത് സവിതുർ വരേണ്യം ഭർഗ്ഗോ ദേവസ്യ ധീമഹി, ധീയോ യോന പ്രചോദയാത്.'

ജീവിതം സഫലവും ശ്രേഷ്ഠവുമാകുവാൻ ബുദ്ധി നിർമ്മലമാക്കിതരണേ എന്നാണ് ഗായത്രീ മന്ത്രത്തിന്റെ സംക്ഷിപ്ത രൂപം. പുരുഷാർത്ഥ രൂപത്തിന്റെ സുസ്ഥിതികൊണ്ടേ വിശ്വത്തിന് ഉന്നതി ഉണ്ടാകൂ. ധർമ്മ മോക്ഷങ്ങൾ വെടിഞ്ഞ് അർത്ഥകാമങ്ങൾ വഴി ലോകത്തിന് ഉന്നതി വരുത്താമെന്ന് രാഷ്ട്ര ശില്പികൾ സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന കാലമാണിത്. പ്രതിഭഗുണത്തി നുവേണ്ടി ഗായത്രി മന്ത്രം ഗാനം ചെയ്യുകയോ മനനം ചെയ്യുകയോ ചെയ്യുന്നവരുടെ ബുദ്ധിയുടെ സാരഥിയായി തീരുന്നത് ഭഗവാനാകയാൽ അവരുടെ ജീവിതം ധന്യമായി സമൂഹത്തിനു ഗുണകരമായി തീരുന്നതാണ്.

കുറച്ചു കൊല്ലങ്ങൾക്കു് മുൻപ് ഇറ്റലിയിലെ മോൻസാ നഗരത്തിലെ ഓമന മൃഗങ്ങളെ വളർത്തുന്ന ചിലർ (Pet owners), മത്സ്യങ്ങളെ ഗോളാകൃതിയിലുള്ള സ്ഫടികഗ്ലാസ്സുകൾക്കുള്ളിൽവളർത്തുന്നതിനെതിരെ രംഗത്തു വന്നിരുന്നു. കാരണം അകത്തുള്ള മത്സ്യം പുറത്തുള്ള ലോകത്തെ കാണുന്നത് വക്രീകരിച്ച പ്രതലത്തിലൂടെ ആകുമ്പോൾ യഥാർത്ഥ ലോകത്തെ പറ്റി മത്സ്യത്തിനുള്ള ധാരണയും വക്രീകരിച്ച അളവുകൾക്കനുസൃതമായിരിക്കുമെന്നും അതുകൊണ്ട് അത് മത്സ്യത്തിനോടുള്ള ക്രൂരതയാണെന്നും പറഞ്ഞുകൊണ്ടാണ്. ഇന്നു നാം കാണുന്ന പ്രപഞ്ചം യഥാർത്ഥത്തിൽ ഉള്ള പ്രപഞ്ചത്തിന്റെ അതേ രൂപത്തിലാണോ നാം കാണുന്നത്? നേരത്തെ പറഞ്ഞപോലെ മത്സ്യം കാണുന്ന വക്രീകരിച്ച അളവുകളിൽ കൂടിയും മാനങ്ങളിൽ കൂടിയും മാത്രമല്ലേ നമ്മളും പ്രപഞ്ചത്തെ കാണുന്നത്? നമ്മുടെ ഗണിത ശാസ്ത്രവും, ഭൗതികശാസ്ത്രവും ഈ മാനങ്ങളുടെ അടിസ്ഥാനങ്ങളിലല്ലേ തയ്യാറാക്കിക്കൊണ്ടിരുന്നത്. ആദ്യകാലങ്ങളിൽ ഭൂമി പരന്നതാണെന്നും, പിന്നീട് ഉരുണ്ടതാണെന്നും, ചെറിയ അണ്ഡാകൃതിയിലാണെന്നും പറഞ്ഞു വച്ചിരുന്നു. സൂര്യൻഭൂമിയെ ചുറ്റുന്നുവെന്നതായിരുന്നു വിശ്വാസം. പിന്നീട് ഭൂമി സൂര്യനെ ചുറ്റുന്നു എന്ന് സ്ഥാപിച്ചു. അടുത്ത കാലത്ത് ഭൂമിയുടെ ആകർഷണശക്തി ഗ്രാവിറ്റോൺ എന്ന പദാർത്ഥം കൊണ്ടുണ്ടായതാണെന്ന് കേട്ടിരുന്നു. ഇപ്പോൾ അത് തരംഗരൂപത്തിലാണെന്നും കണ്ടു പിടിച്ചിരിക്കുന്നു. ആറ്റം തിയറിയും സ്ട്രിങ് തിയറിയും കടന്ന് ദൈവ കണങ്ങൾ കൈക്കലാക്കാൻ ശ്രമം നടന്നുകൊണ്ടിരിക്കുന്നു. കറേ കഴിയുമ്പോൾ പഴയ തിയറികളെല്ലാം ഖണ്ഡിച്ച് പുതിയ ഒരു തിയറിയുമായി ശാസ്ത്രം മുന്നോട്ട് വന്നേക്കാം. ഒരു ശാസ്ത്രജ്ഞനായാലും, തത്വചിന്തകനായാലും, ഈശ്വരവിശ്വാസിയായാലും, യുക്തിവാദിയായാലും, നിരീശ്വരവാദിയായാലും ഏതു മതവിശ്വാസിയായാലും സ്വന്തം മാതാവിനെ നമിക്കാതിരിക്കുവാൻ കഴിയാത്തതുപോലെ സ്വന്തം ചിന്താമണ്ഡലത്തെ ഉദ്ദീപിക്കുന്ന ആ ഭർഗ്ഗ തേജസിനു മുൻപിൽ നമിക്കാതിരിക്കാൻ വയ്യ. ആ ദിവ്യ മന്ത്രമാണ് ഗായത്രി.


ഓം ഭൂർഭുവസ്വഃ
തത് സവിതുർവരേണ്യം,
ഭർഗ്ഗോ ദേവസ്യ ധീമഹി
ധിയോയോന പ്രചോദയാത് •

**ഗാത്രത്തെ നൽപ്പൊൻമയിലാക്കിയാലും**
**കൊക്കിങ്കൽ മാണിക്യമമുഴ്ത്തിയാലും**
**പത്രങ്ങൾ തോറും മണിക്കെട്ടിയാലും**
**കാകന്നു ഹംസപ്രഭ സംഭവിക്കാ**

**(സുഭാഷിത രത്നാകരം)**

കവിത

# പനി



പറവൂർ രാജഗോപാൽ

വിട്ടുമാറാത്തൊരീ പനിച്ചൂടിലിന്നു ഞാൻ
ഒട്ടുനേരം കണ്ണടച്ചു കിടന്നോട്ടെ.
ഉച്ചയായൂണു കാലമാകുന്നേരം
പത്തു വറ്റിട്ടു കഞ്ഞിമാത്രം മതി.

ധർമ്മപത്നിയെ നോക്കി മെല്ലെ ചൊല്ലി
കണ്ണടച്ചു ഞാൻ മയക്കം തുടങ്ങുമ്പോൾ
മുന്നിൽ വന്നു നിൽപ്പാണെന്റെ ചുറ്റിനും
മണ്മറഞ്ഞനകന്നവരെത്രയോ.

എന്നെ നോക്കി ചിരിച്ചുകൊണ്ടെൻമെയ്യിൽ
മന്ദമന്ദം തലോടി തഴുകിയാ
വെണ്ണപോലെ മിനുത്ത വിരൽ തുമ്പാ
ലൊൻപതാവർത്തിയെന്റെയാ പൂർവ്വികർ.

പിന്നെയെൻ കാതിലോതി ചിലതെല്ലാം
ചിട്ടയോടെ നിവർത്തിച്ചു കൊള്ളുവാൻ
എന്തിനെൻ ദുഃഖഭാരമിതിങ്ങനെ
യെന്നവർ മുന്നിൽ നിന്നു തിരക്കിമേൽ.

ഒന്നിനും പാത്രമാകുന്നില്ല നീ, കുറ്റ
മൊന്നുമേ നിൻപ്രകൃതിയാലല്ലെടോ
വന്നുചേരും വിധിച്ചതോരോ വിധം
മണ്ണിൽ മർത്ത്യനായ് ജീവിച്ചിരിക്കവെ!

കഞ്ഞി കാലമായൽപ്പം വിളമ്പിടാം
കൺതുറന്നെഴുന്നേൽക്കൂ, വരുയെന്നു
ധർമ്മ പത്നി തൻ സുസ്വരം കേൾക്കെ, ഞാൻ
കൺതുറന്നങ്ങു ചുറ്റും പരതുന്നു.

കണ്ടതൊക്കെയും സ്വപ്നസമാനമോ
കേട്ടതൊക്കെയും സത്യമോ മിഥ്യയോ ?
ചിന്തയിൽ ചുറ്റിഞ്ഞാനുഴറീടവേ, യെൻ
നെറ്റിയിൽ തൊട്ടു പത്നിചൊല്ലീടുന്നു
ഹാ വിട്ടുമാറിയല്ലോ ജ്വരപനി ! •



# ചില യാത്രാ വിശേഷങ്ങൾ



പി.ജയരാമൻ

ഈ കഴിഞ്ഞ ഏപ്രിൽ മെയ് മാസങ്ങളിൽ കുറച്ച് ദിവസങ്ങൾ ചിലവഴിക്കാൻ വേണ്ടി ഇംഗ്ലണ്ടിലേക്കും, സ്വിറ്റ്സർലണ്ടിലേക്കും ഒരു യാത്ര നടത്തി. ഈ യാത്രക്കിടയിൽ ഗ്രീസിന്റെ തലസ്ഥാന നഗരിയായ ഏതൻസിലും ഒരു വിനോദ സഞ്ചാരത്തിനായി 4 ദിവസങ്ങൾ ചിലവഴിച്ചു. ഈ യാത്രകളിലെ ചില അനുഭവങ്ങളാണ് ഇവിടെ പങ്കുവയ്ക്കാൻ ഉദ്ദേശിക്കുന്നത്.

ആദ്യം പോയത് ഇംഗ്ലണ്ടിലെ നോട്ടിംങ്ഹാം (Nottingham) എന്ന സ്ഥലത്തേക്ക്. കൊച്ചിയിൽ നിന്നും എത്തിഹാദ് എയർ വേയ്സിൽ അബുദാബി വഴി ലണ്ടനിലേക്ക്, മൊത്തം ഏതാണ്ട് 11 മണിക്കൂർ വിമാനയാത്ര. കൊച്ചിയിൽ നിന്ന് അബുദാബുയിലേക്കുള്ള വിമാനത്തിൽ മിക്കവാറും മലയാളികളായിരുന്നു. ആ വിമാനത്തിൽ ലഭിച്ച 'സർവ്വീസ്' താരതമ്യേന മോശമായിരുന്നു. മറിച്ച് അബുദാബിയിൽ നിന്നും ലണ്ടനിലേക്കുള്ള പ്ലെയിനിൽ സർവ്വീസ് തികച്ചും മെച്ചപ്പെട്ടതായിരുന്നു. ആദ്യത്തെ പാദത്തിലുണ്ടായ മോശമായ സർവ്വീസിനു കാരണം വ്യക്തമല്ല. ഒരു പക്ഷെ, യാത്രക്കാരായ നമ്മൾ ചില മലയാളികളുടെ പെരുമാറ്റത്തിലെ വൈകല്യമാണോ ഇതിനു കാരണമെന്ന് ഞാൻ സംശയിക്കുന്നു. കുറച്ചു പേരുടെ വിക്രിയകളുടെ ഫലം എല്ലാവരും അനുഭവിക്കേണ്ടി വരുന്നതാകാം. ഇതിനെക്കുറിച്ച് കൂടുതൽ വിവരിച്ച് ഒരു വിവാദം സൃഷ്ടിക്കുവാൻ എനിക്കാഗ്രഹമില്ല.

## നോട്ടിങ്ങ് ഹാം (Nottingham)

ഇൻഡ്യൻ സമയം രാവിലെ 10 മണിക്ക് കൊച്ചി വിമാനത്താവളത്തിൽ നിന്നും പുറപ്പെട്ട അതേ ദിവസം ഇംഗ്ലണ്ടിലെ സമയം വൈകുന്നേരം ഏതാണ്ട് 7 മണിയോടെ ലണ്ടനിലെ ഹീത്റോ (Heathrow) അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേർന്നു. അവിടെനിന്നും നോട്ടിംങ്ങ്ഹാമിലേക്കു തിരിച്ചു. ഏതാണ്ട് മൂന്നു മണിക്കൂർ കാറിലുള്ള യാത്ര. നോട്ടിങ്ങ് ഹാമിലെത്തിയപ്പോൾ പാതിര കഴിഞ്ഞിരുന്നു. (ഇവിടത്തെ സമയം പിറ്റേന്ന് വെളുപ്പിന് 5 മണി).

ഞങ്ങൾ നോട്ടിങ്ങ്ഹാമിൽ മൂന്നാഴ്ചക്കാലം താമസിച്ചു. അവിടെ കൊടും ശൈത്യകാലം കഴിഞ്ഞിരുന്നെങ്കിലും, നമ്മുടെ നിലവാരം വെച്ചു നോക്കുമ്പോൾ തണുപ്പുതന്നെയായിരുന്നു. പകൽ ഏതാണ്ട് 10–12 ഡിഗ്രി സെൽഷ്യസ്, രാത്രി 2–3 ഡിഗ്രിസെൽഷ്യസ് ഇംഗ്ലണ്ടിലെ കാലാവസ്ഥ പെട്ടെന്ന് മാറിക്കൊണ്ടിരിക്കും. രാവിലെ മഴയാണെങ്കിൽ ഉച്ചയാകുമ്പോഴേക്കും നല്ല വെയിൽ, വൈകുന്നേരം വീണ്ടും മഴ അതിനാൽ "England has no climate,it has only a weather" (ഇംഗ്ലണ്ടിന് കുറച്ചുകാലം നീണ്ടു നിൽക്കുന്ന ഒരു കാലാവസ്ഥയില്ല) എന്ന് പലപ്പോഴും പറഞ്ഞുകേൾക്കാറുണ്ട്. അവിടുത്തെ ഹൃസ്വകാല കാലാവസ്ഥാപ്രവചനങ്ങൾ തികച്ചും ശരിയാകാറുണ്ട്.പുറത്തെ തണുപ്പും, പലപ്പോഴുമുള്ള മഴയും മറ്റും കാരണം ഞങ്ങളുടെ വീടിനുപുറത്തേക്കുള്ള യാത്ര മുടക്ക ദിവസങ്ങളിൽ മാത്രമായി ചുരുങ്ങി. പല തവണ ഇംഗ്ലണ്ടിൽ പോയിട്ടുള്ളതിനാൽ കാണേണ്ട പല സ്ഥലങ്ങളും ഒന്നിൽ കൂടുതൽ തവണ മുൻപ് കണ്ടിട്ടുണ്ട്. എന്നിരുന്നാലും ഒരു ദിവസം പ്രകൃതി രമണീയമായ 'പീക്ക് ഡിസ്ട്രിക്റ്റിലെ ഡോവ് ഡേൽ' (Dovedale) എന്ന സ്ഥലത്തും, രണ്ടു ദിവസം ലണ്ടനിലും ഇത്തവണ ചിലവഴിച്ചു.

'ഡോവ് ഡേലി' ലേക്ക് നോട്ടിംഗ് ഹാമിൽ നിന്നും ഒരു മണിക്കൂർ കാറിൽ യാത്ര. പ്രസിദ്ധ കവി ബൈറൻ (Lord Byron 1785-1824) താമസിച്ചിരുന്ന കൊട്ടാര സദൃശമായ വീട് സന്ദർശിച്ചു. ഒരു മുറി നിറയെ അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളായിരുന്നു. ഇത്രയധികം

കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടന്നുള്ളത് എനിക്ക് ഒരു പുതിയ അറിവായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ ഡോൺ ജൂവാൻ '(Done Juan)' എന്ന കൃതിയെ പറ്റി മാത്രമേ മുൻപ് കേട്ടിരുന്നുള്ളു. ചുറ്റും മലകളും, മനോഹരമായ ചെറിയ ഒരു പുഴയും, കേരളത്തെ വെല്ലുന്ന പരവതാനി പോലെ കിടക്കുന്ന പച്ചപ്പുമായി പ്രകൃതി കനിഞ്ഞനുഗ്രഹിച്ച സ്ഥലമാണ് 'ഡോവ് ഡേൽ'. ബൈറൻ അസംഖ്യം കവിതകൾ രചിച്ചതിൽ അത്ഭുതമില്ല.

ലണ്ടനിൽ തെയിംസ് (Thames) നദിയുടെ തീരത്തുള്ള ലണ്ടൻ ടവർ (Tower Of London) ആണ് ആദ്യം സന്ദർശിച്ച സ്ഥലം. 1076 ൽ William the conqueror എന്ന ഇംഗ്ലണ്ടിലെ ഭരണാധിപതി (ഇംഗ്ലണ്ട് കീഴടക്കിയ അവസാനത്തെ ജേതാവ്) ലണ്ടൻ നഗരത്തെ സംരക്ഷിക്കാൻ ഉദ്ദേശിച്ച് നിർമ്മിച്ചതാണ് ഈ വലിയ കോട്ട. അതിന്റെയുള്ളിൽ ഒരു വലിയ കൊട്ടാരവും. ഏതാണ്ട് 10 ലക്ഷത്തിലധികം സന്ദർശകർ ഒരു വർഷം ഇവിടേക്ക് ആകർഷിക്കപ്പെടുന്നുണ്ടെന്ന് പറയപ്പെടുന്നു. നമ്മളെ സംബന്ധിച്ച് അവിടത്തെ മുഖ്യ ആകർഷണം അവിടെ പ്രദർശിപ്പിച്ചിട്ടുള്ള കോഹിന്നൂർ രത്നം പതിച്ച രാജകിരീടമാണ്. ഇതിനേക്കാൾ കൂടുതൽ കാരറ്റുള്ളതും ഭംഗിയുള്ളതുമായ ആഫ്രിക്കയിൽ നിന്നും കൊണ്ടുവന്നിട്ടുള്ള ചില രത്നങ്ങളും അവിടെ കാണാം. പഞ്ചാബിലെ രാജേന്ദ്രസിംഗ് എന്ന രാജാവ് ഈസ്റ്റ് ഇൻഡ്യ കമ്പനിക്ക് (East India Company) സമ്മാനമായി നൽകിയതാണ് 'കോഹിന്നൂർ' രത്നമെന്ന് പറയപ്പെടുന്നു. അങ്ങിനെയല്ല, തോക്ക് ചൂണ്ടി കൈവശപ്പെടുത്തിയതാണെന്നൊരു വീക്ഷണ ഗതിയുമുണ്ട്. ലണ്ടൻ ടവറിൽ ഇംഗ്ലണ്ടിലെ രാജാക്കൻമാരുടെ പലതരത്തിലുള്ള ആയുധങ്ങളും, രക്ഷാകവചങ്ങളും, കിരീടങ്ങളും, ആഭരണങ്ങളും, മറ്റും പ്രദർശിപ്പിച്ചിട്ടുണ്ട്.

അടുത്ത ദിവസം പ്രസിദ്ധമായ ബ്രിട്ടീഷ് മ്യൂസിയം കാണാൻ പോയി. ഇതിനു മമ്പ് ഒന്നോ രണ്ടോ തവണ അവിടെ പോയിട്ടുണ്ട്. എത്ര പ്രാവശ്യം പോയാലും മടുപ്പ് തോന്നാത്തതും, ഒരിക്കലും മുഴുവനും തൃപ്തികരമായി കാണാൻ സാധിക്കാത്തതുമായ വിശാലമായ ഒരു മ്യൂസിയമാണിത്. ദിവസവും തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങളിലേക്ക് 30 മിനിറ്റ് വീതം നീണ്ടു നിൽക്കുന്ന കണ്ണു തുറപ്പിക്കുന്ന ടൂർ (Eye opener Tour) ഉണ്ട്. ഒരു ഗൈഡ് കൂടെയുണ്ടാകും. ഈ സേവനം പ്രയോജനപ്പെടുത്തി ഞങ്ങൾക്ക് ജപ്പാൻ, പുരാതന ഗ്രീസ്, ചൈന, ഈജിപ്റ്റ്, ആഫ്രിക്ക, ഇൻഡ്യ മുതലായ ചില സെക്ഷൻസിൽ പോകാൻ സാധിച്ചു. ബ്രിട്ടീഷ് മ്യൂസിയത്തിനെ 'ലോകത്തിന്റെ മ്യൂസിയം,ലോകത്തിനുവേണ്ടിയുള്ളതും' (Museum of the world, for the world) എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് തികച്ചും അന്വർത്ഥമാണ്.

ലണ്ടനിലെ ലോക പ്രസിദ്ധമായ St.Paul's പള്ളിയിലും പോയിരുന്നു. ലോകത്തിലെ ഏറ്റവും അറിയപ്പെടുന്ന മൂന്ന് പള്ളികളിൽ ഒന്നാണിത്. മറ്റവ വത്തിക്കാനിലെ St.Peter's പള്ളിയും, സ്പെയിനിലെ സെവിൽ (Seville) എന്ന സ്ഥലത്തുള്ള പള്ളിയുമാണ്.

ഇംഗ്ലണ്ടിനെ കുറിച്ച് ഞങ്ങൾ പോയ സമയത്ത് കേട്ടിരുന്ന ഒന്ന് രണ്ട് വിഷയങ്ങളെ കുറിച്ച് ചുരുക്കി ഇവിടെ വിവരിക്കാം ঃ

ബ്രെക്സിറ്റ്(Brexit) എന്ന ഓമനപ്പേരിലറിയപ്പെടുന്ന വാദവിഷയം, ബ്രിട്ടൻ യൂറോപ്പ്യൻ യൂണിയനിൽ (European Union) തുടരണമോ വേണ്ടായോ എന്നതിനെ കുറിച്ചുള്ളതാണ്. ഇതിനെ പറ്റി തീരുമാനമെടുക്കാൻ ഇപ്പോഴത്തെ ബ്രിട്ടീഷ് ഗവൺമെന്റ് ഈ ജൂൺ 23 ന ഒരു ജനഹിതപരിശോധന (Referendum) നടത്തി ഈ ജനഹിത പരിശോധനയിൽ യൂറോപ്യനിൽ നിന്ന് വിട്ടുപോരാനാണ് തീരുമാനം.

ടാറ്റാ(Tata) കമ്പനി വാങ്ങിയ കോറസ് (Corus) കമ്പിനിയുടെ ബ്രിട്ടനിലെ വെയിൽസിലുള്ള (ഇംഗ്ലണ്ടും, വെയിൽസും, സ്കോട്ലന്റും കൂടിയ പ്രദേശത്തെയാണ് ബ്രിട്ടനെന്നറിയപ്പെടുന്നത്) ടാൽബോട് (Talbot) സ്റ്റീൽ യൂണിറ്റ്, ചൈനയിൽ നിന്നുള്ള കടുത്തമത്സരവും ആഗോളമാന്ദ്യവും മൂലം പൂട്ടൽ നേരിടുകയാണ്. പൂട്ടേണ്ടിവന്നാൽ ധാരാളം പേർക്ക് ജോലി നഷ്ടപ്പെടും. ടാറ്റാ ഒരു പുതിയ ഉടമസ്ഥനെ തേടുകയാണ്. പുതിയ മാനേജ്മെന്റ് വന്നാലും, ചിലവ് ചുരുക്കലിന്റെ ഭാഗമായി കുറെ പേർക്ക് ജോലി നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

ബ്രിട്ടീഷ് പെട്രോളിയം കമ്പനിയുടെ ഡയറക്ടർമാരുടെ ബോർഡ് (Board of Directors) അവരുടെ ചീഫ് എക്സിക്യൂട്ടീവിന്റെ (C E O) വാർഷിക ശമ്പള പാക്കേജ് 14 ദശലക്ഷം ബ്രിട്ടീഷ് പൗണ്ടായി (ഏതാണ്ട് 140 കോടി രൂപ) നിശ്ചയിച്ചിരുന്നു. എണ്ണ വില കുത്തനെ ഇടിഞ്ഞതിനാൽ കമ്പനി കഴിഞ്ഞ വർഷം വലിയ നഷ്ടത്തിലായിരുന്നു. ഇത് പരിഗണിക്കാതെയായിരുന്നു തീരെ ന്യായീകരിക്കാൻ കഴിയാത്ത ബോർഡിന്റെ ഈ നടപടി ഇതിനെ കമ്പനിയുടെ ഓഹരി ഉടമകൾ (Share holders) എതിർത്തതിനാൽ ബോർഡിന് താമസിയാതെ അവരുടെ തീരുമാനം മാറ്റേണ്ടി വന്നേക്കും.

ഇങ്ങനെയുള്ള തീരുമാനങ്ങൾ ഓഹരിയുടമകളാണ് എടുക്കേണ്ടതെന്നുള്ള ശക്തമായ അഭിപ്രായം നിലനിൽക്കുന്നുണ്ടെങ്കിലും ഇംഗ്ലണ്ടിലും അമേരിക്കയിലും മറ്റും ബോർഡ് ആണ് ഇപ്പോഴും ഇപ്രകാരമുള്ള തീരുമാനങ്ങൾക്കു പുറകിലുള്ളത്. ചീഫ് എക്സിക്യൂട്ടീവുകൾക്ക് ബോർഡിൽ സ്വാധീനം ചെലുത്താൻ താരതമ്യേന എളുപ്പമാണ്.

## ജനീവ (Geneva)

അടുത്ത സ്റ്റോപ് സിറ്റ്സർലണ്ടിലെ ജനീവ. ലണ്ടനിൽ നിന്ന് ഏതാണ്ട് രണ്ടു മണിക്കൂർ വിമാന യാത്ര. ജനീവയിലും ഞങ്ങൾ മൂന്നാഴ്ചക്കാലം താമസിച്ചു. ജനീവക്കുള്ള നാലാമത്തെ യാത്രയായിരുന്നതിനാൽ സ്വിറ്റ്സർലണ്ടിലെ പല സ്ഥലങ്ങളും നേരത്തെ സന്ദർശിച്ചിരുന്നു. ഇത്തവണ ജനീവ നഗരം മുഴുവൻ ഒരു 'Conducted bus tour' വഴി കണ്ടു. ജനീവയിലുള്ള പല അന്താരാഷ്ട്ര സംഘടകളുടേയും കൂറ്റൻ ഓഫീസ് കെട്ടിടങ്ങൾ കാണാൻ കഴിഞ്ഞു യുണൈറ്റഡ് നേഷൻസിന്റെ (U.N) റീജിയനൽ ഓഫീസ്, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ, (ILO) യുനസ്കോ (UNESCO), വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (WHO), വേൾഡ് ട്രെയ്ഡ് ഓർഗനൈസേഷൻ (WTO), ഇന്റർനാഷനൽ റെഡ്ക്രോസ്സ്, മുതലായവ.

ഏതാണ്ട് 12 കിലോ മീറ്റർ നീളവും, 140 അടി ആഴവുമുള്ള പ്രസിദ്ധമായ തടാകമാണ് ജനീവയിലെ മുഖ്യ ആകർഷണം. തടാകത്തിന്റെ ഉപരിതല വിസ്തീർണ്ണം (Surface area) 21.2 ചതുരശ്ര കിലോമീറ്റർ (Square km) വരും. പടിഞ്ഞാറൻ യൂറോപ്പിലെ ഏറ്റവും വലിയ തടാകം. തടാകത്തിൽ ബോട്ടിലും കപ്പലിലും യാത്ര ചെയ്യാൻ സൗകര്യമുണ്ട്. 140 മീറ്റർ ഉയരമുള്ള അതിലെ നീരുറവ (Fountain) പ്രസിദ്ധമാണ്. നല്ല സൂര്യപ്രകാശമുള്ള ദിവസം തടാകത്തിന്റെ തീരത്തുകൂടിയുള്ള നീണ്ട നടത്തം ധാരാളം ഉൻമേഷം പ്രദാനം ചെയ്യും. ഞങ്ങൾ പല ദിവസങ്ങളിലും അവിടെ പോയിരുന്നു.

Cathedral St.Piere എന്ന 16-ാം നൂറ്റാണ്ടിലെ കൃസ്തീയ ദേവാലയം ജനീവയിലെ മറ്റൊരാകർഷണമാണ്. പള്ളിയുടെ ടവറിന്റെ മുകളിൽ നിന്നും ജനീവ നഗരത്തിന്റെ കാഴ്ച തികച്ചും മനോഹരമാണ്. ഇപ്പോൾ അവിടെ ഒരു പള്ളി പ്രവർത്തിക്കുന്നില്ല. വിനോദസഞ്ചാരികൾക്ക് കാണാൻ ഉള്ള ഒരിടം മാത്രം.

ജനീവയിൽ ഫ്രഞ്ച് ഭാഷ അറിയാതെ ജീവിക്കാൻ പ്രയാസമാണ്. സ്വിറ്റ്സർലണ്ടിൽ ഏറ്റവും കൂടുതൽ പേർ സംസാരിക്കുന്ന ഭാഷ ജർമ്മൻ ആണ്. മറ്റ് രണ്ട് ഭാഷകൾ, ഇറ്റാലിയനും, റോമനിസ്ക് (Romanisque) എന്ന ഗിരി വർഗ്ഗക്കാരുടെ ഭാഷയുമാണ്. അന്താരാഷ്ട്ര സമൂഹം ധാരാളമുള്ള നഗരമായതിനാൽ ജനീവയിൽ ജീവിത ചിലവ് വളരെ കൂടുതലാണ്. യൂറോപ്പിലെ ഏറ്റവും ചിലവ് കൂടിയ നഗരമെന്ന് ജനീവയെ വിശേഷിപ്പിക്കാം. കാലാവസ്ഥ നോട്ടിങ്ങ്ഹാമിനേക്കാൾ മെച്ചം. തണുപ്പുകുറവാണെന്നു സാരം. സ്വിറ്റ്സർലണ്ടിൽ വിനോദസഞ്ചാരികൾക്ക് മികച്ച സൗകര്യങ്ങൾ നൽകുന്നു. Shengen വിസ സ്വീകാര്യമാണെങ്കിലും സ്വിറ്റ്സർലന്റ് യൂറോപ്യൻ യൂണിയനിൽ (EU) ചേർന്നിട്ടില്ല. ജനസംഖ്യ വളരെ കുറവ് 80 ലക്ഷം, കേരളത്തിന്റെ നാലിലൊന്ന്. ഗവണ്മെന്റ് തികച്ചും ജനായത്ത രീതിയിൽ പ്രവർത്തിക്കുന്നു. ജനഹിതപരിശോധന (Referendum) നടത്തിയാണ് പല നയപരമായ തീരുമാനങ്ങളും കൈക്കൊള്ളുന്നത്. ഗ്രാമപഞ്ചായത്തുകൾക്കും, സംസ്ഥാനങ്ങൾക്കും, കൂടുതൽ അധികാരം വികേന്ദ്രീകരിച്ച് കേന്ദ്രഗവണ്മെന്റ് വളരെ കുറച്ച് അധികാരം മാത്രമേ കയ്യാളുന്നുള്ളൂ.

## ഏതൻസ് (Athens)

ജനീവയിലുള്ളപ്പോൾ നാലു ദിവസത്തെ സന്ദർശനത്തിന് ഗ്രീസിന്റെ തലസ്ഥാനമായ ഏതൻസിൽ പോയിരുന്നു. അവിടെ തണുപ്പ് കുറെ കൂടി കുറവായിരുന്നു. ഞങ്ങൾ പോയ സമയത്ത് (മെയ് മാസത്തിലെ രണ്ടാമത്തെ ആഴ്ച) പകലത്തെ കൂടിയ താപനില 20 22 ഡിഗ്രി സെൽഷ്യസ് ആയിരുന്നു. തണുപ്പുകാലത്ത് കേരളത്തിലെ രാത്രിയിലെ കൂറഞ്ഞ താപനില തന്നെ. ഏതൻസിൽ ചരിത്രപരമായി പ്രാധാന്യമുള്ള നിരവധി സ്ഥലങ്ങൾ ഉണ്ട്. അവയിൽ ചിലത് മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. അവയെക്കുറിച്ച് ചുരുക്കത്തിൽ പ്രതിപാദിക്കാം.

### i) അക്റൊപോളീസ് (Acropolis)

അക്റൊപോളീസ് എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം കുന്നിൻ മുകളിലുള്ള നഗരം (City on the hill)കുന്നിന്റെ മുകളിൽ പണ്ടുണ്ടായിരുന്ന നഗരത്തിന്റെ അവശിഷ്ടങ്ങൾ കാണാം. ചുറ്റുമുയർന്ന മതിലുണ്ട്. പാർത്തിനോൺ (Parthenon) എന്ന 2500 ലധികം വർഷങ്ങൾ പഴക്കമുള്ള പ്രസിദ്ധ പാഗൺ ക്ഷേത്രം (Pagon Temple) അവിടെ കാണാം. പിന്നീട് അത് ക്രൈസ്തവ പള്ളിയും, മുസ്ലീം പള്ളിയും മറ്റു ആയെങ്കിലും ഇപ്പോൾ ഒരു പൈതൃക സൗധമായി (Heritage structure) നിലകൊള്ളുന്നു. ഈയിടെ പുനർനിർമ്മാണം നടത്തിയെങ്കിലും ഏതാണ്ട് പ

ഴയ രൂപത്തിൽ തന്നെ അവിടെ നിലകൊള്ളുന്നു. തൂണുകളും തറയുമെല്ലാം മാർബിളിലാണ്. പെരിക്ളിസ് (Pericles) എന്ന ഭരണാധികാരിയാണ് ഇത് വിഭാവനം ചെയ്തത്. വേറെയും പല സൗധങ്ങളും (Structure) അവിടെ കാണാം.

## ii) അഗോറ (Agora)

അഗോറ എന്നാൽ ചന്ത പുരാതന അഗോറ (Ancient Agora) എന്നും റോമൻ അഗോറ (Roman Agora) എന്നും രണ്ടു ചന്തകൾ ഉണ്ട്. ആദ്യത്തെതാണ് സോക്രട്ടീസ് (469 -399 BC)തന്റെ തത്ത്വദർശനങ്ങൾ (Philosophy) വെളിപ്പെടുത്താനും, St.Paul (49AD) ക്രിസ്തുമതം പ്രചരിപ്പിക്കാനുമുപയോഗിച്ചത്. റോമൻ അഗോറ, റോമാക്കാരുടെ ആധിപത്യകാലത്തെയാണ്. ഇവിടേയും പല സൌധങ്ങളും (Structures) , പ്രതിമകളും (sculptures) മറ്റും പാതി നശിച്ച അവസ്ഥയിലാണ്.

## iii) ഒലിംപിയൻ സിയസിന്റെ ക്ഷേത്രം (Temple of Olympian Zeus)

ഏതൻസിന് ആ നാമം ലഭിച്ചത് ഗ്രീക്ക് ദേവതയായ എതീന (Atheena) യിൽ നിന്നാണ്. അവരുടെ പിതാവാണ് സിയസ്( Zeus) BC ആറാം നൂറ്റാണ്ടിൽ പണി തുടങ്ങിയ ഈ ക്ഷേത്രം 700 വർഷത്തിനു ശേഷം AD 131 ൽ ആണ് മുഴുമിപ്പിച്ചത്.

## iv) പാനത്തെനിക് സ്റ്റേഡിയം (Panathenic Stadium)

ബി.സി. നാലാം നൂറ്റാണ്ടിൽ പണി തുടങ്ങിയ ഈ സ്റ്റേഡിയത്തിന്റെ ഔപചാരിക ഉദ്ഘാടനം നടന്നത് AD 120 ലായിരുന്നു. ഒളിംപിക് മത്സരങ്ങൾ അവിടെയാണ് നടന്നിരുന്നത്. ആധുനിക ഒളിംപിക് മത്സരങ്ങൾ തുടങ്ങുന്ന സമയത്ത് ഈ സ്റ്റേഡിയം പുതുക്കി നിർമ്മിച്ചു.

## v) അക്റൊ പൊലിസ് മ്യൂസിയം

പുതിയ മ്യൂസിയം 2009 ലാണ് തുറന്നത്. ഇതിന്റെ നിർമ്മാണത്തെക്കുറിച്ച് ഒരു കഥയുണ്ട്. ഗ്രീസിലെ അക്റൊ പൊലിസിൽ നിന്ന് മാർബിൾ ധാരാളം ഇംഗ്ലണ്ടിലേക്കു കടത്തിയിരുന്നു. ഇത് തിരിച്ച് ആവശ്യപ്പെട്ടപ്പോൾ അവ സൂക്ഷിക്കാൻ ഗ്രീസിൽ സൗകര്യമില്ലന്നായിരുന്നു മറുപടി. അതിനായി ഏതൻസിൽ ഒരു അക്റൊ പൊലിസ് മ്യൂസിയം തുറക്കാൻ തീരുമാനിച്ചു. കെട്ടിടം പണിയാൻ മൂന്നു കരാർകാരെ മാറി മാറി നിയോഗിച്ചു. ആർക്കും പണിയാൻ കഴിഞ്ഞില്ല. കാരണം ഒരാറടി കുഴിക്കുമ്പോഴേക്കും പഴയ നഗരത്തിന്റെ അവശിഷ്ടങ്ങൾ കാണാമായിരുന്നു. അവസാനം ജോലി ഏറ്റെടുത്ത കരാർകാരൻ വലിയ തൂണുകളിമേൽ പൊക്കി മ്യൂസിയത്തിന്റെ കെട്ടിടം പടുത്തുയർത്തി . മ്യൂസിയത്തിന്റെ ചില ഭാഗങ്ങളിൽ തറ ചില്ലുകൊണ്ട് മൂടിയിട്ടുണ്ട്. അതിലെ നോക്കിയാൽ താഴെ പഴയ നഗരത്തിന്റെ അവശിഷ്ടങ്ങൾ കാണാം.

അക്റൊ പൊലിസിൽ അവശേഷിച്ചിരുന്ന എല്ലാ അമൂല്യ വസ്തുക്കളും ഈ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഗ്രീസിലെ മിക്ക ദാർശനികരുടേയും പ്രതിമകൾ അവിടെ കാണാം. അത് അത്ഭുതമെന്നു പറയട്ടെ, സോക്രട്ടീസിന്റെ പ്രതിമ മാത്രം അവിടെ കണ്ടില്ല. ഞാൻ കാണാഞ്ഞതായിരിക്കുമെന്നു കരുതി അവിടെ ഉണ്ടായിരുന്ന ഒരു ഗൈഡിന്റെ സഹായം തേടി. അയാൾ സോക്രട്ടീസിന്റെ പേരു തന്നെ കേട്ടിരുന്നില്ല. വേറൊരു ഗൈഡ് അവിടെ ആ പ്രതിമയില്ല എന്നു പറഞ്ഞു. വിശ്വസിക്കാൻ പ്രയാസം തോന്നി. പിന്നീട് ഒരു സോവനീർ ആയി സോക്രട്ടീസിന്റെ പളുങ്കുകൊണ്ടോ, കളിമൺ കൊണ്ടോ ഉണ്ടാക്കിയ ഒരു ചെറിയ അർത്ഥകായ പ്രതിമ (Bust) യുടെ മോഡൽ വാങ്ങാൻ വേണ്ടി നിരവധി കടകൾ കയറിയിറങ്ങേണ്ടി വന്നു. യുവാക്കളെ തെറ്റിദ്ധരിപ്പിച്ചിരുന്നു എന്ന കുറ്റത്തിന് വിഷം കൊടുത്തു കൊല്ലാൻ കൽപ്പിക്കപ്പെട്ട സോക്രട്ടീസ് ഗ്രീക്ക് സർക്കാരിന്റെ ദൃഷ്ടിയിൽ ഒരു അസ്വീകാര്യനായ വ്യക്തി (Person non grate) യായി മാറിയിട്ടുണ്ടായിരുന്നോയെന്ന് ഞാൻ സംശയിക്കുന്നു. ഈ മ്യൂസിയത്തിൽ പ്രമുഖ ചിത്രകാരൻമാരുടെ ചിത്രങ്ങൾ, ഹോമർ പോലുള്ള എഴുത്തുകാർ, അലക്സാണ്ടർ ചക്രവർത്തി എന്നിവരുടെ പ്രതിമകളും അവരെ കുറിച്ചുള്ള വിവരങ്ങളും മറ്റും ലഭ്യമാണ്. പല പ്രതിമകളുടേയും, കയ്യോ കാലോ നശിപ്പിച്ചിരിക്കുന്നത് കാണാം.

## vi) നാഷണൽ ആർക്കിയോളജിക്കൽ മ്യൂസിയം

ലോകത്തിൽ ഏറ്റവും നല്ല പുരാവസ്തുക്കളുള്ള മ്യൂസിയങ്ങളിൽ ഒന്നായ ഇവിടെ അവയുടെ ഒരു കൂമ്പാരം തന്നെ കാണാം. 1866 ൽ സ്ഥാപിച്ചതാണ് ഈ മ്യൂസിയം. ആദിമ മനുഷ്യന്റെ (Human Sapiens) കാലം മുതലുള്ള ശേഖരങ്ങൾ അവിടെയുണ്ട്. കളിമൺ പാത്രങ്ങൾ, ആയുധങ്ങൾ, ശില്പങ്ങൾ, ചിത്രങ്ങൾ, മറ്റ് കലാസൃഷ്ടികൾ, വെള്ളിപ്പാത്രങ്ങൾ, സ്വർണ്ണാഭരണങ്ങൾ, ചെമ്പ് നിർമ്മിതമായ നിരവധി ശേഖരങ്ങൾ അങ്ങിനെ പലതും. ഇവയൊക്കെ

കാണാൻ പോകുമ്പോഴത്തെ മുഖ്യ പ്രശ്നം സമയ ദൗർലഭ്യം തന്നെ. ഒരാഴ്ച മുഴുവൻ കണ്ടാൽ തീരാത്ത മ്യൂസിയം അര ദിവസം കൊണ്ട് കാണാൻ ശ്രമിച്ചാൽ എന്തു സംഭവിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. എല്ലാ ഫലകങ്ങളിലും ഇംഗ്ലീഷിലും വിവരണങ്ങളുള്ളതിനാൽ വായിക്കാൻ ധാരാളമുണ്ട് താനും. ഒന്നും കാണാതിരിക്കുന്നതിനേക്കാൾ മെച്ചം സാധിക്കുന്നത്ര കാണുക എന്നു മാത്രം.

ഗ്രീസിനെ കുറിച്ച് ചുരുക്കി ചില വിവരങ്ങൾ കൂടി നൽകി ഈ ലേഖനം അവസാനിപ്പിക്കാം.

ജനാധിപത്യത്തിന്റെ ഈറ്റില്ലമാണ് ഗ്രീസ്. ആദ്യകാലത്ത് (500BC) പേർഷ്യയിൽ നിന്നു (ഇപ്പോഴത്തെ ഇറാൻ) ആക്രമണം നേരിട്ടിട്ടുണ്ട്. അവരെ തുരത്തിയ ശേഷം കുറച്ചു വർഷങ്ങൾ രാജ്യത്തിന്റെ സുവർണ്ണകാലം പെരിക്ളിസ്, സോഫോക്ളിസ്, സോക്രട്ടീസ്, പ്ളേറ്റോ, അരിസ്റ്റോട്ടിൽ, തുടങ്ങിയ മഹാരഥൻമാരുടെ കാലം (450-300BC) പിന്നീട് റോമാക്കാരുടെ ആധിപത്യം (200BC) 400 ADയോടെ ഗ്രീസ് ബൈസാന്റിയൻ (Byzantian) സാമ്രാജ്യത്തിന്റെ ഭാഗമായി. 1450നു ശേഷം ഓട്ടോമാൻ (Ottoman-Muslium) സാമ്രാജ്യത്തിന്റേയും, അവരിൽ നിന്നു 1882 ൽ രാജ്യം സ്വാതന്ത്ര്യം നേടി. ഗ്രീസിൽ ഇപ്പോൾ ജനാധിപത്യം നിലനിൽക്കുന്നു. അവർ യൂറോപ്പ്യൻ യൂണിയനിൽ (EU) അംഗമാണ്.

## മറ്റു ചില ഇപ്പോഴത്തെ വിശേഷങ്ങൾ:

ഏതൻസിൽ ടാക്സി ഡ്രൈവർമാർ മുതൽ ഹോട്ടൽ വെയിറ്റർമാർ വരെ ഇംഗ്ലീഷ് തരക്കേടില്ലാതെ സംസാരിക്കും.

ഹോട്ടലുകളുടേയും, റസ്റ്റോറന്റുകളുടേയും ഒരു വലിയ ശൃംഖല തന്നെ കാണാം. ഇവ പ്രവർത്തി ദിനങ്ങളിലും തിരക്കേറിയവയാണ്.

ഭക്ഷണത്തിനു വളരെ കുറഞ്ഞ വിലയാണ്. പൊതുവെ ചിലവ് കുറഞ്ഞ സ്ഥലം, പ്രത്യേകിച്ച് ജനീവയുമായി താരതമ്യം ചെയ്യുമ്പോൾ.

പ്രസിദ്ധ ഭക്ഷണ പദാർത്ഥങ്ങൾ: നീരാളി വരട്ടിയത് (Grilled Octopus), മൊഡാക്ക(മാംസമോ പച്ചക്കറിയോ ചേർത്തതാകാം പാലും ചീസും മറ്റും കലർന്ന സ്വാദിഷ്ടമായ ഒരു വിഭവം).

**ആകൃതിക്കൊത്തതാം ബുദ്ധി**
**ബുദ്ധിക്കൊത്തൊരു വിദ്യകൾ**
**വിദ്യകൾക്കൊപ്പമാരംഭം**
**ആരംഭം പോൽ ഫലാപ്തിയും**
**(രഘുവംശം)**

ഊസോ(Ouzo) പേരുകേട്ട ഗ്രീസിലെ മദ്യമാണ്. വലിയ വീര്യമുള്ളതാണ്. പട്ടച്ചാരായത്തിൽ ജീരകം കലക്കിയ സ്വാദ്. ഞാനൊന്ന് രുചിച്ച് നോക്കി തീരെ ഇഷ്ടപ്പെട്ടില്ല. ഗ്രീസിൽ മദ്യത്തിൽ പലതരത്തിലുള്ള സുഗന്ധവ്യഞ്ജനങ്ങളും(Spices) കലർത്താറുണ്ട്. ബിയറും വലിയ പ്രചാരമുള്ളതാണ്.

യാത്ര ചെയ്യുമ്പോൾ ആവശ്യത്തിനു അവിടത്തെ കറൻസി യൂറോ(Euro) കരുതണം. മറ്റ് കറൻസികൾ, അമേരിക്കൻ ഡോളർ പോലും പല സ്ഥലത്തും സ്വീകാര്യമല്ല.

കഴിയുന്നതും നടക്കാൻ ശ്രമിക്കുക. ടാക്സി ചിലവേറിയതാകാം. പ്രത്യേകിച്ച് വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക്. ഗ്രീസിലെ ചില ദ്വീപുകളിലേക്കും ഏതൻസിലെക്കാളും കൂടുതൽ വിനോദ സഞ്ചാരികൾ യാത്ര ചെയ്യുന്നു.

ഇപ്പോൾ ഗ്രീസിലെ സമ്പദ്‌വ്യവസ്ഥ തകർന്നിരിക്കുകയാണ്. കാരണം സാധാരണക്കാരന്റെ ഭാഷയിൽ പറഞ്ഞാൽ രാജ്യം വരവിനെക്കാൾ കൂടുതൽ ചിലവ് ചെയ്യുകയും, യാതൊരു നിയന്ത്രണവുമില്ലാതെ കടമെടുത്തു കൂട്ടുകയും ചെയ്തു. കൂടാതെ കടമെടുത്ത തുക ലാഭകരമായ കാര്യങ്ങൾക്ക് വിനിയോഗിക്കാതിരുന്നതിനാൽ കടം വീട്ടാൻ വീണ്ടും കടമെടുക്കേണ്ട സ്ഥിതിയാണ്.

ഏതൻസിൽ നിന്ന് ജനീവയിൽ മടങ്ങിയെത്തി രണ്ട് ദിവസങ്ങൾക്കകം നാട്ടിലേക്ക് പുറപ്പെട്ടു. മടക്കയാത്രയും അബുദാബി വഴി തന്നെ. പിറ്റേന്ന് ഉച്ചയോടെ കൊച്ചിയിൽ തിരിച്ചെത്തി. വീട്ടിൽ തിരിച്ചെത്തിയാലുള്ള സമാധാനവും, സന്തോഷവും വേറെ എവിടെ പോയാലും ലഭ്യമല്ല •


ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;
0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ





# കണ്ണ് രോഗങ്ങൾ

ഡോ. സരിത രമേഷ്

കാഴ്ചയെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളെയാണ് റിഫ്രാക്ടീവ് എറേഴ്സ് (Refractive Errors) എന്ന് പറയുന്നത്. കണ്ണിന് ഫോക്കസ് ചെയ്യാനുള്ള കഴിവ് നഷ്ടപ്പെടുന്നതാണിത്. തൻമൂലം കാഴ്ചയ്ക്ക് മങ്ങലുണ്ടാകും. ദീർഘദൃഷ്ടി, ഹ്രസ്വദൃഷ്ടി, അസ്റ്റിഗ്മാറ്റിസം, വെള്ളെഴുത്ത് എന്നിവ യെയാണ് പ്രൈമറി റിഫ്രാക്ടീവ് എറേഴ്സ് എന്നു പറയുന്നത്. എന്നാൽ ഡയബടിക് റെറ്റിനോപ്പതി, ഗ്ലൂക്കോമ എന്നീ രോഗങ്ങൾക്ക് കൃത്യമായ ചികിത്സ ലഭിച്ചില്ലെങ്കിൽ കാഴ്ച സ്ഥിരമായി നഷ്ടപ്പെടാനിടയാകും.

## ഹ്യസ്വദൃഷ്ടി


അകലെയുള്ള വസ്തുക്കൾ വ്യക്തമായി തിരിച്ചറിയാനാവാത്ത അവസ്ഥയാണ് മയോപ്പിയ അഥവ ഹ്രസ്വദൃഷ്ടി. എന്നാൽ അടുത്തുള്ളത് വ്യക്തമായി കാണാനും സാധിക്കും. കുട്ടിക്കാലത്തും കൗമാരത്തിലുമാണ് ഈ അവസ്ഥ ആരംഭിക്കുന്നത്. കണ്ണിലേക്ക് വരുന്ന പ്രകാശരശ്മികൾ റെറ്റിനയിൽ കേന്ദ്രീകരി ക്കുന്നതിന് പകരം റെറ്റിനയുടെ മുന്നിൽ പതിക്കുന്നതാണ് ഈ പ്രശ്നത്തിന് കാരണം. കോർണിയക്കോ ലെൻസിനോ ഉണ്ടാകുന്ന ചില വൈകല്യങ്ങളാണ് ഇതിനിടയാക്കുന്നത്. അകലെയുള്ള വസ്തുക്കളെ അവ്യക്തമായി കാണുക, ദൃശ്യങ്ങൾ വ്യക്തമാവാൻ കണ്ണുകൾ ചുളുക്കി നോക്കുക, കണ്ണിന് വലിച്ചിലും തലവേദനയും, കുട്ടികൾ ടി.വി. തൊട്ടടുത്ത് ഇരുന്ന് കാണുക എന്നിവയാണ് ലക്ഷണങ്ങൾ.

## ദീർഘദൃഷ്ടി

അടുത്തുള്ള വസ്തുക്കളെ വ്യക്തമായി കാണാത്ത അവസ്ഥയാണ് ഹൈപ്പർ മെട്രോപ്പിയ അഥവ ദീർഘദൃഷ്ടി. എന്നാൽ അകലെയുള്ള വസ്തുക്കളെ വ്യക്തമായി കാണുകയും ചെയ്യും. കണ്ണിലേക്ക് വരുന്ന പ്രകാശരശ്മികൾ റെറ്റിനയുടെ പിന്നിൽ കേന്ദ്രീകരിക്കുന്നതു മൂലമാണ് ഹൈപ്പർ മെട്രോപ്പിയ ഉണ്ടാകുന്നത്. സാധാരണയായി പ്രകാശത്തെ റെറ്റിനയിൽ തന്നെ കേന്ദ്രീകരിക്കാൻ ലെൻസ് സ്വയം പരമാവധി വൃത്താകൃതി സ്വീകരിക്കും. എന്നാൽ ദീർഘദൃഷ്ടിയുള്ളവർക്ക് ഇതിന് കഴിയില്ല. നേത്രഗോളങ്ങൾ ചെറുതാകുന്നതും കോർണിയ പരന്ന ആകൃതി കൈവരിക്കുന്ന തുമാണ് കാരണം. തലവേദന, കണ്ണ് വേദന, അടുത്തുള്ള വസ്തുക്കളെ ഫോക്കസ് ചെയ്യാൻ ബുദ്ധിമുട്ട്, വായന കഴിഞ്ഞാൽ കണ്ണിന് കടുത്ത ക്ഷീണം എന്നിവയാണ് ലക്ഷണങ്ങൾ. സാധാരണ കണ്ണ് പരിശോധന വഴി രോഗം നിർണയിക്കാം.

## വെള്ളെഴുത്ത്

അടുത്തുള്ള വസ്തുക്കളിൽ ഫോക്കസ് ചെയ്യാനുള്ള കണ്ണിന്റെ കഴിവ് പതുക്കെ നഷ്ടപ്പെടുന്ന അവസ്ഥയാണ് പ്രസ്ബയോപ്പിയ അഥവാ വെള്ളെഴുത്ത്. പ്രായമാകുമ്പോഴാണ് ഇത് വന്നെത്തുന്നത്. 40 വയസ്സ് പിന്നിടുമ്പോഴാണ് ഈ പ്രശ്നം സാധാരണ ആരംഭിക്കുന്നത്. അക്ഷരങ്ങൾ അവ്യക്ത മാകുന്നതിനാൽ പുസ്തകങ്ങൾ ദൂരെ പിടിച്ചു വായിക്കുക, സാധാരണ വായിക്കുന്ന അകലത്തിൽ കാഴ്ച അവ്യക്തമാകുക, തുടർച്ചയായി വായിക്കേണ്ടി വരുമ്പോൾ കണ്ണിന് ക്ഷീണവും തലവേദനയും ഉണ്ടാകും. ലെൻസിന്റെ ഇലാസ്തികത നഷ്ടപ്പെട്ട് കട്ടി കൂടുന്നതുമൂലമാണ് പ്രസ്ബയോപ്പിയ ഉണ്ടാകുന്നത്. ഇതോടെ അടുത്തുള്ള ദൃശ്യങ്ങളിൽ ഫോക്കസ് ചെയ്യാനുള്ള ലെൻസിന്റെ കഴിവും നഷ്ടപ്പെടും. അങ്ങനെ ദൃശ്യങ്ങൾ ലക്ഷ്യം മാറി ഫോക്കസ് ചെയ്യപ്പെടുകയും കാഴ്ച അവ്യക്തമാവുകയും ചെയ്യും. പ്രായമാവുമ്പോൾ സ്വാഭാവികമായി സംഭവിക്കുന്നതാണിത്. വിശദമായ കണ്ണ് പരിശോധന വഴി രോഗം നിർണ്ണയി ക്കാനാവും●



# ആഗസ്റ്റ് 15,1947

ടി.കെ. ശ്രീകുമാരൻ നായർ

ഇന്നേയ്ക്ക് 69 വർഷങ്ങൾക്കു മുമ്പ് ഇന്ത്യ സ്വതന്ത്രയായി, അതായത് നാം അടിമത്വത്തിൽ നിന്നും ബ്രിട്ടീഷ് കോളനി ഭരണത്തിൽ നിന്നും മോചിതരായി. 1947 നു മുമ്പ് ഭാരതം ബ്രിട്ടിഷ് ഇന്ത്യ ആയിരുന്നു. ഇന്ത്യ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, മ്യാൻമാർ, എന്നീ രാജ്യങ്ങൾ ചേർന്നതായിരുന്നു ബ്രിട്ടീഷ് ഇന്ത്യ. നേരിട്ടു ഭരിച്ചും കരാറുകളും സന്ധികൾ വഴിയും നാട്ടുരാജ്യങ്ങളെ ഭരിച്ചുമാണ് ഇന്ത്യയിൽ ബ്രിട്ടിഷ് രാജ് നില നിന്നിരുന്നത്. ബ്രിട്ടീഷ് ഇന്ത്യയുടെ ചരിത്രം എല്ലാവർക്കും അറിയാമെങ്കിലും നമ്മുടെ മുൻഗാമികൾ കടന്നു വന്ന വഴികളിലേക്ക് ഇന്നു തിരിഞ്ഞു നോക്കുന്നത് ഉചിത മായിരിക്കും.

ചരിത്രത്തിലെ വർണ്ണോജ്വലമായ പല നേട്ടങ്ങൾക്കും പലപ്പോഴും വളരെ വിനീതമായ തുടക്കമാണുണ്ടാകുക. സാമ്രാജ്യാധിപത്യത്തിലേക്ക് ബ്രിട്ടന്റെ യാത്ര കേവലം അഞ്ചു ഷില്ലിംഗിന്റെ പേരിലാണ് ആരംഭിച്ചത്. മലഞ്ചരക്കു വ്യാപാരം നിയന്ത്രിച്ചിരുന്ന ഡച്ചുകാർ ഒരു റാത്തൽ കുരുമുളകിന് അഞ്ചു ഷില്ലിംഗ് വർദ്ധന വരുത്തിയതാണിത്. ഒട്ടും നീതികരണമില്ലാത്ത ഈ നടപടിയിൽ രോഷം പൂണ്ട ലണ്ടൻ നഗരത്തിലെ 24 കച്ചവടക്കാർ 1599 സെപ്റ്റംബർ 24–ാം തീയതി ഒന്നിച്ചു കൂടി 25 ഷെയർ ഉടമ കളിൽ നിന്നും പിരിച്ചെടുത്ത 72000 പവൻ മൂലധനമായി ഒരു വാണിജ്യസ്ഥാപനം രൂപികരിച്ചു. ലാഭേച്ഛ മാത്രമായിരുന്നു അവരുടെ ലക്ഷ്യം. ഇവരുടെ ഈ കമ്പിനിയാണ് പിന്നീട് വികസിച്ചതും സാമ്രാജ്യ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യ കമ്പിനിയായതും.

കമ്പിനിയുടെ പ്രവർത്തനത്തിന് ഔദ്യോഗിക അനുമതി ലഭിച്ചത് 1599 ഡിസംബർ 31–ാം തീയതി ആണ്. തുടക്ക ത്തിൽ 15 വർഷത്തേയ്ക്ക കേപ് ഓഫ് ഗുഡ് ഹോപ്പിന് അപ്പുറമുള്ള എല്ലാ രാജ്യങ്ങളുമായും വ്യാപാരം നടത്തുവാനുള്ള കുത്തകാവകാശം കമ്പിനിക്കു നല്കികൊണ്ടുള്ള രാജകീയ ശാസനയിൽ 'പ്രഥമ എലിസബത്തു രാജ്ഞി' ഒപ്പുവെച്ചു.

എട്ടു മാസങ്ങൾക്കു ശേഷം ഹെക്ടർ എന്ന ചെറുപടക്കപ്പൽ ബോംബെക്കു വടക്കുള്ള സൂറ്റ് തുറമുഖത്തിൽ നങ്കൂരമിട്ടു. അങ്ങനെ 1600 ആഗസ്റ്റ് 24–ാം തീയതി ബ്രിട്ടീഷുകാർ ഇന്ത്യയിലെത്തി.

വില്യം ഹോക്കിൻസ് ആഗ്രയിലെത്തി മഹാനായ മുഗൾചക്രവർത്തി ജഹാം ഗീറിനെ കണ്ടതോടെ അദ്ദേഹത്തിന്റെ നഷ്ടബോധം അവസാനിച്ചു. പ്രതാപ ശാലിയായ ജഹാംഗീർ ചക്രവർത്തിയുമായി താരതമ്യപ്പെടുത്തുമ്പോൾ വെറുമൊരു കുഗ്രാമത്തിലെ നാടുവാഴി മാത്രമാണ് എലിസബത്തു രാജ്ഞിയെന്ന് ഹോക്കിൻസിനു തോന്നി. ഏഴുകോടി ജനങ്ങളുടെ മേൽ ആധിപത്യം പുലർത്തിപ്പോന്ന ജഹാംഗീർ ചക്രവർത്തി ലോകത്തിലെ ഏറ്റവും വലിയ സമ്പന്നനും ശക്തനുമായ സാമ്രാട്ടായിരുന്നു.

തന്റെ രാജധാനിയിൽ എത്തിയ ആദ്യത്തെ ഇംഗ്ലീഷുകാരനെ ചക്രവർത്തി സ്വീകരിച്ചത് കമ്പിനി ഓഹരി ഉടമകളെപ്പോലും അമ്പരിപ്പിക്കുന്ന വിധത്തിലായിരുന്നു. അദ്ദേഹം ഹോക്കിൻസിന് രാജകുടംബത്തിനു മാത്രമുള്ള സ്ഥാനം നൽകി. ചക്രവർത്തിയുടെ അന്തഃപുരത്തിലെ അതിസുന്ദരിയായ ആർമീനിയൻ കൃസ്ത്യൻ യുവതിയെയും അദ്ദേഹത്തിനു സമ്മാനിച്ചു.

ബോംബെയുടെ വടക്കൻ പ്രദേശത്ത് പണ്ടികശാലകൾ തുറക്കുവാൻ ഈസ്റ്റ് ഇന്ത്യ കമ്പിനിക്ക് അധികാരം നൽകുന്ന തീട്ടൂരം ജഹാംഗീർ ചക്രവർത്തി ഒപ്പുവച്ചു. മലഞ്ചരക്കുകളും, പഞ്ചസാരയും, അംസംസ്കൃത പട്ടും, മസ്ലിൻ തുണിയുമായി എല്ലാ മാസവും രണ്ടു കപ്പലുകൾ വീതം തെംസ് നദീതടത്തിലെ തുറമുഖങ്ങളിലേക്ക് അടുത്തു തുടങ്ങി. ഇംഗ്ലണ്ടിൽ നിന്നും ബ്രിട്ടിഷ് ഉൽപന്നങ്ങളുമായി ആ കപ്പലുകൾ തിരിച്ച് ഇന്ത്യയിലേക്കും യാത്ര ചെയ്തു.

നാടുവാഴികളും നാട്ടുകാരും ബ്രിട്ടീഷുകാർക്കു സ്വാഗതം അരുളി. വാണിജ്യ വ്യാപ്തി വർദ്ധിച്ചതോടെ കമ്പിനി അധികൃതർ പ്രാദേശിക രാഷ്ട്രീയത്തിൽ

ഇടപെടാൻ തുടങ്ങി.

1757 ജൂൺ 23-ാം തിയതി കോരിച്ചൊരിയുന്ന മഴയത്ത് 39-ാം കാലാൾപടയിൽ പെട്ടു. 900 ഇംഗ്ലീഷു ഭടൻമാരെയും 2000 ഇന്ത്യൻ ശിപായിമാരെയും നയിച്ചു കൊണ്ട് റോബർട്ട്ക്ലൈവ് എന്ന പടനായകൻ ബംഗാളിലെ പ്ലാസിഗ്രാമത്തിൽ വച്ച് ബംഗാൾ നവാബ് സിറാജ് ദൗളയെ തുരത്തി ഓടിച്ചു. ഈ വിജയം അവർക്ക് ഉത്തരേന്ത്യയുടെ കവാടങ്ങൾ തുറന്നു കൊടുത്തു. അതോടെ ബ്രിട്ടീഷുകാർ ശരിയായ അർത്ഥത്തിൽ ഇന്ത്യയെ കീഴടക്കി തുടങ്ങി. 1760 ൽ ഫ്രഞ്ചുകാരെ കൂടി ഇന്ത്യയിൽ നിന്നും ഓടിച്ചതോടുകൂടി അവർക്ക് ആരും എതിരില്ലാതായി. പിന്നീട് ടിപ്പുസുൽത്താനെ മൈസൂരിൽ നിന്നും ഓടിച്ചതോടെ അവർക്ക് തെക്കേ ഇന്ത്യയിലും ആധിപത്യം സ്ഥാപി ക്കുവാൻ കഴിഞ്ഞു.

ഇന്ത്യ ഭരിക്കുവാൻ ഈസ്റ്റ് ഇന്ത്യാ കമ്പിനി ന ടപ്പാക്കിയ സമ്പ്രദായം19 ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് സിവിൽ സർവ്വീസ് സമ്പ്രദായത്തിനു മാതൃകയായി. 1771-73 കാലത്തിൽ ബംഗാളിൽ ലക്ഷകണക്കി നാളുകൾ ക്ഷാമം മൂലം മരിച്ചപ്പോൾ കൂടുതൽ നികുതിക്കുവേണ്ടി നിർബന്ധിക്കുകയായിരുന്ന കമ്പിനി ചെയ്തത്.

കമ്പനിയുടെ ദുഷ്ടതക്കെതിരായി 1857 ൽ ഒന്നാം സ്വാതന്ത്ര്യസമരം പൊട്ടി പുറപ്പെട്ടു. ഇതിനെ ശിപായി ലഹള എന്നാണ് കമ്പിനി വിശേഷിപ്പിച്ചത്. കമ്പിനിപ്പട്ടാളത്തിലെ ഇന്ത്യാക്കാരുടെ സ്ഥിതി വളരെ ദയനീയമായിരുന്നു. പട്ടാളക്കാരുടെ പ്രതിഷേധം ബ്രട്ടീഷുമേലധികാരികൾ ചെവികൊള്ളാതിരുന്ന പ്പോൾ സേനയിൽ കലാപം പൊട്ടിപ്പുറപ്പെട്ടു. മംഗൾപാണ്ഡെ എന്ന പട്ടാളക്കാരനായിരുന്നു നേ തൃത്വം നൽകിയത്. അദ്ദേഹം പരേഡ് ഗ്രൗണ്ടിൽ വച്ച് ഒരു ബ്രിട്ടീഷ് സർജന്റിനെ വെടിവച്ചു വീഴ്ത്തി ബ്രിട്ടീഷുകാർ പാണ്ഡയെ പിടികൂടി. 1857 ഏപ്രിൽ 8 ന് തൂക്കിക്കൊന്നു. ഈ സംഭവം ഇന്ത്യയിൽ ബ്രിട്ടനെതിരായ സമരത്തിനു തിരി കൊളുത്തി.

258 കൊല്ലത്തെ ഫലപ്രദമായ പ്രവർത്ത നത്തിനുശേഷം കമ്പിനിയുടെ അസ്തിത്വം തന്നെ അവസാനിച്ചു. 30 കോടി ഇന്ത്യക്കാരുടെ ഭാഗധേയം നിർണയിക്കു വാനുള്ള ചുമതല 39 കാരിയായിരുന്ന സ്ത്രീയുടെ കൈകളിൽ സമർപ്പിതമായി. ലോകാ ധിപത്യം സ്ഥാപിക്കുവാനുള്ള ബ്രിട്ടന്റെ വെമ്പലിന്റെ പ്രതീകമായി തീർന്നു ആ സ്ത്രീരൂപം, വിക്ടോറിയ രാജ്ഞി. അവിടിന്നിങ്ങോട്ട് ഇന്ത്യയിലെ ബ്രിട്ടന്റെ അധികാരമത്രയും ബ്രിട്ടീഷു കിരീടത്തിൽ നിക്ഷി പ്തമായി.1877 ൽ 'വിക്ടോറിയ രാജ്ഞി' 'ഇന്ത്യാ ചക്രവർത്തിനി' എന്ന പദവി സ്വീകരിച്ചു. ചക്ര വർത്തിയെ പ്രതിനിധാനം ചെയ്യുന്ന തിനു നിയുക്ത രാജാക്കൻമാരായി വൈസ്രോയിമാരും നിയമിതരായി. അങ്ങനെ ബ്രിട്ടൻ മാനവ രാശിയുടെ അഞ്ചിൽ ഒന്നു വരുന്ന ജനവിഭാഗത്തെ ഭരിച്ചു തുടങ്ങി. ഈ ചുമതല ആത്യന്തികമായി നിർവ്വഹിച്ചത് ഇന്ത്യൻ സിവിൽ സർവ്വീസിലെ 2000 അംഗങ്ങളും ഇന്ത്യൻ സേനയിലെ 1000 ബ്രിട്ടീഷ് ഓഫീസർമാരുമായിരുന്നു.

സൈനികസഹായം നൽകിയും നേരിട്ട് പിടിച്ചെടുത്തുമാണ് ഇന്ത്യയിലെ എല്ലാ നാട്ടുരാ ജ്യങ്ങളും ബ്രിട്ടീഷ് അധീനതയിൽ കൊണ്ടു വന്നത്. 1792 ൽ ശ്രീരംഗ പട്ടണത്തിൽ വച്ച് ടിപ്പു സുൽത്താനെ തോൽപ്പിച്ച് മലബാറും ബ്രിട്ടൻ സ്വന്തമാക്കി. അതോടെ 1857 മുതൽ 1947 വരെ ഇന്ത്യാഭൂഖണ്ഡം ബ്രിട്ടനു സ്വന്തമായി.

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ബ്രിട്ടൻ ഇന്ത്യാക്കാർക്കും സിവിൽ സർവീസിലും ഭരണരംഗത്തും പങ്കാളിത്തം നൽകി പരിഷ്കാ രങ്ങൾ കൊണ്ടു വന്നു. എന്നാൽ ഈ പരിഷ്കാ രങ്ങൾക്കൊന്നും രാജ്യത്ത് ഉയർന്നു വന്ന സ്വാതന്ത്ര്യ ദാഹത്തെ കെടുത്താനായില്ല.

കമ്പിനിയുടെ ദുരധികാരത്തിനും നിഷ്ഠുരത ക്കുമെതിരെ ഇന്ത്യയുടെ നാനാഭാഗത്തും വിപ്ലവങ്ങൾ പൊട്ടി പുറപ്പെട്ടു. രാഷ്ട്രീയ സമരത്തിൽ ഏറ്റവും അത്ഭുതകരമാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരം. അഹിംസയും, സഹനവും ആയുധ മാക്കിക്കൊണ്ടുള്ള ഐതിഹാസിക സമരം ലോകമെമ്പാടുമുള്ള മർദ്ദിത ജനങ്ങൾക്ക് ആവേശം പകർന്നു. 1857 നുശേഷം ഇന്ത്യയിൽ ദേശാഭിമാനബോധവും രാഷ്ട്രീയ ബോധവും വർദ്ധിക്കുവാൻ തുടങ്ങി. ഗാന്ധിജിയും, നെഹ്റുവും, വല്ലഭായി പട്ടേലുമുൾപ്പടെയുള്ള അസംഖ്യം ജനനായ കരുടെയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും മറ്റു രാഷ്ട്രീയ പ്ര സ്ഥാനങ്ങളുടെയും വിവിധതരം സമരങ്ങളുടെയും കഥയാണ് ഇന്ത്യൻ ദേശിയപ്രസ്ഥാനത്തിന്റെ കഥ.

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിനു ശബ്ദം ന ൽകിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. 1885 ൽ സ്കോട്ട് ലന്റുകാരൻ അലൻ ഒക്ടോവിയൻ ഹ്യൂമിന്റെ നേതൃത്വത്തിൽ ആരംഭിച്ച കോൺഗ്രസ്സ് ആദ്യകാലത്തു സ്വാതന്ത്ര്യ പ്രസ്ഥാനമായിരുന്നില്ല. അതിനു മുൻപു തന്നെ ദാദാഭായി നവറോജി ആരംഭിച്ച ഇന്ത്യൻ നാഷണൽ അസ്സോസിയേഷൻ കോൺഗ്രസിൽ ലയിച്ചതോടെ അതു ദേശിയ

സ്വാഭാവമുള്ള സംഘടനയായി മാറി.

ബ്രിട്ടീഷുവൈസ്രോയി ആയിരുന്ന കഴ്സൺ 1905 ൽ ബംഗാളിനെ രണ്ടായി വിഭജിച്ചതോടെയാണ് ഇന്ത്യയിൽ ദേശീയ വികാരം അലയടിച്ചുയർന്നത്. രാജ്യത്തുടനീളം ബ്രിട്ടനെതിരായി കലാപങ്ങൾ ഉയർന്നു.

1906 ൽ രൂപം കൊണ്ട മുസ്ലീംലീഗ് മുസ്ലിംങ്ങളുടെ ആവശ്യങ്ങൾ നേടിയെടു ക്കുന്നതിനായി ബ്രിട്ടനുമായി കൂറു പുലർത്തി. 1911 ൽ ഇന്ത്യ സന്ദർശിച്ച ബ്രിട്ടീഷ് രാജാവ് ജോർജ് അഞ്ചാമൻ ബംഗാൾ വിഭജനം റദ്ദാക്കി. ബ്രിട്ടീഷ് ഇന്ത്യയുടെ തലസ്ഥാനം കൽക്കട്ടയിൽ നിന്നും ഡൽഹിയിലേക്കുമാറ്റുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധത്തിൽ 13 ലക്ഷത്തോളം ഇന്ത്യൻ സൈനികർ യൂറോപ്പിലും ആഫ്രിക്കയിലും ബ്രിട്ടനുവേണ്ടി യുദ്ധം ചെയ്തു. ലക്ഷകണക്കിനാളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. ഈ അവസരത്തിലും ബ്രിട്ടൻ നികുതിഭാരം വർദ്ധിപ്പിച്ച് ഇന്ത്യയെ വീർപ്പുമുട്ടിക്കുകയാണ് ചെയ്തത്. യുദ്ധാനന്തരം ബ്രിട്ടൻ ഇന്ത്യയിൽ ഭരണനവീകരണ പരിപാടികൾ ആരംഭിച്ചു എങ്കിലും അത് ഇന്ത്യക്കാരുടെ സ്വാതന്ത്ര്യമോഹത്തെ തൃപ്തിപ്പെടുത്തിയില്ല. പത്രങ്ങളെ നിശബ്ദരാക്കുവാനും രാഷ്ട്രീയ പ്രവർത്തകരെ വിചാരണ കൂടാതെ തുറങ്കിലടക്കുവാനും നിർദ്ദേശിക്കുന്ന റൗലത്ത് ആക്ട് വഴി ബ്രിട്ടൻ ഭരണപരിഷ്കാര പദ്ധതിക്കു തുരങ്കം വയ്ക്കുകയാണ് ചെയ്തത്. ഇതിനെതിരായി കോൺഗ്രസ്സ് രാജ്യവ്യാപകമായി ഹർത്താൽ ആഹ്വാനം ചെയ്തു. ഇതാണ് ഇന്ത്യയിലെ ആദ്യത്തെ ദേശീയ ഹർത്താൽ.

1919 ഏപ്രിൽ 13 ന് അമൃതസറിലെ ജാലിയൻ വാലാബാഗിൽ സിക്കു മതോത്സവമായ വൈശാഖി ആഘോഷം നടക്കുക യായിരുന്നു. ജനക്കൂട്ടത്തിനു നേരെ വെടിവയ്ക്കുവാൻ ബ്രിട്ടീഷു സൈനിക മേധാവി ബ്രിഗേഡിയർ ജനറൽ മൈക്കേൽ ഡെയർ ഉത്തരവിട്ടു. 400 ഓളം ആളുകൾ ഇവിടെ മരിച്ചു. ആയിരക്കണക്കിനാളുകൾക്ക് ഗുരുതരമായ പരുക്കുകൾ ഉണ്ടായി. ബ്രിട്ടീഷു വിരോധം ആളിപ്പടരുന്നതിന് ഇതു കാരണമായി.

1869 ഒക്ടോബർ 2 ന് ഗുജറാത്ത് പോർബന്തറിൽ പിറന്ന മോഹൻദാസ് കരംചന്ദഗാന്ധി സംവഹനവും സംയമനവും അഹിംസയും ആയുധമാക്കിയും നിസ്സഹരണ പ്രസ്ഥാനത്തിലൂടെയും സൂര്യനസ്തമിക്കാത്ത രാജ്യത്തിന്റെ അധിപരായ ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്നും തുരത്തി.

ഗാന്ധിജി 1915 ൽ ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിൽ തിരിച്ചെത്തി കോൺഗ്രസ്സ് നേതൃത്വത്തിലേക്ക് കടന്നു വന്നതോടെ ആ പ്രസ്ഥാനത്തിന്റെ സ്വഭാവം മാറി. സിവിൽ നിയമലംഘനം, സത്യാഗ്രഹം അഹിംസ തുടങ്ങിയ സമരമാർഗ്ഗങ്ങളിലൂടെ ഗാന്ധിജി ലക്ഷകണക്കിനാളുകളെ ദേശീയ പ്രസ്ഥാനത്തിലേക്ക് ആകർഷിച്ചു. സമരങ്ങളെ അടിച്ചമർത്താൻ ഭരണാധികാരികൾ നന്നേ പാടുപെടുത്തി. എന്നാൽ അടിമത്വത്തിലും ദുർഭരണത്തിലും തളർന്നു പോയ ജനത സ്വാതന്ത്ര്യത്തിൽ കുറഞ്ഞ ഒരു ഒത്തുതീർപ്പിനും തയ്യാറായിരുന്നില്ല.

1942 ആഗസ്റ്റ് 8 ന് ബ്രിട്ടീഷുകാർ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം അനുവദിക്കണമെന്നും ഇന്ത്യ വിട്ടു പോകണമെന്നും കോൺഗ്രസ്സ് ഒരു പ്രമേയം പാസ്സാക്കി. ഇതാണ് ക്വിറ്റ് ഇന്ത്യാ പ്രമേയം.

ഒടുവിൽ ഗത്യന്തരമില്ലാതെ ബ്രിട്ടൻ ഇന്ത്യയെ കോളനി ഭരണത്തിൽ നിന്നും മോചിപ്പിക്കുവാൻ തീരുമാനിച്ചു. ഈ അവസരം മുതലാക്കി മുസ്ലീംലീഗ് തങ്ങൾക്ക് മാത്രമായി ഒരു രാജ്യം വേണമെന്നും അതിനായി ഇന്ത്യയെ രണ്ടായി വിഭജിക്കണമെന്നും ആവശ്യപ്പെട്ടു.

ഇന്ത്യയിലെ മുസ്ലീങ്ങൾക്ക് സ്വതന്ത്ര മായി ഒരു രാജ്യം വേണമെന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്. കേംബ്രിഡ്ജിലെ വിദ്യാർത്ഥിയായ റഹമത്ത് അലി ആയിരുന്നു സുദീർഘമായ ലേഖനത്തിൽ അദ്ദേഹം എഴുതി. ഇന്ത്യ ഒറ്റ രാഷ്ട്രമാണെന്ന വിശ്വാസം അപഹാസ്യമായ നുണയാണ്. മുസ്ലീങ്ങൾ കുടുതലുള്ള വടക്കു പടിഞ്ഞാറൻ സംസ്ഥാനങ്ങൾ ഉൾപ്പെടുത്തി ഒരു മുസ്ലീം രാഷ്ട്രം അദ്ദേഹം സ്വപ്നം കണ്ടു. അതിന്റെ പേരുപോലും അദ്ദേഹം നിർദ്ദേശിച്ചു പാകിസ്ഥാൻ (പരിശുദ്ധരുടെ നാട്).

ഏതാണ്ട് മൂന്നു നൂറ്റാണ്ടു കാലം ഇന്ത്യയെ അടക്കി ഭരിച്ചിരുന്ന തങ്ങൾ തന്നെ അതിനെ കീറി മുറിക്കണമെന്നതും ബ്രിട്ടന്റെ ഇന്ത്യാസാമ്രാജ്യം ഇല്ലാതാക്കുക എന്നതും മൗണ്ട് ബാറ്റന് അസ്സഹനീയമായിരുന്നു. ഈ ചുമതലയിൽ നിന്നും ഒഴിവാക്കി കിട്ടുവാൻ അദ്ദേഹം പല വഴികളിലൂടെ വളരെയധികം ശ്രമിച്ച് പരാജയപ്പെട്ടു.

1947 ജൂൺ 3 ന് വൈകിട്ട് 7 മണിക്ക് അഖിലേന്ത്യാ റേഡിയോയുടെ ന്യൂഡൽഹി നിലയത്തിൽ നിന്നും ഇന്ത്യയെ വിഭജിച്ചു രണ്ടു രാഷ്ട്രമാക്കുവാനുള്ള തീരുമാനം ഇന്ത്യയിലെ

അവസാനത്തെ വൈസ്രോയി ലൂയി മൗണ്ടു ബാറ്റൺ ഔപചാരികമായി പ്രഖ്യാപിച്ചു.

സ്വന്തം രാജ്യം ഇന്ത്യയോടു ചേർക്കുന്നതിനെ എതിർത്തിരുന്ന നാട്ടു രാജാക്കൻമാരെ ഒതുക്കി അവരുടെ രാജ്യങ്ങൾ ഇന്ത്യയോടു ചേർത്തത്. മലയാളിയായ വി.പി. മേനോനും, സർദാർ വല്ലഭായി പട്ടേലുമായിരുന്നു. ചരിത്ര പ്രധാനമായ ബില്ല് അവതരിപ്പിച്ചുകൊണ്ട് ബ്രിട്ടൻ പ്രധാനമന്ത്രി ക്ലമന്റ ആറ്റ്‌ലി പറഞ്ഞു ഒരു രാജ്യത്തിനു വാൾമുന യുടെ മുന്നിൽ നിന്നുകൊണ്ട് അധികാരം മറ്റൊരു കൂട്ടർക്ക് അടിയറ വയ്ക്കേണ്ടി വന്നതിന്റെ ഉദാഹര ണങ്ങൾ ചരിത്രത്തിലുണ്ട്. എന്നാൽ ഒരു വലിയ ജനതയുടെ മേൽ അധികാരം വഹിച്ചിരുന്ന ഒരു സാമ്രാജ്യം സ്വയം അവർക്കു അടിയറ വച്ച സംഭവം ഇതാദ്യമായിരിക്കും.

ആഗസ്റ്റ് 13 ന് കൽക്കട്ടയിലെ ചേരിപ്രദേശത്ത് മുസ്ലിങ്ങളും ഹിന്ദുസിക്കു കൂട്ടാളികളും തമ്മിൽ അതിഘോരമായ യുദ്ധം തന്നെ നടന്നു. ആ യുദ്ധഭൂമി യിലേക്ക് വിഭജനത്തെ നഖശിഖാന്തം എതിർക്കുന്ന അഹിംസയിലൂടെ ഇന്ത്യക്കു അടിമത്വത്തിൽ നിന്നും മോചനം നേടി തന്ന 77 കാരനായ ഒരു വൃദ്ധൻ മഹാത്മ ഗാന്ധി ഇറങ്ങി ചെന്നു. ഈ കാഴ്ച കണ്ട് പ്രകടനക്കാർ മരവിച്ചു നിന്നുപോയി. രാജാക്കൻമാരോടും വൈസ്രോയിമാരോടും ഇന്ത്യക്കു വേണ്ടി വാദിച്ച ആ ശബ്ദം ജനക്കൂട്ടത്തെ സ്തംഭിപ്പിച്ചു.

ആഗസ്റ്റ് 14 ന് കൽക്കത്തയിലെ ആദ്യപ്രാർത്ഥന യിൽ അവിടെ കൂടിയിരുന്ന അമ്പതിനായിരത്തോളം ജനങ്ങളോട് അദ്ദേഹം പറഞ്ഞു. നാളെ മുതൽ ബ്രിട്ടീഷ് ഭരണത്തിന്റെ ബന്ധനത്തിൽ നിന്നും നാം മോചിതരാകും. പക്ഷെ ഇന്ന് അർദ്ധരാത്രി മുതൽ വിഭജിക്കപ്പെട്ട ഇന്ത്യയാണുണ്ടാകുക.

നാളെ സന്തോഷത്തിന്റെ ദിവസമാണ്. അതേ സമയം ദുഃഖത്തിന്റെയും സ്വാതന്ത്ര്യത്തിന്റെ ആഗമനത്തിൽ ആഘോഷിക്കുവാൻ ഞാനില്ല. ഇന്ത്യയിലെ എല്ലാവരുടെയും രക്ഷക്കായി ഞാൻ ഉപവാസം അനുഷ്ഠിച്ചും പ്രാർത്ഥിച്ചും ചർക്കയിൽ നൂൽ നൂറ്റും കഴിയും.

ആഗസ്റ്റ് 14 ന് രാത്രി ഇന്ത്യൻ ഭരണഘടനാ സമിതിയുടെ അദ്ധ്യക്ഷൻ ഡോ. രാജേന്ദ്രപ്രസാദിന്റെ ന്യൂഡൽഹിയിലെ വസതിയിൽ വേദവിധി പ്ര കാരമുള്ള ഹോമവും പൂജകളും നടന്നു. വൈസ്രോയി അവസാനത്തെ കടലാസുകളിലും ഒപ്പിട്ടു. രാത്രി 11.58 ന് നക്ഷത്ര ചിഹ്നത്താൽ അങ്കിതമായ യൂണിയൻ ജാക്ക് വൈസ്രോയി മന്ദിരത്തിലെ കൊടിമരത്തിൽ നിന്നും എന്നന്നേക്കുമായി താഴ്ത്തപ്പെട്ടു. 12.00 മണിക്ക് ഇന്ത്യൻ ത്രിവർണ്ണ പതാക ജനലക്ഷങ്ങളുടെ ആർപ്പുവിളികളോടെ ജവഹർലാൽ നെഹ്റു പാർലമെന്റ് മന്ദിരത്തിൽ ഉയർത്തി.

ചുമരിലെ നാഴികമണി പന്ത്രണ്ട് എന്ന റോമൻ അക്കത്തിലേക്കു നീങ്ങുകയായിരുന്നു. ഒരു ദിവസത്തി ന്റെയും, ഒരു യുഗത്തിന്റെയും അന്ത്യം കുറിച്ചുകൊണ്ട് മണിനാദം മുഴങ്ങിയപ്പോൾ എല്ലാവരും ധ്യാന നിരതരായി നിശ്ചലാവസ്ഥയിലായിരുന്നു. ആ സമ യത്തു കേട്ട ശംഖുനാദം ഒരു രാഷ്ട്രത്തിന്റെ ജനനവും ഒരു യുഗത്തിന്റെ അന്ത്യവുമായിരുന്നു. അങ്ങിനെ നാം സ്വതന്ത്രരായി, ഭാരതം സ്വതന്ത്രയായി●

**ഊണുമുറക്കവും കൊണ്ടു ദിവസങ്ങൾ**
**പോണതുമാർക്കും മനക്കാമ്പിലില്ലെടോ**
**ഓണത്തിനില്ലത്തു വേണ്ടും**
**പദാർത്ഥങ്ങൾ**
**കാണാഞ്ഞൊരുത്തനുഴന്നു നടക്കുന്നു.**
**(ധ്രുവചരിതം - കുഞ്ചൻ നമ്പ്യാർ)**

# അഭിനന്ദനങ്ങൾ



**എ.സി.സി.എ (യു.കെ) ആഗോളതലത്തിൽ 2016 ജൂൺ മാസം ന ടത്തിയ ഇന്റർ നാഷണൽ ഫിനാൻഷ്യൽ റിപ്പോർട്ടിങ്ങ് (ഡിപ്ലോമ) പരിക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് എറണാകുളം കരയോഗാംഗമായ വൈറ്റില ഗീതാഞ്ജലി റോഡ്, രോഹിണിയിൽ ടി. രവീന്ദ്രനാഥിന്റെയും പി. രാജേശ്വരി (എസ്. ബി.ടി. കലൂർ) യുടേ യും മകനായ രാഹുൽ ആർ. മേനോനാണ്. രാഹുലിന് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ.**

ക്ഷേത്രങ്ങളിലൂടെ





ഇന്ദിരാഭായി

# പാഞ്ചാലിമേട്

ഇതിഹാസങ്ങളുടെ ഇതിഹാസമെന്നു വിശേഷിപ്പിക്കുന്ന മഹാഭാരതത്തിലെ ഒരു സുപ്രധാന കഥാപാത്രമാണ് കൃഷ്ണ എന്ന പാഞ്ചാലി. പാഞ്ചാലി തികഞ്ഞ ഈശ്വരഭക്തയായിരുന്നു. മഹാഭാരത കഥയിലെ പല സന്ദർഭങ്ങളിലും പാഞ്ചാലിയുടെ ഭക്തിയെപ്പറ്റി നമുക്കു മനസ്സിലാകുന്നുമുണ്ട്. വനവാസകാലത്ത് പഞ്ചപാണ്ഡവരെ പരീക്ഷിക്കാനായി ദുർവ്വാസാവു മഹർഷിയെത്തുന്നു. അക്ഷയപാത്രം കഴുകി തുടച്ചു വെച്ചിരുന്ന പാഞ്ചാലി അതിഥി സൽക്കാരത്തിനായി എന്തു ചെയ്യണമെന്നറിയാതെ ആപൽബാന്ധവനായ ഭഗവാനെ വിളിച്ചു പ്രാർത്ഥിച്ചു. ഭഗവാൻ ശ്രീകൃഷ്ണൻ ഭക്തയുടെ രക്ഷയ്ക്കെത്തി. കഴുകി തുടച്ചു വച്ചിരുന്ന അക്ഷയപാത്രം കൊണ്ടുവരുവാനാവശ്യപ്പെട്ടു. പാത്രത്തിന്റെ അരികിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഒരു ചീരയില കഷണം കാട്ടി ഭഗവാൻ തന്റെ വിശപ്പു മാറ്റാൻ അതു ധാരാളം മതിയെന്ന് പാഞ്ചാലിയോടു പറഞ്ഞു. നിറഞ്ഞ ഭക്തിയോടെ പാഞ്ചാലി അതു ഭഗവാനു നിവേദിച്ചു. ഭഗവാൻ നിവേദ്യം സ്വീകരിച്ചതും അതിഥികളായെത്തിയ ദുർവ്വാസാവിന്റേയും ശിഷ്യൻമാരുടേയും വയറും നിറഞ്ഞു. ഭഗവാനു സമർപ്പിക്കുന്നതെന്തായാലും ഭക്തിയോടും ശ്രദ്ധയോടും സമർപ്പിച്ചാൽ അതിന്റെ ഫലം ഭക്തന് ലഭിക്കും എന്ന് ഇതിൽ നിന്നും മനസ്സിലാകും. പാഞ്ചാലിയുടെ മനം നിറഞ്ഞ ഭക്തി കൊണ്ടാണ് ഭഗവാന്റെ അനുഗ്രഹത്തിനു പാത്രീഭൂതയായത്. കൗരവസഭയിൽ പാഞ്ചാലി വസ്ത്രാക്ഷേപ സമയത്ത് ദ്രോണരോടും ധൃതരാഷ്ട്രരോടും ഭീഷ്മരോടും മറ്റും പാഞ്ചാലി സഹായമഭ്യർത്ഥിച്ചിട്ടും ആരും രക്ഷിച്ചില്ല. ഉള്ളുരുകി പ്രാർത്ഥിച്ച പ്രാർത്ഥന ഭഗവാൻ കേട്ടു. കൃഷ്ണയുടെ കൃഷ്ണഭക്തി യാണ് അവർക്കു തുണയായത്. തന്റെ ഭക്ത യായ ദ്രൗപതിയെ ആർക്കും ആക്രമിക്കുവാൻ കഴിയുകയില്ല എന്നും ഭക്തിയോടു കൂടി വിളിച്ചാൽ ദുഃഖത്തിലും ആപത്തിലും രക്ഷിക്കുമെന്നും ഭഗവാൻ കാട്ടിത്തരുന്നു. ദ്വാരകാപതിയായ ശ്രീകൃഷ്ണൻ പഞ്ച പാണ്ഡവരെ കാണുവാനും ഒത്തുകൂടുവാനുമായി കുന്തീസദനത്തിലെത്തി. കളികൾക്കും കേളികൾക്കുമിടയിൽ ഭഗവാന്റെ ചെറുവിരൽ ഒന്നു മുറിഞ്ഞു. രക്തം വരുന്നതു കണ്ടവർ ബഹളം കൂട്ടി. എന്നാൽ മഹാറാണിയായ പാഞ്ചാലി തന്റെ മേൽവസ്ത്രം കീറി ഭഗവാന്റെ മുറിവു കെട്ടി. കൗരവ സഭയിൽ ഒറ്റവസ്ത്രധാരിയായി ശ്രീകൃഷ്ണഭഗവാനെ അഭയം പ്രാപിച്ച പാണ്ഡവ പത്നിക്ക് എണ്ണിയാലൊടുങ്ങാത്തത്ര വസ്ത്രങ്ങൾ നല്കി ഭഗവാൻ അനു ഗ്രഹിച്ചു. നന്ദിക്കും കടപ്പാടിനും ഭഗവാൻ സ്വയം നൽകിയ പ്രാധാന്യമാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

മഹാഭാരതത്തിലെ സുപ്രധാന കഥാപാത്രമായ പാഞ്ചാലിയുടെ നാമധേയ ത്തിൽ നമ്മുടെ കൊച്ചു കേരളത്തിൽ പ്രകൃതി രമണീയമായ ഒരു ഭൂപ്രദേശമുണ്ട് എന്നുള്ളത് നമ്മളിൽ പലർക്കും ഒരു പുതിയ അറിവാ യിരിക്കും. എന്നാൽ പ്രകൃതി രമണീയവും ശാന്തസുന്ദരവുമായ അങ്ങനെ ഒരു പ്രദേശമുണ്ട്. അതാണ് പാഞ്ചാലിമേട്. പഞ്ചപാണ്ഡവൻമാർ അവരുടെ വനവാസ കാലത്ത് ഭാരതത്തിലെ പല സ്ഥലങ്ങളിലും താമസിച്ചിരുന്നതിന്റെ പല പല അടയാളങ്ങളും പല സ്ഥലത്തുമുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങൾ നമ്മുടെ കേരളത്തിലുമുണ്ട്. അജ്ഞാത വാസകാലത്ത് അവരെ കണ്ടു പിടിക്കുവാൻ വേണ്ടി ദുര്യോധനനും ശകുനിയും കൂട്ടരും വന്നിരുന്നതായും സ്ഥലവാസികളുടെ സഹായത്താൽ ദുര്യോധനനും കൂട്ടരും കഴിഞ്ഞിരുന്നതായും കരുതുന്നു. ഈ വിശ്വാസത്തിനു ബലം നൽകുന്നവയാണ് പോരുവഴി പെരുവിരുത്തി മലനടയിലെ ദുര്യോധന ക്ഷേത്രവും അടുത്തു തന്നെയുള്ള ശകുനിക്ഷേത്രവും. ദുര്യോധന ക്ഷേത്രത്തിൽ ദുര്യോധനൻ ഉപയോഗിച്ചിരുന്നതെന്നു കരുതുന്ന ഗദയും മറ്റായുധങ്ങളും ഇന്നും കാണാം. ഇതുപോലെ തന്നെ പാണ്ഡവൻമാർ താമസിച്ച

പാഞ്ചാലിമേട് എന്ന സ്ഥലത്തും ഒരു ക്ഷേത്രമുണ്ട്. ക്ഷേത്രത്തിൽ കുടികൊള്ളു ന്നത് ദേവനായാലും ദേവി ആയാലും ക്ഷേത്രങ്ങളെല്ലാം ഈശ്വരസങ്കേത ങ്ങളായാണ് കണക്കാക്കപ്പെടുന്നത്. ക്ഷേത്ര പരിസര ത്തു തുളുമ്പി നില്ക്കുന്ന ഈശ്വര ചൈതന്യം ഭക്തൻമാരിൽ ഉണർവ്വും ഉന്മേഷവും ഉളവാക്കു ന്നു. ഈശ്വരവിശ്വാസികളായവർ ക്ഷേത്രദർശനം ആഗ്രഹിക്കുന്നവരും ആയിരിക്കും. ഈശ്വര വിശ്വാസ മുള്ളവർ തെറ്റുകൾ ചെയ്യാൻ വിമുഖതയുള്ളവരും തെറ്റു ചെയ്തു പോയാൽ പശ്ചാത്തപിക്കുന്നവരു മായിരിക്കും. ഈശ്വര വിശ്വാസ ത്തിൽ നിന്നു കിട്ടുന്ന ഉൾപ്രേരണയാണ് അവരെ അങ്ങനെ ചിന്തിപ്പിക്കുന്നത്. മനസ്സിൽ ഭക്തിഭാവം വളർത്തുവാനും വ്യക്തിപ രമായ ആരോഗ്യം നിലനിർത്തുവാനും ക്ഷേത്ര ദർശനത്തിലൂടെ സാധിക്കും എന്നാണ് വിശ്വാസം. ക്ഷേത്രദർശന മഹിമയും അതിൽ നിന്നു കിട്ടുന്ന ശാന്തിയും സമാധാനവും അനുഭവിച്ചു തന്നെ അറിയേണ്ടതാണ്. മനുഷ്യരുടെ ജീവിതത്തിലെ സുഖദുഃഖ സമ്മിശ്രമായ കാലങ്ങൾ പോലെ ദേവീദേവൻ മാർക്കും കാലവ്യത്യാസങ്ങൾ അനുഭവ പ്പെടാറുണ്ട്. സമ്പന്നമായിരുന്ന പല ക്ഷേത്രങ്ങളും ക്ഷയിച്ചു പോയതും ജീർണ്ണാവസ്ഥ യിലായിരുന്ന പല ക്ഷേത്രങ്ങളും സമ്പന്നമായതും ശ്രദ്ധിച്ചാൽ അത് നമുക്ക് മനസ്സിലാകും. എല്ലാം ഈശ്വരമ യമാണെന്ന സങ്കല്പം നമ്മുടെ സംസ്കാരത്തിന്റെ പ്രത്യേകതയാണ്. നമ്മുടെ ആരാധന സങ്കല്പങ്ങ ളിലെല്ലാം പ്രകൃതിയുമായുള്ള ദൃഢബന്ധം നമുക്കു കാണാവുന്നതാണ്. പഞ്ചേന്ദ്രിയങ്ങളിലൂടെ നമുക്കു കാണാൻ കഴിയുന്ന ഈശ്വര രൂപമാണ് പ്ര കൃതി. പ്രകൃതിയെ സ്നേഹിക്കുന്നതിലൂടെ നാം ഈശ്വരനെയാണ് സ്നേഹിക്കുന്നത്. പാഞ്ചാലിമേട് ദേവി ക്ഷേത്രത്തിൽ പാഞ്ചാലി പൂജിച്ചിരുന്ന ദുർഗ്ഗാദേവിയാണ് കുടികൊള്ളുന്നത്. കൂടാതെ അവരാരാധിച്ചിരുന്ന ശിവലിംഗവും നാഗദേവതാ പ്രതിഷ്ഠകളും ഗണപതിയേയും ഇന്നും അവിടെ കാണാവുന്നതാണ്. എന്നാൽ ഇന്ന് ദുർഗ്ഗാദേവി വള്ളിയാങ്കാവ് എന്ന സ്ഥലത്തു കുടികൊള്ളുന്നു. മൂല സ്ഥാനം പാഞ്ചാലിമേട്ടിലായതിനാൽ അവി ടെയും നിത്യപൂജയും മറ്റു പൂജാദികളുമുണ്ട്.

കോട്ടയം മുണ്ടക്കയം റൂട്ടിൽ മുണ്ടക്കയത്തു നിന്നും 15 കിലോമീറ്റർ കിഴക്കു മാറി ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനി പ്രദേശങ്ങളാൽ ചുറ്റപ്പെട്ട സ്ഥലമാണ് വള്ളിയാങ്കാവ്. കാലപ്പെരുമ വിളിച്ചോതുന്ന ദേവീകടാക്ഷത്തിന്റെ ഉത്തമസാന്നിദ്ധ്യമായി വള്ളിയാങ്കാവ് എന്ന സ്ഥലത്ത് ശ്രീവള്ളിയാ ങ്കാവ് ദേവിക്ഷേത്രം സ്ഥിതി ചെയ്യുന്നു. വള്ളിയാങ്കാവ് ഭഗവതിയുടെ ഐതിഹ്യപ്പെരുമ ദ്വാപരയുഗത്തോളം പഴക്കമേറിയതാണ്. വള്ളിയാങ്കാവ് ക്ഷേത്രത്തിൽ നിന്നും 10 കിലോമീറ്റർ ദൂരെ വളരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഒരു സ്ഥലമാണ് പാഞ്ചാലിമേട്.

പഞ്ചപാണ്ഡവൻമാർ പാഞ്ചാലി യോടൊപ്പം താമസിച്ചിരുന്ന സ്ഥലമാണ് പാഞ്ചാലിമേട് എന്നറിയ പ്പെടുന്നത്. പാഞ്ചാലിമേട്ടിൽ ഇന്നും കാണുന്ന കുളം ഭീമൻ ചവുട്ടിയ പാട് കുളമായി രൂപാന്തര പ്പെട്ടതാണെന്നും ഈ കുളത്തിലാണ് പാഞ്ചാലി കുളിച്ചിരുന്നതെന്നും വിശ്വസിക്കുന്നു. പാണ്ഡവൻമാർ അടുപ്പുകൂട്ടി ഭക്ഷണം പാകം ചെയ്തിരുന്നത് എന്നു കരുതുന്ന മൂന്ന് അടുപ്പു കല്ലുകളും ഈ സ്ഥലത്ത് ചരിത്രസ്മാരകമായി അവശേഷി ക്കുന്നു. പാണ്ഡവൻമാരെ ഒരു ആന പലപ്പോഴും ശല്യപ്പെടുത്തിയിരുന്നു എന്നും ആ ആനയെ പാഞ്ചാലി ശപിച്ച് പാറയായി മാറി എന്നും വിശ്വസിക്കുന്നു. ഈ പാറ ആനക്കല്ല് എന്ന പേരിൽ ക്ഷേത്രത്തിനെതിർവശത്തുള്ള മലമുകളിൽ ഇന്നും കാണാവുന്നതാണ്. അജ്ഞാതവാസക്കാല ത്തിനു തൊട്ടു മുമ്പായിരുന്നു പാണ്ഡവർ പാഞ്ചാലിമേട്ടിൽ താമസിച്ചിരുന്നത് എന്നു കരുതുന്നു. അവിടെയുള്ള ആദിവാസികളായിരുന്നു അവർക്കു വേണ്ട സഹാ യങ്ങൾ ചെയ്തു കൊടുത്തിരുന്നത്. അജ്ഞാത വാസാരംഭകാലത്ത് അവർ ആദിവാസികളോടു യാത്ര പറഞ്ഞ് അവിടെ നിന്നും പോയി. നന്ദിസൂചകമായി അവരാരാധിച്ചിരുന്ന ദേവിവിഗ്രഹം കാട്ടുമൂപ്പന് സമ്മാനമായി നല്കി. ഈ ദേവിയെ നിങ്ങൾ ഭക്തിപൂർവ്വം ആരാധിച്ചാൽ ദേവി നിങ്ങൾക്ക് എല്ലാ വിധ ഐശ്വര്യവും അനുഗ്രഹവും നല്കും എന്നു പറഞ്ഞു. ആദിവാസികൾ അവരുടേതായ ആചാരപ്രകാരം ദേവിയെ ആരാധിച്ചു പോരുകയും ദേവി വനദുർഗ്ഗാദേവിയായി അറിയപ്പെടുകയും ചെയ്തു. കാലാന്തരത്തിൽ ഈ സ്ഥലം വാസയോഗ്യമല്ലാതായി തീരുകയും ആദിവാസികൾ സ്ഥലം ഉപേക്ഷിച്ചു പോവുകയും ചെയ്തു. ആദിവാസികൾ കുടിയൊഴിഞ്ഞപ്പോൾ ദേവി പാഞ്ചാലിമേട്ടിൽ നിന്നും ഇപ്പോൾ ക്ഷേത്രം ഇരിക്കുന്ന സ്ഥലത്തേക്ക് കാട്ടുവള്ളിയിൽ ആടി വന്നതാണെന്നും ഇവിടെ കുടികൊണ്ടതാണെന്നും വിശ്വസിക്കുന്നു. വള്ളിയിലാടി വന്നു കുടികൊണ്ട സ്ഥലം വള്ളിയാടിക്കാവ് എന്നും വള്ളിയാടിക്കാവ് ലോപിച്ച് വള്ളിയാ ങ്കാവ് ആയതാണെന്നും പ റയപ്പെടുന്നു. ദേവിയുടെ സന്നിദ്ധ്യം അന്നത്തെ ഭരണ കർത്താവായിരുന്ന വഞ്ചിപ്പുഴത്തമ്പുരാന്

സ്വപ്നദർശനത്തിൽ ലഭിച്ചതിനെതുടർന്ന് ദേവിയെ പൂജിക്കുവാനുള്ള അധികാരം ആദിവാസി മൂപ്പനെ ഏല്പിച്ചു. പൂജാദി കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി 22 ഏക്കർ സ്ഥലം കരമൊഴിവായി നൽകുകയും ചെയ്തു. ഇത് രേഖകളിൽ മാത്രമുള്ള യാഥാർത്ഥ്യം. പാഞ്ചാലിമേട്ടിൽ നിന്ന് ദേവി ആടി വന്ന കാട്ടു വള്ളി പടർന്നു പന്തലിച്ച് വളരെ വലിയ തടിയെന്നു തോന്നിക്കുന്ന തരത്തിലുള്ള വള്ളിക്കെട്ടായി രൂപം പ്രാപിച്ചു. ഈ വള്ളിക്കെട്ടിൽ ഇന്നും അഞ്ചു മൂർത്തി സങ്കല്പത്തിൽ പൂജാദി കർമ്മങ്ങൾ നടന്നു വരുന്നു. അഞ്ചു മൂർത്തികൾ എന്നത് പാണ്ഡവ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്ന ഐതിഹ്യ സൂചന യാണ്. കാട്ടുവർഗ്ഗക്കാർ അവരുടെ ആചാരപ്രകാരം വനവിഭവങ്ങൾ നിവേദിച്ചും ആട് , കോഴി എന്നിവയെ ബലി നല്കിയും ദേവിയെ പൂജിച്ചു പോന്നു. തലമുറകൾ പിന്നിട്ടപ്പോൾ ക്ഷിപ്രപ്രീതിക്കും കാര്യ സാദ്ധ്യത്തിനുമായി ഭദ്രാദേവിയെകൂടി പൂജിച്ചു വരിക യും ശക്തി പൂജയിലൂടെയും മറ്റു കർമ്മങ്ങളിലൂടെയും ഭദ്രയ്ക്ക് ചൈതന്യം വർദ്ധിക്കുകയും ചെയ്തു. ദേവിയുടെ ശക്തിയും ചൈതന്യവും കേട്ടറിഞ്ഞ് ധാരാളം ആളുകൾ ഇവിടേക്കു വരുകയും ചെയ്തു. ദേവി വെളിച്ചപ്പാടിന്റെ ദേഹത്തു പ്രവേശിച്ച് ഫലപ്ര വചനങ്ങൾ നടത്തുകയും അതനുസരിച്ചുള്ള പ രിഹാരങ്ങളിൽ നിന്ന് ഫലപ്രാപ്തിയുണ്ടാകുകയും ക്ഷേത്രം പ്രശസ്തമാവുകയും ചെയ്തു. ആദിവാസി കൾ അവരുടെ കുലദൈവമായി കരിങ്കുറ്റിയാൻ മൂർത്തിയെകൂടി ആരാധിച്ചു പോന്നു. കാലക്രമേണ കരിങ്കുറ്റിയാൻ മൂർത്തിയും ദേവിയുടെ പ്രധാന അനുചരനായി മാറി. വനവിഭവങ്ങളായ തേൻ, കിഴങ്ങുകൾ, പുകയില, കള്ള് തുടങ്ങിയവയാണ് കരിങ്കുറ്റിയാൻ മൂർത്തിക്കുള്ള നിവേദ്യ വസ്തുക്കൾ. ഇന്ന് വള്ളിയാങ്കാവിലമ്മയുടെ തിരുനടയിൽ ധാരാളം ആളുകൾ അമ്മയുടെ അനുഗ്രഹത്തിനായി വന്നു പ്രാർത്ഥിച്ചു പോകുന്നുണ്ട്. ദേവീപൂജ കഴിഞ്ഞ് നടയടച്ചശേഷമുള്ള ഭദ്രാദേവിയുടെ ഗുരുതി പൂജ ഇന്നും ആചാര മര്യാദകളോടും നിഷ്ഠയോടും കൂടി മുടക്കമില്ലാതെ നടന്നു വരുന്നു. ഗുരുതി സമയത്തും മറ്റു പൂജാവേളകളിലും ക്ഷേത്രത്തിലെ ഭക്തജന തിരക്കും നിശബ്ദതയും നമ്മുടെ മനസ്സിനെ വളരെ ശാന്തമാക്കുകയും ചിന്തിപ്പിക്കുകയും ഭക്തിസാന്ദ്ര മാക്കുകയും ചെയ്യും.

പാഞ്ചാലിമേട്ടിൽ ദേവിയുടെ മൂലസ്ഥാനം എന്ന പ്രാധാന്യത്തിൽ ഒരു ചെറിയ ശ്രീകോവിലിൽ ദേവി ഒരു നേരത്തെ നിത്യപൂജയും നിവേദ്യങ്ങളും ഏറ്റുവാങ്ങി ഗണപതി, പരമശിവൻ, നാഗദേവതകൾ എന്നീ ദേവൻമാരോടൊപ്പം ഇടക്കിടെ ഓടിയെ ത്തുന്ന കോടമഞ്ഞിൻ പുതപ്പണിഞ്ഞും പ്രകൃതി രമണീയമായിരുന്ന ഈ സ്ഥലത്ത് കുടിക്കൊള്ളുന്നു. വനവാസത്തിനു വന്ന പാണ്ഡവൻമാർ താമസിച്ച പാഞ്ചാലിമേട് വനപ്രദേശമായിരുന്നു. എന്നാൽ ഇന്ന് പാഞ്ചാലിമേട് മൊട്ടക്കുന്നാണ്. കുറ്റിച്ചെടി കളല്ലാതെ നല്ല ഒരു മരം പോലും അവിടെ കാണാനില്ല. ചുറ്റുമുള്ള പ്രാന്തപ്രദേശങ്ങളിലും കാർഷിക വിളകളെയാണ് കാണാൻ കഴിയുക. പാഞ്ചാലിമേട്ടിലോ പരിസരപ്രദേശങ്ങളിലോ ആദിവാസികളില്ല, പകരം മലയോര കർഷകരെ മാത്രമേ കാണാൻ സാധിക്കുകയുള്ളു. ഇടക്കിടെ കോടമഞ്ഞു വിരുന്ന വരുന്ന പാഞ്ചാലിമേട്ടിലെ ഈ മലമുകളിലെ ക്ഷേത്രമുറ്റത്തു നിന്നു നോക്കിയാൽ മകരവിളക്കു തെളിയുന്നത് കാണാം. മകരവിളക്കു സമയത്ത് മകരവിളക്കു ദർശിക്കുവാനായി ധാരാളം അയ്യപ്പ ഭക്തൻമാർ ഈ ക്ഷേത്ര പരിസരത്തെ ത്തിച്ചേരാറുണ്ട്. പാഞ്ചാലിമേട് ക്ഷേത്രത്തിന്റെ പ്രവേശന പാതയ്ക്കു സമാന്തരമായി തൊട്ടടുത്ത മലമുകളിലേയ്ക്ക് ഒരു പാതയും പാതയിലുടനീളം 6 അടി പൊക്കത്തിലുള്ള വെള്ളചായം പൂശിയ കുരിശുകളുടെ നിരയും കാണാം. ഭാവിയിൽ ഇവിടെ പലതും പ്രതീക്ഷിക്കാം. വന്യമൃഗങ്ങൾ നിറഞ്ഞ വനത്തിൽ വനവാസത്തിനു വന്ന പാണ്ഡവൻ മാർ താമസിച്ച, ഇന്നു വനമില്ലാത്ത പാഞ്ചാലി മേട്ടിൽ നിന്നു മടങ്ങുമ്പോൾ മനസ്സിൽ തോന്നിയ ഒരു സംശയം ദേവിയോടു ചോദിച്ചു പോയി. പാഞ്ചാലിമേട് എന്ന സ്ഥലനാമം പള്ളിമേട് എന്നാകുമോ ദേവീ, അങ്ങനെ ആകാതിരിക്കണേ അമ്മേ എന്ന പ്രാർത്ഥനയോടെ....●


## ദർഘാസ്

കൊച്ചി താലൂക്ക് പള്ളിപ്പുറം വില്ലേജ് ചെറായി തൃക്കടക്കാപ്പിള്ളിയിൽ ഉദ്ദേശം 700 മീറ്റർ അതിർ മതിൽ കെട്ടുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം കര യോഗം ഓഫീസുമായി ബന്ധപ്പെടുക.

ദർഘാസ് ഫോറം കരയോഗം ഓഫീസിൽ നിന്നും ആഗസ്റ്റ് 11-ാം തീയതി മുതൽ ആഗസ്റ്റ് 20-ാം തീയതി വരെ പ്രവൃത്തി സമയത്ത് ലഭി ക്കുന്നതാണ്. ദർഘാസ് ഫോറവില 500 രൂപ. ദർഘാസുകൾ സ്വീകരി ക്കുന്ന ദിവസം ആഗസ്റ്റ് 20-ാം തീയതി ഉച്ച കഴിഞ്ഞ് 2.00 മണി വരെ.

ദർഘാസുകൾ അന്നേ ദിവസം ഉച്ച കഴിഞ്ഞ് 3 മണിക്ക് തൽ സമയം സന്നിഹിതരാകുന്ന കരാറുകാർ മുമ്പാകെ തുറക്കുന്നതാണ്.

**ജനറൽ സെക്രട്ടറി**
**എറണാകുളം കരയോഗം, ഡി.എച്ച്.റോഡ്, കൊച്ചി**
**ഫോൺ : 0484 2361160,** Extn: 34
**email:ekmkgm@gmail.com web:www.ernakulamkarayogam.com**

# ആദ്ധ്യാത്മികജീവിതം ആവശ്യമോ?



ഡോ. രാജേശ്വരി കുഞ്ഞമ്മ

മനുഷ്യൻ തന്റെ ജീവിതമാരംഭിക്കുന്നത് അവന്റെ ചുററുപാടുകളിലൂടെയാണ്. സ്വതന്ത്രമായി ചിന്തിക്കുന്നതിനും, തീരുമാനങ്ങളെടുക്കുന്നതിനും അവ നടപ്പിലാക്കാനുമുള്ള കഴിവ് ഉണ്ടാക്കിയെടു ക്കുന്നതും വളർത്തിക്കൊണ്ടു വരുന്നതും അവനു ലഭിച്ച സാംസ്കാരിക സാമുദായിക വിശ്വാസപ്രമാണങ്ങളിലൂടെയാണ്. നമുക്കു വേണ്ടത് കാണാപാഠം പഠിച്ച് ബിരുദങ്ങൾ നേടുന്ന വെറും ബിരുദധാരികളെയല്ല, മറിച്ച് ശാസ്ത്രമനസ് നേടിയവരെയാണ്. അമ്മ അടുക്കളയിൽ പാകം ചെയ്തുകൊണ്ടിരുന്നപ്പോൾ വാട്സ് എന്ന കുട്ടി മറ്റുള്ളവരെപ്പോലെ വെള്ളം തിളക്കുന്നത് കണ്ടുകൊണ്ടിരുന്നു. പക്ഷെ ഈ കുട്ടി അവിടെ കണ്ട പ്രതിഭാസത്തെ ശ്രദ്ധിച്ചു. ആവിയിൽ അടങ്ങിയിരിക്കുന്ന ഊർജ്ജമാണ് അടപ്പിനെ തട്ടി മാറ്റുന്നത് എന്ന് അവൻ കണ്ടുപിടിച്ചു. അങ്ങനെ ആവിയന്ത്രത്തിന്റെ കണ്ടുപിടിത്തത്തിൽ അത് എത്തിച്ചേർന്നു. ഇങ്ങനെയുള്ള ശാസ്ത്രീയ ജിജ്ഞാസയും നിരീക്ഷണ പാടവവും ശാസ്ത്രീയ സാമൂഹിക ആദ്ധ്യാത്മികവിപ്ലവം ഉണ്ടാക്കുമെന്നതിൽ സംശയമില്ല. ശാസ്ത്രനേട്ടങ്ങൾക്ക് യുക്തിയും ശ്രദ്ധയും ഭാവനയും മനുഷ്യസ്നേഹവും വിശ്വാസവും ആവശ്യമാണ്.

നാം എപ്പോഴാണ് ആദ്ധ്യാത്മി കജീവിതത്തെക്കുറിച്ച് ചിന്തിക്കേണ്ടത്? ആദ്ധ്യാത്മികജീവിതവും ഭൗതികജീവിതവും രണ്ടും രണ്ടല്ല. ഈ ലോകത്തിൽ തന്നെയാണ് രണ്ടും. നമുക്കു ചുറ്റുമുള്ള എന്തിനോടും എങ്ങനെ പ്രതികരിക്കുന്നു അവ നമ്മളുടെ ദൈനംദിന ജീവിതത്തെ എത്രമാത്രം സ്വാധീനിക്കുന്നു ഇവയൊക്കെ നാം എപ്പോഴും ചിന്തിക്കണം. ഈ ലോകത്തിലുള്ള സുഖവും ദുഃഖവും ഒരുപോലെ നോക്കിക്കാണാൻ പഠിക്കണം. ഇതു പറയാൻ എളുപ്പമാണെന്നു തോന്നാം. ശരിയാണ്. പക്ഷെ കുറച്ചു സമയമെടുത്തെങ്കിലും നാം യഥാർത്ഥമായ സത്യത്തെ തിരിച്ചറിയണം. ഏതാണ്ട് സ്വപ്നതുല്ല്യമായ അയഥാർത്ഥമായ വസ്തുക്കളിൽ ബഹുദൂരം സഞ്ചരിച്ചാൽ ഒരിക്കലും വിജയമുണ്ടാകില്ല. കഴിഞ്ഞ ദിവസം ഒരു വിദ്യാർത്ഥി എന്നെ സമീപിച്ചിട്ടു പറഞ്ഞു, ഞാൻ വളരെ ആഗ്രഹിച്ചതാണ് ഒരു ഗവണ്മെന്റു ജോലി. പരീക്ഷ എഴുതി, പക്ഷെ പോലീസ് ഓഫീസർ ടെസ്റ്റിനു കിട്ടിയില്ല. ഞാൻ ഭയങ്കര ടെൻഷനിലാണ്. എനിക്കുടൻ തന്നെ ഗവണ്മെന്റു ജോലി കിട്ടണം. എളുപ്പമല്ല. ഒരു ടെസ്റ്റിൽ പരാജയപ്പെട്ടാൽ അടുത്തതിലേക്ക് കൂടുതൽ തയാറെടുപ്പുകൾ വേണം. ചിലർ ഓടിവരും. ഒരു സമാധാനമില്ല, ഒരു ധൈര്യവുമില്ല, ഒരാത്മവിശ്വാസവുമില്ല, എനിക്ക് ദുബായിലേക്കുള്ള ടിക്കററും വിസയും കിട്ടി. അടുത്ത തിങ്കളാഴ്ച പോകണം. ഇവയൊക്കെ എങ്ങനെ ലഭിക്കും. വരാൻ പോകുന്ന, അഭിമുഖീകരിക്കേണ്ടുന്ന പ്രശ്നങ്ങളേക്കുറിച്ച് ഒരവബോധം ഉണ്ടാകുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും വേണമെങ്കിൽ വിശ്വാസം വേണം. വിശ്വാസത്തിൽ ഊന്നിയ അടിത്തറ വേണം. ഈ അടിത്തറയാണ് ജീവിത നിലനിൽപിനാധാരം.

സ്വാമി വിവേകാനന്ദൻ പറയുന്നു, മനുഷ്യന്റെ മനസ് വിശാലമാകുമ്പോൾ അവന്റെ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ വിശാലമാകും. ജീവിതമെന്നു പറയുന്നതെന്താണ്? മനുഷ്യനുംഈശ്വരനുംചേർന്നുള്ള ഒരു പങ്കാളിത്തമാണ്. ആരോഗ്യ വാനായിരിക്കുമ്പോൾ ഇത്തരം കാര്യങ്ങളേ ക്കുറിച്ച് ചിന്തിക്കുന്നതാണ് ഉചിതം. ശരീരശക്തിയെല്ലാം നശിച്ച് വയ്യാതാകുമ്പോൾ ഈശ്വരനെക്കുറിച്ചു ചിന്തിച്ചിട്ടു കാര്യമില്ല. ചെടിക്ക് വളം നൽകേണ്ടത് എപ്പോഴാണ്. നടുന്നതിനു മുൻപു തന്നെ തറ വൃത്തിയാക്കണം. മുളച്ചു കഴിഞ്ഞ് വെള്ളവും വളവും വേണ്ടതുപോലെ നൽകണം. സൂര്യപ്രകാശം ലഭ്യമാക്കണം. ഇതുപോലെ ഒരു കുഞ്ഞു ജനിക്കുന്നതിനു മുൻപും ജനിച്ചു കഴിഞ്ഞും രക്ഷകർത്താക്കൾ ശ്രദ്ധിക്കണം. സ്വാശ്രയബോധവും അനാശ്രിതത്വവും പഠിപ്പിക്കണം. ശരീരശക്തിയും മനശക്തിയും നേ

ടണം. ചിലർ പറയും, ഈശ്വരാ ഞാനൊന്നുമല്ലേ, എല്ലാം അങ്ങാണേ, ഞാൻ അങ്ങയെ പ്രാപിക്കുന്നു. സ്വാമി വിവേകാനന്ദൻ പറയുന്നു, ഇതു കേൾക്കുന്ന ഈശ്വരൻ ചിന്തിക്കും, ഇവനെ എന്തിനു കൊള്ളാം. ഇത്തരം ഭക്തന്മാരുണ്ടാകുക സന്തോഷകരമല്ല. മനുഷ്യന് ദൗർബല്യങ്ങളില്ലേ എന്നു ചോദിക്കുന്നവരോട് കൂടുതൽ ദൗർബല്യം കൊണ്ട് അവയെ മാററാൻ കഴിയുമോ എന്ന് ഉപനിഷത്ത് ചോദിക്കുന്നു. ഉപനിഷത്ത് നിർഭയത്വത്തെയാണ് ഉദ്ഘോഷിക്കുന്നത്.

ആദ്ധ്യാത്മികതയും ഭൗതികതയും മനുഷ്യൻ സഞ്ചരിക്കുന്ന വഴികൾ തന്നെയാണ്. എന്തു പ്രവർത്തി ചെയ്യുമ്പോഴും എപ്പോഴും മനുഷ്യമനസിന്റെ അടിത്തട്ടിൽ ധ്യാനം ഉണ്ടാകേണ്ടതാണ്. അതിന് സമയഭേദമോ ഋതുഭേദമോ ഇല്ല. ഋതുവായ പെണ്ണിനും ഇരപ്പന്നും ദാഹകനും ഭൂസുരനും ഒരു നാളും ആർക്കും അരുതാത്തതല്ല ആ ശക്തിധ്യാനം. ഭഗവാൻ ഭഗവദ്ഗീതയിൽ പറയുന്നു, പരമരഹസ്യമായ ജ്ഞാനം അനുഭവജ്ഞാന സഹിതം ഞാനുപദേശിക്കാം. അങ്ങനെ നിനക്ക് സംസാര ദുഃഖത്തിൽനിന്നും മുക്തി നേടാം. വർത്തമാന ജീവിതത്തിൽ വസ്തുതകളെ നേരിടാൻ കഴിവില്ലാതെ വരുന്നത് ആത്മാവിന്റെ ശാസ്ത്രത്തെ അറിയാൻ കഴിവില്ലാത്തതു കൊണ്ടാണ്. പരമാത്മാവ് ഒരുവന്റെ നിർമലമായ മനസ്സിൽകൂടി പ്രകാശിക്കുമ്പോൾ അവിടെ ഈശ്വരശക്തി ഉണ്ടാകുന്നു. നാം ഉറങ്ങുമ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന മനസ്സിന്റെ ലയനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഉണരുമ്പോൾ. ഓരോ വ്യക്തിക്കും അവനവന്റേതായ ചിന്തയുണ്ട്, സ്വപ്നങ്ങളുണ്ട്, ജന്മ വാസനകളുണ്ട്. ഭഗവാൻ ഗീതയിൽ പറയുന്നു,

കൗന്തേയ മയാ അദ്ധ്യക്ഷേണ പ്രകൃതിഃ

സചരാചരം സ്മയതേ

അനേന ഹേതുനാ

ജഗത് വിപരീവർത്തതേ

അല്ലയോ അർജുനാ, എന്റെ സന്നിധിമാത്രത്താൽ പ്രകൃതി സകല ചരാചരങ്ങളേയും സൃഷ്ടിക്കുന്നു. അതു കാരണം പ്രപഞ്ചവ്യാപാരം നടന്നുകൊണ്ടിരിക്കുന്നു. ഒരു ചോദ്യം ഇവിടെ ഉയരുന്നുണ്ട്. എല്ലാവരിലും ഒരേ ആത്മാവാണെങ്കിൽ ഭഗവാന് പക്ഷാഭേദം ഉണ്ടോയെന്ന്. സൂര്യപ്രകാശം എല്ലാവരിലും ഒരുപോലെയാണ് പതിക്കുന്നത്. പക്ഷെ പ്രതിഫലനത്തിന്റെ വ്യക്തത പ്രതിഫലിപ്പിക്കുന്ന പ്രതലത്തെ ആശ്രയിച്ച് വ്യത്യാസപ്പെടും. മൂന്നു പാവകളുടെ കഥ പറയാം. ഒന്ന് ഉപ്പു കൊണ്ടും, മറെറാന്ന് പഞ്ഞികൊണ്ടും മൂന്നാമത്തേത് കല്ലു കൊണ്ടും. മൂന്നു പാവകളേയും വെള്ളത്തിൽ മുക്കും. ഉപ്പു കൊണ്ടുണ്ടാക്കിയ പാവ വെള്ളത്തിൽ അലിയുന്നു. പഞ്ഞികൊണ്ടുണ്ടാക്കിയതിന് ഭാരം വർദ്ധിക്കുന്നു. കല്ലു കൊണ്ടുണ്ടാക്കിയതിന് മാററം സംഭവിക്കു ന്നില്ല. മനുഷ്യൻ ഇതുപോലെയാണ്. സുഖഭോഗങ്ങളിൽ തൽപരനായവന് ഒരു മാററവുമില്ല, കല്ലുപോലെ. പഞ്ഞികൊണ്ടുണ്ടാക്കിയവന് കുറച്ചു വെള്ളത്തെ സ്വാംശീകരിക്കാൻ കഴിഞ്ഞു. ഒരാൾക്ക് ഭഗവാനിൽ ലയിക്കുവാൻ കഴിഞ്ഞു. മനുഷ്യരെല്ലാവരും തന്നെ സാഹചര്യങ്ങൾ മൂലം പല വിധത്തിലായിപ്പോകുകയാണ് ചെയ്യുന്നത്. ജനിക്കുമ്പോൾ ഒരു കുഞ്ഞു പാപിയല്ല. ജനിച്ച ഉടനേയുള്ള പശുക്കുട്ടിയെ നോക്കൂ.തുള്ളിച്ചാടി അവിടെയും ഇവിടെയും നടക്കുന്നു. ഓടിവന്ന് അമ്മയുടെ പാലു കുടിക്കുന്നു. എന്നാൽ ആ പശുക്കുട്ടിയുടെ കഴുത്തിൽ കയറ് ഇട്ടു കഴിയുമ്പോൾ അതിന്റെ സന്തോഷത്തിന് കുറവു വരുന്നു. മനുഷ്യൻ ലോകത്തിന്റെ നിഗൂഢവശങ്ങളിലേക്കിറങ്ങുമ്പോൾ അവന്റെ സന്തോഷം കുറയുന്നു. കുടുംബഭാരം അവനെ ശ്വാസം മുട്ടിക്കുന്നു. അവനു ദൈവത്തെക്കുറിച്ചോ, പ്രകൃതിശക്തിയേക്കുറിച്ചോ ചിന്തിക്കാൻ സമയമില്ല. അവൻ ശ്രദ്ധിക്കാതിരിക്ക മാത്രമല്ല, ശ്രദ്ധിച്ചു കൂട്ടിക്കൊണ്ടു വന്നാലോ സജ്ജനസംഭാഷണവേളയിൽ അവന്റെ മനസിന് ശ്രദ്ധിക്കാൻ കഴിയില്ല. അടുത്തിരിക്കുന്ന ആളോടു ചോദിക്കും എപ്പോഴാണ് കഴിയുന്നത്.പിന്നെയും വാച്ചു നോക്കും. അവസാനം ഞാൻ ഗേറ്റിനരികിൽ നിൽക്കാം, വേഗം വരണേയെന്ന് പറയും. പാപിയായ ഒരാളുടെ മനസ്സിനെ ചുരുണ്ട മുടിയോട് ഉപമിക്കാം. എത്ര വലിച്ചു നീട്ടിയാലും പിന്നെയും പഴയ പടി.

കലമുണ്ടാക്കുന്ന കുശവൻ കുഴച്ച മണ്ണുകൊണ്ട് അയാളുടെ ഇഷ്ടപ്രകാരം ആകൃതിക്കനുസരിച്ച് കലമുണ്ടാക്കുന്നു. എന്നാൽ ഒരു പ്രാവശ്യം വെന്തുപോയ മണ്ണുകൊണ്ട് പിന്നീട് ഉണ്ടാക്കാൻ കഴിയുകയില്ല. ശ്രീരാമകൃഷ്ണദേവന്റെ ഒരു കഥയുണ്ട്. മീൻ വിൽക്കാൻ പോയ ഒരു കൂട്ടം സ്ത്രീകൾ തിരികെ വരുമ്പോൾ ഭയങ്കര മഴ. അവർ ഒരു പൂക്കച്ചവടക്കാരന്റെ വീട്ടിൽ അഭയം പ്രാപിച്ചു. അവിടെ കിടന്നുറങ്ങാൻ അനുവാദം കിട്ടി. പക്ഷെ എവിടെയും പൂവിന്റെ മണം. അവർക്കുറങ്ങാൻ കഴിയു ന്നില്ല. അവസാനം അവർ അവരുടെ മീൻകുട്ടയെടുത്ത് അരികിൽ വെച്ചു. സുഖനിദ്ര യിലാണ്ടു. വളർന്നുവരുന്ന സാഹചര്യവും സ്വഭാവവും ഒരുവനെ

വളരെയധികം സ്വാധീനിക്കും. നമ്മുടെ മനോഭാവം വളരുന്നു. അതനുസരിച്ച് നാം ലോകത്തെത്തന്നെ നോക്കിക്കാണുന്നു.

ഒരിക്കൽ ഒരു സന്യാസി റോഡരികിൽ തളർന്നുവീണു കിടന്നു. ആ വഴി വന്ന കള്ളൻ പറഞ്ഞു, രാത്രി മുഴുവൻ മോഷ്ടിച്ചിട്ട് വഴിയിൽ കിടന്നുറങ്ങുന്നു. പോലീസു കണ്ടാൽ അകത്താവും, ഏതായാലും ഞാൻ രക്ഷപ്പെടട്ടെ. രണ്ടാമതൊരു മദ്യപാനിവന്നു. അയാൾ പറഞ്ഞു, വയറു നിറയെ കള്ളു കുടിച്ചു കിടന്നുറങ്ങുന്നു. ഞാനേതായാലും അവനേക്കാൾ ഭേദമാണല്ലോ, വേഗം വീട്ടിലെത്താം. മൂന്നാമതായി ഒരു യോഗി വന്നു. ഭാവാവസ്ഥയിൽക്കിടക്കുന്ന ആ സന്യാസിയെ എടുത്ത് മടിയിൽ കിടത്തി ശരീരത്തിലമർത്തി, വീശി, വെള്ളം കൊടുത്തു. ഇതാണ് മനോഭാവവും പ്രവർത്തിയും. ദുർവിചാരവും ദുശ്ചിന്തയും കൈമുതലായി കൊണ്ടുനടക്കുന്നവർക്ക് ലോകത്തെ അങ്ങനെയേ കാണാൻ കഴിയൂ.

പരംപൊരുളുമായി താദാത്മ്യം പ്രാപിക്കണമെങ്കിൽ ആത്മാന്വേഷണം വേണം. ഗീതയിൽ ഭഗവാൻ പറയുന്നു, കൊടിയ ദുരാചാരിയാണെങ്കിൽ പോലും അന്യചിന്ത കൂടാതെ എന്നെ ഭജിക്കുന്നുവെങ്കിൽ അവൻ നല്ലവനാണ്. ആചാരത്തേക്കാൾ നിശ്ചയദാർഢ്യമാണ് അദ്ധ്യാത്മ ജീവിതത്തിനു പ്രധാനം. ഏതൊരുവന്റെ മനസിൽ ആത്മ തത്വത്തെക്കുറിച്ച് അവബോധം ഉണ്ടാകുന്നുവോ അയാൾക്ക് വിജയം സുനിശ്ചി തമാണ്. മഞ്ഞ കണ്ണടകൊണ്ടു നോക്കിയാൽ ഒരു മഞ്ഞഛായ കാണുന്ന വസ്തുക്കളിൽ കാണും. ആദ്ധ്യാത്മികജീവിതത്തിന്റെ ആദ്യഘട്ടത്തിൽ നാം നമ്മളിൽ തന്നെ വിശ്വാസത്തോടുകൂടി ആശ്രയിക്കണം.

ആദ്ധ്യാത്മികശാസ്ത്രത്തിൽ ആദ്യമായി വേണ്ടത് അദമ്യമായ ജിജ്ഞാസ യാണ്.ഒരു പ്രത്യേക ഘട്ടമെത്തുമ്പോൾ അവൻ ഈശ്വരനിലേക്ക് തിരിയും. ഈശ്വരന്റെ കൃപയെക്കുറിച്ചോ സത്യത്തെക്കുറിച്ചോ മനസിലാക്കാത്ത മനുഷ്യൻ പലപ്പോഴും നിസ്സഹായനായി മാറുന്നു. ശ്രീരാമകൃഷ്ണദേവൻ പറയുന്നു, ഈശ്വരൻ എല്ലാവരിലുമുണ്ട്. എന്നാൽ എല്ലാ മനുഷ്യരിലും ഈശ്വരൻ ഇല്ല. മുണ്ഡകോപനിഷത്തിൽ ഒരു കഥയുണ്ട്: രണ്ടു പക്ഷികൾ ഒരു മരത്തിൽ ഇരിക്കുന്നു. അതിൽ ഒന്ന് ആ മരത്തിന്റെ സ്വാദിഷ്ടമായ ഫലം ഭക്ഷിക്കുന്നു. മറ്റേതോ ഒന്നും ഭക്ഷിക്കാതെ സ്വയം മഹിമയിൽ ആണ്ടിരിക്കുന്നു. ആദ്യം നമുക്കിതു ശരിയെന്നു തോന്നാം. പക്ഷെ ആദ്യത്തെ പക്ഷി മരത്തിലെ കായുടെ കയ്പും മധുരവും നുണഞ്ഞ് കാലം കഴിയുകയും രണ്ടാമത്തെ പക്ഷി അന്തരാത്മാവിനെ തേടി പൂർണ്ണതയിലേക്ക് നീങ്ങുകയും ചെയ്യുമ്പോൾ സംഗതി മാറുന്നു. അപ്പോൾ അവൻ നിർഭയനും പൂർണ്ണനുമായി മാറും.യാതൊന്നു ചെയ്യുന്നുവോ, യാതൊന്നു ഭുജിക്കുന്നുവോ, യാതൊന്നു ഹോമിക്കുന്നുവോ , യാതൊന്നു കൊടുക്കുന്നുവോ, യാതൊന്നു സാധന ചെയ്യുന്നുവോ അതൊക്കെയും എനിക്ക് അർപ്പണമായി ചെയ്യൂ. നിന്റേതായി ഒന്നുംതന്നെയില്ല. ഇങ്ങനെ എന്റേതായി ഒന്നും ഇല്ല എന്ന തോന്നൽ വരുമ്പോൾ ആത്മസമർപ്പണം സംഭവിക്കുന്നു. അങ്ങനെ ആ ശക്തിയിൽ ശരണാഗതി തേടുന്നു. ഈശ്വരകൃപ ലഭിക്കുകയും ചെയ്യുന്നു.

വിശന്നു വലഞ്ഞ രണ്ടുപേർ ഒരു മാന്തോപ്പിലെത്തി. അതിലൊരാൾ മാങ്ങയുടെ പേര്, മാവിന്റെ ഇനം എന്നിവ ചോദിച്ച് തോട്ടക്കാരനെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. മറ്റെയാൾ തോട്ടക്കാരൻ സമ്മാനിച്ച മാങ്ങ കഴിച്ച് വിശപ്പടക്കി. മാങ്ങയുടെ എണ്ണവും ചോദ്യശരങ്ങളും വിശപ്പടക്കിയില്ല. പ്രസംഗി ക്കുകയല്ല, മറിച്ച് ജഗന്നിയന്താവുമായി കൂടിച്ചേർന്ന് ആനന്ദലബ്ധയിലെത്തിച്ചേരുകയാണ് വേണ്ടത്.

നിന്റെ ചിന്തയും മനസും എന്നിലർപ്പിക്കൂ, ആര് ഭക്തിയോടെ ഭജിക്കുന്നുവോ അവൻ എന്നിലും ഞാൻ അവനിലും സ്ഥിതിചെയ്യുന്നു. ഇതു തന്നെയാണ് യേശുക്രിസ്തുവും പറഞ്ഞത്. അദ്ധ്വാനിക്കുന്നവനും ഭാരം ചുമക്കുന്നവനും എന്റെയടുത്തുവരുവിൻ, എന്നിൽ വിശ്വസിക്കൂ.

ആരെയാണ് നാം ശരണം പ്രാപിക്കേണ്ടത്. തന്നെപ്പോലെയുള്ള ഒരാളിലല്ല. ആത്മസമർപ്പണം ചെയ്യുന്നതിനു മുൻപ് ചില തയാറെടുപ്പുകൾ ചെയ്യേണ്ടതുണ്ട്. ധർമ്മപൂർത്തീകരണമാണ് ആത്മസമർപ്പണത്തിന് ആധാരം. ഇവിടെ പൂജാദി കർമ്മങ്ങൾ മാത്രമല്ല. ഭജന ഒരു വഴി മാത്രം. എപ്പോൾ ഭഗവാനും താനും രണ്ടല്ല, ഒന്നു തന്നെയാണെന്ന തത്ത്വം അറിയാൻ മനസ് പാകപ്പെടുന്നുവോ അപ്പോൾ മാത്രമേ സായൂജ്യത്തിന്റെ പടവുകൾ ചവിട്ടികയറുവാൻ തുടങ്ങുകയുള്ളൂ. വിഷയാസക്തമായ മനസിന് ഇതു സാധിക്കില്ല. ഊർജ്ജസ്വലതയോടുകൂടി മനസുറപ്പിച്ച് പോകുന്ന ഒരുവനെക്കുറിച്ച് ഭഗവാൻ പറയുന്നു, അവൻ വേഗത്തിൽ ധർമ്മാത്മാവായി തീരും. ശാശ്വതമായ ശാന്തിയെ പ്രാപിക്കുകയും ചെയ്യും. അല്ലയോ അർജ്ജുനാ, എന്റെ

ഭക്തൻ നശിക്കില്ല എന്ന് നീ അറിഞ്ഞുകൊള്ളുക. ചുരുക്കത്തിൽ മനസിന്റെ ഏതെങ്കിലും കോണിൽ ആത്മ ബോധം ഉണ്ടാകുകയും മനസിന്റെ വ്യാപാരത്തെ സ്വാധീനിക്കുകയും ചെയ്താൽ ജീവിതവിജയം സുനിശ്ചിതമാണ്. ആത്മാവിന്റെ ദിവ്യത്വത്തെക്കുറിച്ചുള്ള അവബോധം മനുഷ്യമനസിനെ സംരക്ഷിക്കുന്നു. നല്ലവരായ ഗുരുക്കന്മാരിൽ ആത്മസമർപ്പണം ചെയ്യുക എന്നതാണ് ഒരുവന്റെ പരമമായ ലക്ഷ്യം. ഇലക്ട്രിക് ലൈററ് ഒരു പ്രദേശത്തെ മുഴുവൻ വെളിച്ചത്തിൽ ആറാടിക്കുന്നതുപോലെ ജീവിതവെളിച്ചം ആചാര്യന്മാരിലൂടെ, ഗ്രന്ഥങ്ങളിലൂടെ നമ്മളിലെത്തുന്നു. ഇവയെ നമ്മുടെ മനസിലേക്ക് ആവാഹിക്കണമെന്നു മാത്രം. അദമ്യമായ ആ പരമസത്യത്തെ മനസിലാക്കുക, അനുഭവിക്കുക. കണ്ണും ചെവിയും കൂർപ്പിക്ക മാത്രമല്ല, പരിശീലിക്കുക തന്നെ വേണം. സീതാന്വേഷണത്തിനു പുറപ്പെട്ട ഹനുമാനോട് രാമൻ ചോദിച്ചു, നിനക്ക് ലങ്ക എവിടെയാണെന്ന് അറിയാമോ, സീതയെ കണ്ടിട്ടുണ്ടോ. ഇല്ല, ഹനുമാൻ മറുപടി പറഞ്ഞു. രാമൻ ചോദിച്ചു, പിന്നെ നീ എങ്ങനെ പോകും. ഹനുമാൻ പറഞ്ഞു, എന്നോട് ആജ്ഞാപിച്ചത് രാമൻ, ആ രാമൻ തന്നെ അതിനുള്ള വഴിയും കാണിച്ചു തരും. ഈശ്വരകാരുണ്യത്തിന്റെ ഒരു മുത്ത് നമുക്കു ലഭിച്ചാൽ, നാം അത് സ്വീകരിച്ചാൽ അദ്ദേഹം നമ്മളെ കൈവിടില്ല. ഭഗവാനിൽ നാം ആത്മസമർപ്പണം ചെയ്യണമെന്നു വന്നാൽ പിന്നെ ഞാൻ ഇല്ല. ക്രമേണ ആത്മസമർപ്പണത്തിലേക്കു നാം എത്തിച്ചേരും. ആരാണ് പരമപദം പ്രാപിക്കുന്നത് എന്നചോദ്യത്തിന് കൃഷ്ണൻ പറയുന്നു, മാനമോഹങ്ങൾ ഇല്ലാത്തവനും സംഗദോഷത്തെ ജയിച്ചവനും ആത്മതത്വത്തിൽ നിരന്തര നിഷ്ഠയുള്ളവനും കാമനകളിൽ നിന്നും പിന്തിരിഞ്ഞവനും, സുഖദുഃഖാദികളായ ദ്വന്ദ്വങ്ങളിൽ നിന്ന് വിമുക്തനും അമൂഢരും ആയ സാധകന്മാർ ആ അനശ്വരപദം പ്രാപിക്കുന്നു. ഭാരതീയ തത്വശാസ്ത്രം ജീവിക്കാനും പ്രായോഗിക മാക്കാനുമുള്ളതാണ്. ഇതെല്ലാം നിറ വേററാൻ ഗ്രന്ഥങ്ങളും. അത് ജീവിതത്തിൽ പ്രായോഗികമാക്കാനും ശ്രദ്ധിച്ചാൽ ജീവിതകാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പ്രശ്നങ്ങളിൽനിന്ന് രക്ഷപ്പെടാൻ സാധിക്കും. ഈശ്വരാനുഗ്രഹം പൂർണ്ണമായാൽ പരമപ്രധാ നമായ ബ്രഹ്മപദം പ്രാപിക്കാൻ കഴിയും. ഭഗവാൻ പറയുന്നു, കൊടിയ ദുരാചാരിയാണെങ്കിൽ പോലും എന്നെ അന്യചിന്ത കൂടാതെ ഭജിക്കുന്നുവെങ്കിൽ അവനെ നല്ലവനായി ഏതെങ്കിലും ഒരു കോണിൽ ഇത്തരം അവബോധം ഉണ്ടാവുകയാണെങ്കിൽ ആദ്ധ്യാത്മിക പുരോഗതി ഉണ്ടാകും.

തത്വബോധവും സേവന തൽപരതയും ഒത്തുചേരുമ്പോൾ വിജയം സുനിശ്ചിതമാണ്. ആദ്ധ്യാത്മികതയും ഭൗതികതയും ഒത്തുചേരണം. സമ്പദ് സമൃദ്ധി ഉണ്ടായാൽ പോരാ, സന്തോഷവും വേണം. എന്നാൽ സന്തോഷം മാത്രം ഉണ്ടായാൽ പോരാതാനും. വ്യക്തികളിലുണ്ടാകുന്ന പരിവർത്തനമാണ് പ്രധാനം. ഒരിക്കൽ ഒരു ചിത്രകാരൻ തന്റെ ചിത്രങ്ങൾ പ്രദർശനത്തിനു വെച്ചു. ഹൃദയ വാതിലിൽ യേശുദേവൻ വന്നു മുട്ടുന്ന ഒരു പെയിന്റിംഗ് കണ്ട ഒരാൾ ചോദിച്ചു, ഈ വാതിലിനു പിടിയില്ലല്ലോ, പിന്നെയെങ്ങനെ അകത്തു കയറും? അപ്പോൾ ചിത്രകാരൻ പറഞ്ഞു, മനുഷ്യ ഹൃദയത്തിന്റെ വാതിൽ അകത്തു നിന്നു മാത്രമേ തുറക്കാൻ കഴിയൂ. വാതിൽ നാം തുറന്നു കൊടുത്താൽ ഭഗവാനും നല്ല ചിന്തയും അകത്തു കയറും. ജീവിതാനുഭവങ്ങളും അറിവും തമ്മിൽ മാററമുണ്ടാകാം. കുറച്ചു കഷ്ടപ്പെടണമെന്നു മാത്രം. ഒരു ശിൽപിക്ക് രണ്ടു കല്ലു കിട്ടി. ആദ്യത്തെ കല്ലിനോടു ശിൽപി ചോദിച്ചു, മനോഹരമായ ഒരു ശിൽപം നിന്നെ ഉപയോഗിച്ച് ഉണ്ടാക്കട്ടെ. ഒരു കാര്യം. കുറച്ചു സമയം കഷ്ടപ്പെടണം. അപ്പോൾ കല്ല് സമ്മതിച്ചില്ല. രണ്ടാമത്തെ കല്ല് ശിൽപിക്ക് അനുവാദം കൊടുത്തു. ശിൽപി രണ്ടാമത്തെ കല്ലു കൊണ്ട് മനോഹരമായ ഒരു ഗണപതി വിഗ്രഹം ഉണ്ടാക്കി. ഗണപതിവിഗ്രഹത്തെ ആളുകൾ പൂജിച്ചു. ഗണപതി അമ്പലത്തിൽ നാളികേരമുടക്കാൻ നല്ല കല്ലു വേണം. അതെടുക്കാൻ പോയത് ശിൽപി അല്ലാത്തതുകൊണ്ട് അനുവാദം ചോദിച്ചില്ല. അങ്ങനെ ആദ്യത്തെ കല്ല് നാളികേരമുടക്കാൻ ഉപയോഗിച്ചു. എപ്പോഴും വേദന മാത്രം. ആദ്യം കുറച്ചു കഷ്ടപ്പെട്ടാലും അവസാനം നല്ലതു സംഭവിക്കുമെന്നറിയുക.

മനുഷ്യനെ മാററിയെടുക്കുക എളുപ്പമല്ല. കാരണം നാം മനസിനോട് അതു പറഞ്ഞിട്ടില്ല. അടിപതറാതെ വിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ട് മനസും തലച്ചോറും തമ്മിലുള്ള ബന്ധത്തെ ശക്തമാക്കണം. ഭൂമിയിൽ പിറക്കുന്ന നമുക്ക് വ്യക്തമായ ചില ചുമതലകളുണ്ട്. കഴിവിന്റെ പരമാവധി ഉപയോഗിച്ച് അതു ചെയ്യാൻ ശ്രമിക്കണം. നിരന്തരമായ ഇച്ഛാശക്തി തീർച്ചയായും ദുഷിച്ച ചിന്തയെ അകറ്റും. കാട്ടു കള്ളനായ ഒരു ദുരാചാരി വാത്മീകിയായി തീർന്നില്ലേ. ചിന്തയും വാക്കും പ്രവർത്തിയും സ്വഭാവത്തെ സ്വാധീനി ക്കും. നമ്മുടെ

വിധിയെ നിശ്ചയിക്കുന്നതു നാം തന്നെയാണ്. ഉത്തരവാദിത്തത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണ് നാം ദിവസവും നടത്തുന്നത് . അങ്ങനെ പിന്നെയും പിന്നെയും പ്രാരാബ്ധ ത്തിൽ തന്നെ നിലനിൽക്കും. ഒരിക്കൽ ശ്രീരാമകൃഷ്ണൻ പറഞ്ഞ കഥ ഇവിടെ പ്രസക്തമാണ്. ചായക്കച്ചടവടത്തിൽ എല്ലാം നശിച്ച കടക്കാരൻ ഭാര്യയേയും കുട്ടികളേയും ഉപേക്ഷിച്ചു. സന്യസിക്കാൻ തീരുമാനിച്ചു. നാടുവിട്ടു കാശിയിലെത്തി. കുറെ നാൾ കഴിഞ്ഞ് അയാൾ ഭാര്യക്ക് എഴുത്തയച്ചു, ഇവിടെ എനിക്കൊരു ചായക്കടയുണ്ട്. സാമാന്യം നന്നായി പോകുന്നു. താമസിയാതെ നിങ്ങൾക്കു കുറച്ചു പണം അയക്കാം. ഇതാണ് ചിലരുടെ അവസ്ഥ. ഒരു വിഷമം കൊണ്ടു പോയയാൾ, വീണ്ടും വേറൊരു വിഷമം അയാളെ തേടിയെത്തും.

നാം നമ്മുടെ മനസിനെ അറിയുക. സദ് വികാരങ്ങളും സദ്ചിന്തകളും വളർത്തിയെടുക്കുക. അതോടൊപ്പം തന്നെ ഇതിനൊക്കെ കാരണഭൂതമായ പരമ സത്യത്തെ അറിയാൻ ശ്രമിക്കുക. ചൈനാക്കാരുടെ ഒരു പഴഞ്ചൊല്ലുണ്ട്. ഓരോ പഴം കഴിക്കുമ്പോഴും ആ വൃക്ഷം നട്ടവനെ നന്ദിയോടു കൂടി സ്മരിക്കുക. സംശുദ്ധമായ ജീവിതത്തിലൂടെ ആദ്ധ്യാത്മികത നേടി ഭൗതികജീവിതത്തെ ധന്യമാക്കുക●

**വഹ്നിസന്തപ്തലോഹ–**
**സ്ഥാംബു ബിന്ദുനാ**
**സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം**
**ചക്ഷുഃ ശ്രവണഗളസ്ഥമാം ദർദ്ദുരം**
**ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ**
**കാലാഹിനാ പരിഗ്രസ്തമാം ലോകവു**
**മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.**

**(അദ്ധ്യാത്മ രാമായണം)**

# വീട്ടമ്മമാർക്കുള്ള പൊടിക്കൈകൾ



ലക്ഷ്മി മോഹൻ

**1. പൂരിക്ക് മാവ് കുഴയ്ക്കുന്ന സമയത്ത് ഒരു നുള്ള് പഞ്ചസാരയോ അല്പം റവയോ ചേർത്താൽ പൂരിക്ക് നല്ല കരുകരുപ്പുണ്ടാകും.**
**2. ചപ്പാത്തിക്കു കുഴച്ച മാവ് നനഞ്ഞ തുണിയിൽ പൊതിഞ്ഞു വയ്ക്കുക. ഉണങ്ങില്ല.**
**3. ചപ്പാത്തി മാവ് കുഴച്ചത് ബാക്കി വന്നാൽ അൽപം എണ്ണ പുരട്ടി ഒരു Air tight container box ൽ ആക്കി ഫ്രിഡ്ജിൽ വെയ്ക്കുക. ഉണങ്ങിപ്പോവില്ല.**
**4. മൃദുവായ ഇഡ്ഡലി ഉണ്ടാക്കാനായി മാവിൽ 2 ടീസ്പൂൺ നല്ലെണ്ണ ചേർത്ത് പുളിക്കുവാൻ വെയ്ക്കുക.**
**5. ഇഡ്ഡലി മാവ് അരയ്ക്കുന്ന സമയത്ത് ഒരു ടീസ്പൂൺ ഉലുവ, ഒരു പിടി വെന്ത ചോറ്, അല്ലെങ്കിൽ ഒരുപിടി അവൽ എന്നിവ ചേർത്ത് അരച്ചാൽ നല്ല മയം കിട്ടും.**
**6. ദോശമാവ് പെട്ടെന്ന് പുളിക്കണമെങ്കിൽ അതിൽ അൽപം പുളിച്ച തൈര് ചേർക്കുക.**
**7. ഇഡ്ഡലി മാവിൽ കാരറ്റ്, കാബേജ്, ബീൻസ്, ബീറ്റ്റൂട്ട് എന്നിവ ഗ്രേറ്റ് ചെയ്ത് ഇടുക. പോഷക സമൃദ്ധവും, നിറമുള്ളതും, രുചിയുള്ളതുമായ ഇഡ്ഡലി ഉണ്ടാക്കാൻ സാധിക്കും.**
**8. ഇഡ്ഡലിയ്ക്ക് മാവ് അരയ്ക്കുമ്പോൾ ഐസ് വെള്ളമോ, ഐസ് കട്ടയോ ചേർത്ത് അരച്ചാൽ മയം കൂടും.**
**9. ദോശമാവ് പുളിക്കാതിരിക്കാൻ അതിൽ രണ്ടു കഷ്ണം വാഴയില കീറി ഇട്ട് വെച്ചാൽ മതി.**
**10. ദോശമാവ് കൂടുതൽ പുളിച്ചാൽ റവയിൽ പാൽ കലക്കി ചേർക്കുക. പുളി മാറി കിട്ടും.**



സരോജിനി ഗോപിനാഥ്

# വിജയ്ദിവസ്

## ജൂലൈ 26.1999

1999 ജൂലൈ 26 ഈ ദിവസം ഇന്ത്യൻ ജനതയ്ക്ക് മറക്കുവാനാകുമോ? 17 വർഷം മുമ്പ് കാർഗിലിൽ ഉണ്ടായ അതിർത്തി യുദ്ധത്തിൽ ഇന്ത്യൻ സൈന്യം, സൈനികമായും, നയതന്ത്രമായും നിർണ്ണായക നേട്ടം കൈവരിച്ച്, ഇന്ത്യാപാക്ക് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന കാർഗിൽ മേഖലയിൽ ഇന്ത്യൻ ദേശീയ പതാക ഉയർത്തി വിജയം കൈവരിച്ച ദിനം! ഇതിനെ ഇന്ത്യാഗവർമെന്റ് ''വിജയ് ദിവസ്'' എന്ന് പേരിട്ടു വിളിച്ചു. ഒരു സൈനിക ഉദ്യോഗസ്ഥന്റെ ഭാര്യ എന്ന നിലയിലും, ആ യുദ്ധത്തിൽ വീരമൃത്യു വരിച്ചവരുടെ കുടുംബങ്ങളുടെ വേദനകൾ നേരിട്ട് കണ്ടതുകൊണ്ടും ഈ ദിവസത്തിന്റെ പ്രാധാന്യം ഞാൻ ഓർത്തുപോകുകയാണ്.

കാർഗിൽ എന്റെ മനസ്സിൽ വേറെ രണ്ടു പഴക്കം ചെന്ന യുദ്ധഭൂമികളുടെ സ്മരണകൾ ഉണർത്തുന്നു. അവ രണ്ടും അങ്ങകലെ ഇന്ത്യയുടെ വടക്കു കിഴക്കൻ അതിർത്തിയിൽ ആണ് സ്ഥിതി ചെയ്യുന്നത്. എൺപതുകളുടെ ആരംഭത്തിൽ ആ രണ്ടു സ്ഥലങ്ങളും സന്ദർശിക്കുവാനുള്ള ഒരു അവസരം എനിക്കു ലഭിച്ചു. എന്റെ ഭർത്താവ് മണിപൂരിന്റെ തലസ്ഥാനമായ ഇംഫാലിൽ സൈനിക് സ്കൂളിലെ പ്രിൻസിപ്പലായിരുന്ന ആ കാലത്ത്, കാർഗിൽ പോലെ തന്നെ ആ രണ്ടു യുദ്ധഭൂമികളും നിർണ്ണായകമായ പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ബർമയുടെ അതിർത്തിക്കടുത്ത് മണിപൂരിൽ, ഇന്ന് ഉറങ്ങിക്കിടക്കുന്ന ഒരു ചെറിയ ഗ്രാമമായ മൊയ്റാംഗ് ആണ് ആദ്യത്തെ യുദ്ധഭൂമി. മൊയ്റാംഗ് എന്ന വാക്കിന് ഇന്ന് ഒരു പ്രാധാന്യവും ഇല്ല. എന്തുകൊണ്ടെന്നാൽ മൊയ്റാംഗിന്റെ പ്രാധാന്യത്തിന് ഇന്ന് പത്തെഴുപത് വർഷത്തോളം പഴക്കം ചെന്നിരിക്കുന്നു. അതിന് കാർഗിലിനെപ്പോലെ വികാരങ്ങൾ ഉണർത്തുന്ന ബന്ധങ്ങൾ ഇല്ല. എന്നാൽ നാല്പതുകളുടെ തുടക്കത്തിൽ നേതാജി സുബാഷ്ചന്ദ്രബോസിന്റെ നേതൃത്വത്തിൽ INA ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയപ്പോൾ മൊയ്റാംഗിന്ന് പ്രൗഢിയും, പ്രതാപവും ഉണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ മൊയ്റാംഗിൽ ആണ് ആദ്യമായി ഇന്ത്യൻ മണ്ണിൽ സ്വാതന്ത്ര്യത്തിന്റെ ചിഹ്നമായ ത്രിവർണ്ണ പതാക പറത്തിയത്. INA ബർമ്മയിലൂടെ പൊരുതി ഇന്ത്യൻ അതിർത്തിയിൽ എത്തി, അതിർത്തി കടന്ന് ഇന്ത്യൻ മണ്ണിലെ ആദ്യത്തെ ഗ്രാമമായ മൊയ്റാംഗ് പിടിച്ചെടുത്തു. ഇന്ന് അവിടെ ആ യുദ്ധത്തിന്റെ സ്മരണക്കായി ഒരു INA മ്യൂസിയം സ്ഥിതി ചെയ്യുന്നുണ്ട്. പല യുദ്ധ അവശിഷ്ടങ്ങളും, ജപ്പാൻ പട്ടാളക്കാരുടെ അനാഥമായ അസ്ഥികളും മറ്റും അവിടെ സൂക്ഷിച്ചിട്ടുണ്ട്. ദയനീയമായ ഈ കാഴ്ച നമ്മളുടെ മനസ്സിനെ വേദനിപ്പിക്കുന്നതാണ്. ആര്, ആർക്കുവേണ്ടി ത്യാഗം സഹിച്ച് പോരാടി? ഈ ചോദ്യം നമ്മുടെ മനസ്സിനെ അലട്ടുക തന്നെ ചെയ്യും.

മൊയ്റാംഗിൽ ത്രിവർണ്ണ പതാക ഉയർന്നെങ്കിലും പിന്നീട് അത് തിരിച്ച് പിടിക്കപ്പെടുകയും INA തോൽവി അടയു കയും ചെയ്തു എന്നത് വേറൊരു കഥ. പക്ഷെ അന്ന് മൊയ്റാംഗിൽ കത്തിജ്വലിച്ച സ്വാതന്ത്ര്യത്തിന്റെ തീനാളം തന്നെയാണ് കാർഗിൽ

കുന്നുകളിലും ദൃശ്യമായത്. അവിടെ ആദ്യമായി പറന്ന അതേ ത്രിവർണ്ണ പതാക തന്നെയാണ് കാർഗലിലെ ടൈഗർ ഹിൽസ്സിന്റെ മുകളിലും ഇന്ന് പറക്കുന്നത്.

ഞാൻ രണ്ടാമതായി സന്ദർശിച്ച യുദ്ധഭൂമി, അത്ഭുതമെന്ന് പറയട്ടെ, ഒരു ടെന്നീസ് കോർട്ട് ആയിരുന്നു. ഇത് സ്ഥിതി ചെയ്യുന്നത് ഇന്നത്തെ നാഗലാന്റിന്റെ തലസ്ഥാനമായ കോഹിമയിൽ ഡിസ്ട്രിക് കമ്മീഷണറുടെ ബംഗ്ലാവിന്റെ വിശാലമായ പറമ്പിലാണ്. രണ്ടാം ലോകമഹായുദ്ധത്തിന്റെ നാളുകളിൽ ഈ ടെന്നീസ് കോർട്ടിൽ നടന്ന പൊരിഞ്ഞ പോരാട്ടത്തിന് ഒരു പ്രത്യേക പ്രസക്തിയുണ്ട്. എന്തുകൊണ്ടെന്നാൽ ഈ സ്ഥലത്താണ് മുന്നേറുന്ന ജപ്പാൻ പടയെ ഇന്ത്യയും ബ്രിട്ടീഷ് സൈന്യങ്ങളും ചേർന്ന് തടഞ്ഞ് നിർത്തിയത്. ഈ ടെന്നീസ് കോർട്ട് ഇന്നും അന്നത്തെപ്പോലെ തന്നെ സംരക്ഷിച്ച് നിർത്തിയിട്ടുണ്ട്. അതിന്റെ മൂലയിൽ അക്കാലത്ത് ഉണ്ടായിരുന്ന ഒരു ചെറി വൃക്ഷം ഇന്നും പൂത്തു നിൽക്കുന്നു. ആ പഴയ യുദ്ധത്തിന്റെ മൂകസാക്ഷിയായി.

അതിന്റെ അടുത്ത് തന്നെയാണ് കോഹീമയിലെ വലിയതും, അറിയപ്പെടുന്നതുമായ യുദ്ധസെമിത്തേരി കൊഹിമ, നാഗലാന്റിന്റെ തലസ്ഥാനമാണ്. ഈ യുദ്ധസെമിത്തേരിയിലാണ്, നൂറുകണക്കിന് ഇന്ത്യനും, ബ്രിട്ടീഷും ആയ പട്ടാളങ്ങളുടെ വീരയോദ്ധാക്കൾ അന്ത്യവിശ്രമം കൊള്ളുന്നത്. ഓരോ ശവകുടീരത്തിലും വീരഭടൻ മാരുടെ പേരുകളും, റെജിമെന്റുകളും ശിലയിൽ കൊത്തി വച്ചിട്ടുണ്ട്. ആ പേരുകൾ ഇന്നും എന്റെ കൺമുന്നിൽ മിന്നി മറയുന്നു. ഹവിൽദാർ പാണ്ഡെ, സുബോദാർ ജോഗിന്ദർ സിംഗ്, ക്യാപ്റ്റൻ ദേശ്മുഖ്, മേജർ ശങ്കരൻകുട്ടി, നായിക് ഖാൻ മുഹമ്മദ്, സീപ്പോയ്ഘോഷ് ഇന്ത്യയുടെ നാനാ കോണുകളിൽ നിന്നും വന്ന ഈ ചെറുപ്പക്കാർ നിരനിരയായി കോഹീമയിലെ ഈ യുദ്ധ സ്മാരകത്തിൽ നിത്യശാന്തിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ടെന്നീസ് കോർട്ടിലെ നിർണ്ണായക യുദ്ധത്തിനു ശേഷം ഈ സെമിത്തേരിയുടെ നടുവിൽ ഒരു ശിലാസ്തൂപത്തിൽ അവിസ്മരണീയമായ ഒരു സന്ദേശം കൊത്തി വച്ചിട്ടുണ്ട്.

''ഇത് വായിക്കുന്നവരേ, നിങ്ങൾ നിങ്ങളുടെ വീടുകളിലേക്ക് മടങ്ങുമ്പോൾ, ഞങ്ങളെപ്പറ്റി അവിടെയുള്ളവരോട് പറയുക നിങ്ങളുടെ നാളേകൾക്കു വേണ്ടി ഞങ്ങൾ ഞങ്ങളുടെ ഇന്ന് ബലിയർപ്പിക്കുന്നു.''

എന്ത് ഹൃദയസ്പർശിയായ സന്ദേശം. എന്റെ ഹൃദയത്തിലെവിടെയോ ഒരു തേങ്ങൽ അനുഭവപ്പെട്ടു.

കാർഗിൽ ആയാലും, മൊയ്റാംഗ് ആയാലും കാഷ്മീർ ആയാലും ആ യുദ്ധഭൂമിയിൽ മരിച്ചു വീണ യോദ്ധാക്കളെയും, അവരുടെ സേവനങ്ങളെയും ആരും പിന്നീട് ഓർക്കാറില്ല എന്നത് ഒരു ദുഃഖസത്യം മാത്രമാണ് മരിച്ചു വീണ ഒരു ജവാൻ ഒരു നവവധു പോലെ ആണ് എന്ന് ഒരു മഹാൻ അഭിപ്രായപ്പെട്ടത് ഓർത്തു പോകുകയാണ്. വിവാഹ ദിവസം ആ വധുവാണ് എല്ലാവരുടെയും ശ്രദ്ധാകേന്ദ്രം. സദ്യ ഉണ്ട്, മുടും തട്ടി പോകുന്ന ജനം പിന്നെ അവരെ ഓർക്കാത്തതുപോലെ രണഭൂമിയിൽ മരിച്ചു വീണ സൈനികന്റെ അലങ്കോലമായ മൃതദേഹം പ്രത്യേകം വിമാനത്തിൽ നാട്ടിൽ എത്തിച്ച് ഗൺ സല്യൂട്ട് കൊടുത്ത്, എല്ലാവിധ ബഹുമതികളോടെ അന്ത്യകർമ്മങ്ങൾ കഴിപ്പിച്ച്, മരിച്ചവരുടെ ബന്ധുക്കളെ തൊട്ട് തലോടി, VIP കൾ സ്ഥലം വിടുന്നു. അവരുടെ ഫാമിലിക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ അന്തസ്സോടെ പ്രഖ്യാപിച്ചുവെങ്കിലും, ആ വക കാര്യങ്ങൾ പ്രാവർത്തികമായോ എന്ന് ഉത്തരവാദപ്പെട്ടവർ അന്വേഷിക്കാറില്ലെന്ന് മനസ്സിലാകുമ്പോൾ ഈ മഹത്തായ സേവനത്തിന് എന്ത് വിലയാണ് കല്പിക്കേണ്ടത് എന്ന് ദുഃഖത്തോടെ ഓർത്തു പോകുകയാണ്. കാർഗിൽ യുദ്ധത്തിൽ മരിച്ചവരുടെ ഫാമിലിക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ ചുവപ്പു നാടയിൽ കുടുങ്ങി കിടക്കുകയാണെന്ന് ഒരു ടി.വി റിപ്പോർട്ടിൽ കണ്ടപ്പോൾ അതിയായ ദുഃഖം തോന്നി. അണിഞ്ഞൊരുങ്ങിയ നവവധുവും, മരിച്ച് മരവിച്ച ശരീരവുമായി എത്തിയ ജവാനും കാലയവനികക്കുള്ളിൽ മറിഞ്ഞ് മറഞ്ഞ് പോവുകയല്ലേ? മരിച്ചു പോയ ജവാന്റെ നഷ്ടം, അവരുടെ മാതാപിതാക്കളുടെയും, ഭാര്യയുടെയും, മക്കളുടെയും സ്വന്തം സ്വകാര്യ ദുഃഖമായിത്തീരുന്നു. കാലം ഏതു ദുഃഖത്തേയും മെല്ലെ, മെല്ലെ മായ്ച്ചു കളയട്ടെ എന്ന് ആശിക്കാം!

പണ്ടത്തെ മൊയറാംഗ് ആയാലും, കോഹിമയായാലും, പിന്നീട് കാർഗിൽ ആയാലും കാഷ്മീർ ആയാലും യുവരക്ത സാക്ഷികൾ നമ്മുടെ നാളേയ്ക്ക് വേണ്ടി മഹത്തായ ത്യാഗം ചെയ്തവരാണ്. നമ്മൾ അവരെ ആദരവോടും ഗർവ്വോടും ഉപകാരസ്മരണയോടും കൂടി ഓർക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ എല്ലാം നാളേകൾ അവരാണ് സുരക്ഷിതമാക്കിയത്. അവരുടെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്,

ജയ് ഹിന്ദ് •

കർക്കിടകം

# മാസഫലം


ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 9447696190, 9447354306



**ജ്യോതിഷാചാര്യ വിജയ മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക കാൽ)** ആറിൽ വ്യാഴവും 8 ൽ ശനിയും അഞ്ചിൽ രാഹുവും സഞ്ചരിക്കുന്ന കാലമായതിനാൽ ആരോഗ്യസ്ഥിതി മോശമാവും. ഔദ്യോഗിക കാര്യങ്ങളിൽ നേട്ടമുണ്ടാകും. മത്സരപരീക്ഷകളിൽ വിജയിക്കും. സൽഗുണങ്ങളും സൽ കീർത്തിയും വന്നു ചേരാം. പുതിയ ബന്ധങ്ങൾ അനുകൂലമാകും. വിവാഹ തീരുമാനങ്ങൾ ഉണ്ടാകും. വ്യാഴപ്രീതിക്കും ശനിപ്രീതിക്കുവേണ്ടി ജപാദികൾ നടത്തുക. ദാനം ചെയ്യുക.



**ഇടവക്കൂറ് (കാർത്തിക മുക്കാൽ, രോഹിണി, മകയിരം പകുതി)** ദൈവാധീനമുള്ള കാലം. അതിനാൽ തന്നെ ആരോഗ്യ സ്ഥിതി മെച്ചമാകും. എങ്കിലും കണ്ടകശനിക്കാലമായതിനാൽ കുടുംബ സംബന്ധമായി കലഹങ്ങൾ , ദാമ്പത്യ സുഖക്കുറവ് എന്നിവയും ആയുധം, അഗ്നി ഇവയാലുള്ള കഷ്ടഫലാനുഭവങ്ങളും വന്നു ചേരാവുന്നതാണ്. ഭൂമി സംബന്ധമായ ക്രയവിക്രയങ്ങൾക്ക് തടസ്സം നേരിടാം. രാഹുപ്രീതി വരുത്തുക.



**മിഥുനക്കൂറ് (മകയിരം പകുതി, തിരുവാതിര, പുണർതം മുക്കാൽ)** കുടുംബ സ്വത്തുക്കൾ അനുഭവ യോഗ്യമാകും. ഗൃഹം വാങ്ങുവാനോ, പണിയുവാനോ പറ്റിയ സമയമാണ്. പുതിയ വാഹനം വാങ്ങുവാൻ നല്ല സമയം. പിതൃതുല്യരായവരുടെ വേർപാടുണ്ടാകാം. മത്സരപരീക്ഷകളിൽ വിജയിക്കും. ഭാഗ്യം അടുത്തു വരെ വന്നിട്ട് ലഭിക്കാതെ പോകാം. ശനിപ്രീതി വരുത്തുകയും ശിവപഞ്ചാക്ഷരി ജപിക്കുകയും ചെയ്യുക.



**കർക്കിടകക്കൂറ് (പുണർതം കാൽ, പൂയം, ആയില്യം)** പല തരത്തിലുള്ള മാനസീക പ്രശ്നങ്ങൾ ഉണ്ടാകാവുന്നതാണ്. ഹൃദയസംബന്ധമായ ശസ്ത്രക്രിയകൾ നേരിടേണ്ടി വന്നേക്കാം. വീടുവിട്ടു താമസിക്കേണ്ടിയും വരാം. കുട്ടികൾ മത്സരപരീക്ഷകളിൽ വിജയിക്കും. വ്യവസായ മേഖലയിൽ നേട്ടങ്ങൾ പ്രതീക്ഷിക്കാം. ഭൂമി സംബന്ധമായി പ്രശ്നങ്ങൾ കാണുന്നുണ്ട്. ശനിപ്രീതി വരുത്തുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം കാൽ)** കണ്ടകശനിക്കാലമാണ്. കുടുംബത്തിൽ അനൈക്യം വളരും. സർപ്പസംബന്ധമായുള്ള കഷ്ടങ്ങളും നേരിടാം. വളരെയധികം ശ്രദ്ധിച്ചു മുന്നോട്ടു പോകുക. വീടു പണി തടസ്സപ്പെടാം. കരാർ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന ജോലികൾ മുടങ്ങിപ്പോകാം. തിരുമാനിച്ച വിവാഹം മാറ്റേണ്ടി വന്നേക്കാം. ദൈവാധീനത്താൽ ദോഷങ്ങൾക്ക് കുറവുണ്ടാകും.



**കന്നിക്കൂറ് (ഉത്രം മുക്കാൽ, അത്തം, ചിത്തിര പകുതി)** ആരോഗ്യ സ്ഥിതി മെച്ചമായിരിക്കും. വിവാഹാലോചനകൾ വന്നുചേരുകയും അനുകൂലമാവുകയും ചെയ്യും. കഴുത്ത്, തോൾ ഭാഗങ്ങളിൽ രോഗസാദ്ധ്യത കാണുന്നു. മനസ്വസ്ഥത കുറയും, അതുമൂലം തീരുമാനങ്ങൾ നടപ്പിലാക്കുവാൻ വിഷമിക്കും. ധനപരമായി സമയം നന്നല്ല. ദേവീപ്രീതി വരുത്തുക.



**തുലാക്കൂറ് (ചിത്തിര പകുതി ചോതി, വിശാഖം മുക്കാൽ)** ഏഴരശനിക്കാലം തുടരുന്നു. വ്യാഴം മറഞ്ഞു നിൽക്കുകയാൽ ഇശ്വരാധീനക്കുറവുണ്ട്. പരീക്ഷകളിൽ ഉദ്ദേശിക്കുന്ന വിജയം ഉണ്ടാകില്ല. വാക്ക് സൂക്ഷിച്ചുപയോഗിച്ചില്ലെങ്കിൽ തിക്താഫലാനുഭവം ഉണ്ടാകാം. കേസുകളിൽപെട്ട വസ്തുവകകൾ അന്യാധീനമാകുവാൻ സാദ്ധ്യത കാണുന്നു. വിഷ്ണു പ്രീതിയും ദേവിപ്രീതിയും വരുത്തുക.




**വൃശ്ചികക്കൂറ് (വിശാഖം കാൽ, അനിഴം, തൃക്കേട്ട)** ജന്മ ശനിയായതിനാൽ ആരോഗ്യപരമായി വളരെയധികം ശ്രദ്ധിക്കേണ്ട സമയമാണ്. ശിരോരോഗമോ ക്ഷതമോ സംഭവിക്കുക. അഗ്നിഭയം, അസ്ഥിസംബന്ധമായി ഒടിവു ചതവുകൾ, വാതദോഷം എന്നിവ സംഭവിക്കാവുന്നതാണ്. ഭൂമിക്രയവിക്രയങ്ങളും വ്യവഹാരങ്ങളും നഷ്ടത്തിൽ കലാശിക്കും. സാമ്പത്തീകമായി കാലം നന്ന്. ഈശ്വരധീനം ഉണ്ട്. ശനിപ്രീതി വരുത്തുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം കാൽ)** ഏഴരശനിയുടെ ആദ്യഭാഗമാണ്. ഭൂമിസംബന്ധമായ ഇടപാടുകൾ നഷ്ടത്തിൽ കലാശിക്കും. ഭൃത്യരിൽ നിന്നും കള്ളൻമാരിൽ നിന്നും ഉപദ്രവങ്ങളുണ്ടാകും. സഹോദരങ്ങളുമായി കലഹത്തിനു സാദ്ധ്യത. പിതാവിന് അസുഖങ്ങൾ ഉണ്ടാകാം. പിതാവിന് ഉദ്യോഗത്തിൽ ഉയർച്ച മുതലായവയും ഭാഗ്യലബ്ധിയും ഉണ്ടാകും. ശനിപ്രീതി വരുത്തുക.



**മകരക്കൂറ് (ഉത്രാടം, മുക്കാൽ, തിരുവോണം, അവിട്ടം പകുതി)** ശിരസ്സിനും കണ്ണിനും അസുഖങ്ങൾ വരാം. അഗ്നി, ജലം, എന്നിവയിൽ നിന്ന് കഷ്ടസാദ്ധ്യത കാണുന്നു. സമൂഹത്തിൽ തന്റെ കർമ്മമേഖല പുഷ്ടിപ്പെടുത്തും.സാമൂഹികമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒത്തു വരും. വ്യാപാരസ്ഥാപനങ്ങളുമായി സാമ്പത്തിക ഇടപാടുകളുണ്ടാകും. ഈശ്വരാധീനത്താൽ ഒട്ടേറെ വിഷമതകൾക്ക് ശമനം ഉണ്ടാകും.



**കുംഭക്കൂറ് (അവിട്ടം പകുതി, ചതയം, പൂരൂരുട്ടാതി മുക്കാൽ)** കണ്ടകശനിക്കാലം. കർമ്മമേഖലയിൽ തടസ്സം നേരിടും. കുടുംബത്തിൽ സ്വസ്ഥതക്കുറയും. വിവാഹങ്ങൾ മാറിപ്പോകുകയോ, മാറ്റിവക്കേണ്ടിയോ വരും. അഷ്ടമവ്യാഴം, കഷ്ടതകൾ നിറഞ്ഞ സമയം. ഏതു കാര്യത്തിലും തടസ്സങ്ങൾ നേരിടാം. സംഘടനാ നേതൃത്വ പദവികളും അധികാരങ്ങളും വന്നു ചേരാം. ശനിപ്രിതിയും വ്യാഴപ്രീതിയും വരുത്തുക.



**മീനക്കൂറ് (പൂരുരുട്ടാതി കാൽ, ഉതൃട്ടാതി, രേവതി)** നഷ്ടപ്പെട്ട അധികാരങ്ങൾ തിരിച്ചു കിട്ടും. സഹോദര ഗുണമുണ്ടാകും. ഉന്നതവിദ്യാഭ്യാസം നേടും. പരീക്ഷകളിൽ ഉന്നതസ്ഥാനം ലഭിക്കും. പൊതുവേ ഈശ്വരാധീനമുള്ള കാലമാണ്. സ്വർണാദിവ്യാപാരം മെച്ചമാകും. ശിവപഞ്ചാക്ഷരി ജപിക്കുക.

**ഞായർ, ചൊവ്വ ഒഴികെയുള്ള ദിവസങ്ങളിൽ**
**9 am to 1 pm വരെ**
**ജ്യോതിഷിയുടെ സേവനം ലഭ്യമാണ്**

## 1192 ാം ആണ്ട് ചിങ്ങമാസം മുതൽ ഒരു വർഷക്കാലം മേടം മുതൽ മീനം രാശി വരെയുള്ള 27 നക്ഷത്രക്കാർക്കും അനുഭവത്തിൽ വരുന്ന പൊതുവായ ഫലങ്ങൾ. സ്വന്തം ജാതകം കൂടി പരിഗണിച്ചു മാത്രമേ പൂർണ്ണ ഫലം അറിയുവാൻ കഴിയൂ. ആഗസ്റ്റ് 11-ാം തീയതി വ്യാഴം രാശി മാറുകയാണ്.

**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക കാൽ)**

മേടക്കൂറുകാർക്ക് വ്യാഴം ആറാം ഭാവത്തിലും ശനി എട്ടാം ഭാവത്തിലും രാഹു അഞ്ചാം ഭാവത്തിലും നിൽക്കുന്നു. 2017 ജനുവരിയിൽ ശനിയും രാശി മാറി ഒമ്പതാം ഭാവത്തിലേക്ക് എത്തും. ആരോഗ്യസ്ഥിതി സദാ മോശമായിരിക്കും. ഹൃദയസംബ ന്ധമായ ശസ്ത്രക്രിയകൾക്കു വിധേയമാകേണ്ടി വരും. ശത്രുക്കളെ ക്ഷണിച്ചു വരുത്തും. സഹോദരങ്ങളിൽ നിന്നും തിക്താനുഭവങ്ങൾ ഉണ്ടാകും. കേസു വഴക്കുകളും കോടതി വ്യവഹാരവും സ്വസ്ഥത നശിപ്പിക്കും. പിതൃസ്ഥാനീയർക്ക് രോഗാദിക്ലേശങ്ങൾ ഉണ്ടാകും.കുടുംബത്തിൽ വിശേഷ ചടങ്ങുകൾ വിവാഹം എന്നിവയ്ക്ക് അനുകൂല സമയമാണ്. സന്താനങ്ങൾക്കു വേണ്ടി കൂടുതൽ ധനം ചിലവാകും. ഔദ്യോഗികമായി അപ്രതീക്ഷിത സ്ഥലമാറ്റമുണ്ടാകാം. കള്ളൻമാരിൽ നിന്നും മിത്രങ്ങളിൽ നിന്നും ഉപദ്രവങ്ങളും ഉണ്ടാകും. പൊതുവെ ഈ വർഷം ദോഷങ്ങൾ ഏറിയും ഗുണങ്ങൾ കുറഞ്ഞുമിരിക്കും. ദോഷപരിഹാരത്തിന് വിഷ്ണുഭജനം അനിർവാര്യം. ദിവസവും ഭാഗ്യസൂക്തം ജപിക്കുക. നരസിംഹമന്ത്ര ജപത്താൽ ശത്രുദോഷം മാറിക്കിട്ടും.

**ഇടവക്കൂറ് (കാർത്തിക മുക്കാൽ, രോഹിണി, മകയിരം 1/2)**

അഞ്ചാം ഭാവത്തിൽ വ്യാഴവും, ഏഴാം ഭാവത്തിൽ ശനിയും, നാലാം ഭാവത്തിൽ രാഹുവും നിലക്കൊള്ളുന്നു. ജനുവരിക്കു ശേഷം ശനി അഷ്ടമത്തിലും നിലകൊള്ളും. അഞ്ചിലെ വ്യാഴസ്ഥിതിയും ഇടവത്തിലേക്കുള്ള വ്യാഴത്തിന്റെ വിശേഷദൃഷ്ടിയും ശുഭസൂചകമാണ്. കാലങ്ങളായി അനുഭവിച്ചു വന്ന യാതനകൾക്ക് പരിഹാരമായി വ്യാഴം അനുകൂല ഭാവത്തിൽ വന്നിരിക്കുന്നു. സന്താനസുഖം ലഭിക്കും. ദൈവീക കാര്യങ്ങൾക്കും മറ്റും തീർത്ഥയാത്രകൾ നടത്തും. ഉദ്യോഗസംബന്ധമായ പരിശ്രമങ്ങൾ സഫലമാകും. വിദേശയാത്രയ്ക്ക് അവസരങ്ങൾ വന്നു ചേരും. രാഷ്ട്രീയ പ്രവർത്തകർക്ക് കാലം അത്ര നന്നല്ല. ദാമ്പത്യ ജീവിതത്തിൽ വിള്ളലുകൾ വീഴാം. വിവാഹങ്ങൾ മുടങ്ങി പോകാനും സാദ്ധ്യത കാണുന്നു. കണ്ടകശനിക്കാലമായതിനാൽ ജനുവരി വരെ കാലം വിവാഹദാമ്പത്യ കാര്യങ്ങളിൽ മോശമായി അനുഭവപ്പെടും. വാതാദിരോഗങ്ങൾ അലട്ടും. ശനിപ്രീതി വരുത്തേണ്ടതാണ്. പുതിയ വസ്തുക്കൾ വാങ്ങുവാനും മറ്റും അവസരം വന്നു ചേരും. വിദേശയാത്രാ തടസ്സങ്ങൾ മാറിക്കിട്ടും. ശിവപഞ്ചാക്ഷരി ജപിക്കുന്നതും ശാസ്താവിനെ പ്രീതിപ്പെടുത്തുന്ന മന്ത്രങ്ങൾ ജപിക്കുന്നതും ദോഷകാഠിന്യങ്ങൾ കുറയ്ക്കും.

**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം മുക്കാൽ**

നാലാമെടത്തു വ്യാഴവും ആറാമെടത്തു ശനിയും മൂന്നാമെടത്തു രാഹുവും സ്ഥിതി ചെയ്യുന്നു. ജനുവരിക്കുശേഷം ശനി ഏഴാമെടത്തേക്കു മാറുകയും ചെയ്യും. നാലിലെ വ്യാഴം പൊതുവേ പ്രതികൂല അനുഭവങ്ങൾ ഉണ്ടാക്കും. കുടുംബബ ന്ധങ്ങളിൽ വിള്ളൽ വീഴാതെ ശ്രദ്ധിക്കണം. ഭൂമിസംബന്ധമായ വ്യവഹാരങ്ങളിൽ ഇടപെട്ടിരിക്കുന്നവർക്ക് വിജയ പ്രാപ്തിക്കായി വളരെയധികം ശ്രമങ്ങൾ ആവശ്യ മാകും. തൊഴിൽ വിജയം നേടാൻ അത്യദ്ധ്വാനം വേണ്ടി വരും. സാമ്പത്തികമായി ചിലവ് അധികരിക്കും. പണം ഇറക്കിയിട്ടുള്ള പദ്ധതികൾ ആലോചന യിൽ വരാം. വിദേശയാത്ര അനുകൂലമാകാം. നല്ല മുഹൂർത്തം നോക്കി വേണം തീരുമാനത്തിലെത്താൻ. ജോലിമാറ്റം ശുഭപ്ര ദമല്ല. കുടുംബത്തിൽ പലതര അസ്വസ്ഥതകളും അനുഭവപ്പെടും. ജനുവരിക്കുശേഷം ദാമ്പത്യ കലഹങ്ങളും, രോഗങ്ങളും വരാവുന്നതാണ്. വിവാഹത്തിനും കാലതാമസമുണ്ടാകും. മാതൃസ്ഥാ നീയർക്ക് ദുഃഖവും മാനസിക പിരിമുറുക്കവും ഉണ്ടാകുന്നതാണ്. അനാവശ്യബന്ധങ്ങളിൽ ചെന്നു ചാടിയാൽ അത് തീരാദുഃഖത്തിനിട വരുത്തും. ഭാഗ്യസ്ഥാനത്തെ കേതുവും കാര്യ തടസ്സം ഉണ്ടാക്കും. ദോഷപരിഹാരമായി എല്ലാ വ്യാഴാഴ്ചയും ഉദയം മുതൽ ഒരു മണിക്കൂർ നേരത്തിനുള്ളിൽ ആദിത്യ ന മസ്കാര മന്ത്രവും വ്യാഴഗ്രഹണ നമസ്കാരമന്ത്രവും ജപിക്കുക.

**കർക്കിടക കൂറ് (പുണർതം കാൽ, പൂയം, ആയില്യം)**

മൂന്നാം ഭാവത്തിൽ വ്യാഴവും അഞ്ചിൽ ശനിയും രണ്ടിൽ രാഹുവും സ്ഥിതി ചെയ്യുന്നു. പല വിധത്തിലുള്ള മാനസികപ്ര ശ്നങ്ങൾ അനുഭവിക്കേണ്ടി വരാവുന്നതാണ്. മൂന്നിലെ വ്യാഴം മുറവിളി കൂട്ടുമെന്നാണ്. ശനിയുടെ സ്ഥിതിയാൽ മാനസിക പ്ര യാസങ്ങൾ അധികരിക്കും. സ്ഥാനമാനങ്ങൾ പലതും കൈവിട്ടു പോകും. ആരോഗ്യസ്ഥിതി മോശമാകും. ആശുപത്രിവാസവും വേണ്ടി വരുന്നതാണ്. ആവശ്യമില്ലാത്ത സകല കാര്യങ്ങളിലും ഇടപെട്ട് അവസാനം അബന്ധമായെന്ന് വിലപിക്കും. ഉദ്യോഗ പ്രാപ്തിക്കായി ധനം അധികമായി ചിലവാക്കേണ്ടി വരും. രാ ഷ്ട്രീയത്തിലും അധികാരസ്ഥാനങ്ങളിലും ഇരിക്കുന്നവർ സ്വന്തം പ്രവർത്തിമൂലം വിഷമിക്കേണ്ടിവരും. സന്താനാരിഷ്ടതകൾ ഉണ്ടാകും. സന്താനങ്ങൾക്കു വേണ്ടി അധിക ചിലവും വന്നു ചേരും. സഹോദര സ്ഥാനീയർക്ക് നല്ല കാലമാണ്. തിരിച്ച് പരാതിയും കേൾക്കേണ്ടി വരും. കോടതി വ്യവഹാരങ്ങൾ അനുകൂലമാകും. വിവാഹം നടക്കാവുന്ന കാലമാണ്. മറ്റൊരു തൊഴിൽ ഉറപ്പാകാതെ തൊഴിൽ മാറ്റം അരുത്. കുടുംബത്തിൽ മംഗള കർമ്മങ്ങൾ നടക്കാം. ദോഷപരിഹാരങ്ങൾക്കായി ഭാഗ്യസൂക്തം ജപിക്കുക. ശനിപ്രീതികരമായ ധ്യാനങ്ങളും വേണ്ടതാണ്.

**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം കാൽ)**

